# സഞ്ചാരികൾ കണ്ട കേരളം

പി എ സെയ്തുമുഹമ്മദ്

# സഞ്ചാരികൾ കണ്ട

# കേരളം

ഗ്രന്ഥകർത്താ:

പി എ സെയ്തുമുഹമ്മദ്

# പ്രസ്താവന

ചരിത്രസാഹിത്യത്തിന് അർഹിക്കുന്നത്ര പ്രാധാന്യം മലയാളഭാഷയിൽ ലഭിച്ചിട്ടില്ലെങ്കിലും ആശാവഹമായ പുരോഗതി പ്രസ്തുത മാർഗ്ഗത്തിൽ കണ്ടുതുടങ്ങിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ജനസമുദായത്തിന്റെ സാംസ്ക്കാരിക പുരോഗതിയിൽ ചരിത്രത്തിന്ന് മഹത്തായ സംഭാവനകൾ നല്കാൻ കഴിയുമെന്നത് ഒരു യാഥാർത്ഥ്യമാണ്. വളരുന്ന ജനതയ്ക്ക് ചരിത്രപഠനം അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു.

കേരളചരിത്രത്തെ സംബന്ധിക്കുന്ന എന്റെ പ്രഥമഗ്രന്ഥമായ ചരിത്രകേരളത്തിന്ന് ഹാർദ്ദവമായ സ്വീകരണം നൽകിയ സഹൃദയരുടെ മുമ്പിൽ ശുഭാപ്തിവിശ്വാസത്തോടുകൂടി സഞ്ചാരികൾ കണ്ട കേരളവും സമർപ്പിക്കുന്നു. ഇടക്കിടക്ക് പത്രങ്ങളിലെഴുതിയ ചരിത്രസംബന്ധമായ ലേഖനങ്ങളുടെ ഒരു സമാഹാരമാണ് സഞ്ചാരികൾ കണ്ട കേരളം. സാമ്പത്തിക ഭദ്രതയും സാംസ്ക്കാരിക പുരോഗതിയും കൈകോർത്ത് പിടിച്ച് നിന്നിരുന്ന പുരാതന കേരളത്തിന്റെ ചിത്രം 'സഞ്ചാരികൾ' ഈ ഗ്രന്ഥത്തിലൂടെ നല്കുന്നു. ഭിന്നരുചിക്കാരുൾക്കൊള്ളുന്ന വിധികർത്താക്കളായ വായനക്കാരുടെ അംഗീകരണം പ്രതീക്ഷിച്ചുകൊണ്ട് .........

സസ്നേഹം

പി.ഏ.സെയ്തുമുഹമ്മദ്.

# ഉള്ളടക്കം

സഞ്ചാരികൾ കണ്ട ഓണം ...............................4
ആലമിയുടെ കേരളയാത്ര...............................11
പ്രാചീന കൊടുങ്ങല്ലൂർ...................................20
കേരളം ജൂതേതിഹാസങ്ങളിൽ ........................27
ന്യൂഹോഫ് കണ്ട കേരളം...............................37
ഇബ്നുബതൂത്ത കേരളത്തിൽ .........................44
തുഹ്ഫത്തുൽ മുജാഹിദിന്റെ കാലം................50
ലക്ഷദ്വീപുകളുടെ ഇതിഹാസം .......................59

# സഞ്ചാരികൾ കണ്ട ഓണം

ഐതിഹാസികമായ ഒരു മഹാസംഭവത്തിന്റെ സ്മരണയ്ക്കായി മലയാളികളിന്നും ഓണമാഘോഷിക്കുന്നു. കാലം പുരോഗമിക്കുന്തോറും ഓണം ഒരു സമുദായത്തിന്റെ ഒരു പ്രത്യേകാഘോഷമായി പരിണമിക്കുകയും ചെയ്യുന്നു. ചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കുമ്പോൾ പുരാതന കേരളത്തിലെ ഓണാഘോഷങ്ങൾ ഇന്നത്തേതിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നുവെന്ന് മനസ്സിലാക്കാം. പല കാലങ്ങളിലായി കേരളം സന്ദർശിച്ചിട്ടുള്ള വിദേശീയസഞ്ചാരികൾ കേരളീയരുടെ ഓണത്തെ ഒരു ദേശീയോത്സവമായിട്ടാണ് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പതിനൊന്നാം നൂററാണ്ടിൽ കേരളം സന്ദർശിച്ച പ്രശസ്ത ചരിത്രാന്വേഷകനായ അൽ-ബറൂണി ഗ്രീക്കുകാരുടെ പ്രാചീന ഫണ്ണിയ ഒളിമ്പിക്കിനോടും, 1154-ൽ കേരളത്തിലെത്തിയ അൽഇദ്രിസി ടുണീഷ്യരുടെ റാബിസാ ആഘോഷത്തോടും, 1159-ൽ പര്യടനം നടത്തിയ ബഞ്ചമിൻ മംഗോളിയക്കാരുടെ ഷാഷൂജാ ഉത്സവത്തോടും നമ്മുടെ ഓണാഘോഷത്തെ താരതമ്യപ്പെടുത്തിയിട്ടുണ്ട്. ഓണം ഒരു മഹത്തായ റിപ്പബ്ലിക്കൻ ആഘോഷമായിട്ടാണ് പുരാതനകേരളീയർ കൊണ്ടാടിയിരുന്നതെന്ന് ചരിത്രരേഖകൾ വിളിച്ചുപറയുന്നു. മതത്തിനും ജാതിക്കുമതീതമായി ക്ഷേമരാഷ്ട്രത്തിലെ സംതൃപ്തരായ നമ്മുടെ പൂർവ്വികൻമാർ സാഘോഷംകൊണ്ടാടിയ ആ സുവർണ്ണകാലഘട്ടം നമുക്കിന്ന് സ്വപ്നമായിത്തീർന്നിരിക്കുന്നു.

കേരളക്കരയിൽ ആദ്യമായി കുടിയേറിപ്പാർത്ത ജൂതന്മാരും തദനന്തരം പ്രവേശിച്ച ക്രിസ്ത്യാനികളും മുസ്ലീമിങ്ങളും തങ്ങളുടെ ദേശീയോത്സവമായി ഓണത്തെ അംഗീകരിച്ചിരുന്നു. പോർത്തുഗീസ്സുകാരുടെ ആക്രമണത്തിനുമുമ്പ് കേരളത്തിലെ വ്യാപാരപ്രമുഖനായിത്തീർന്ന ജൂതപ്രമാണിയായ ജോസഫ് റബ്ബാൻ ഭാസ്ക്കരവർമ്മ രാജാവിന് വിദേശസാധനങ്ങൾ ഓണം പ്രമാണിച്ച് സമ്മാനിക്കുകയും ഒരു വ്യാഴവട്ടക്കാലത്തെ ഓണാഘോഷത്തിന്റെ മേൽനോട്ടം ഭാസ്ക്കരവർമ്മ അദ്ദേഹത്തിന് നൽകുകയും

ചെയ്തതായി ചരിത്രകാരനായ ജോസഫ് മിഡിൽട്ടൺ പ്രസ്താവിക്കുന്നു. ജൂതന്മാരെപ്പോലെ ക്രിസ്ത്യാനികളും മുസ്ലീമിങ്ങളും ഓണാഘോഷങ്ങളോടനുബന്ധിച്ച് ചുമതലകൾ വഹിച്ചിരുന്നു. ക്രി: 954–ൽ പാണ്ഡിപ്പെരുമാൾ കൊടുങ്ങല്ലൂർ വിളിച്ചുകൂട്ടിയ പണ്ഡിതസദസ്സിൽവെച്ച് ക്രിസ്ത്യാനികൾക്കും മതവിശ്വാസികൾക്കും ഓണമത്സരം നടത്താനും ആഘോഷം ഭംഗിയാക്കാനും അനുമതി നല്കി. അന്നത്തെ ഓണത്തിന് വെട്ടത്ത് നാട്ടുകാരുടെ കായികമത്സരങ്ങൾ പ്രസിദ്ധമായിരുന്നു. ആയോധന വിദ്യയിൽ പ്രാവീണ്യം സമ്പാദിച്ചിട്ടുള്ള ആളുകൾ ''ഓണപ്പന്തി''യിൽ തങ്ങളുടെ അഭ്യാസങ്ങൾ പ്രകടിപ്പിക്കും. അതിന് സമ്മാനം നിശ്ചയിക്കുവാനും മററുമായി ന്യായാധിപന്മാരായി ക്രിസ്ത്യാനികളെയും മുസ്ലീമീങ്ങളെയും രാജാവ് നിയമിക്കാറുണ്ട്. കലിയുഗ വർഷാരംഭമായ A D444–ൽ അക്ഷയ പാത്രചേരൻ എന്ന ധാർമ്മികചക്രവർത്തിയാണ് കേരളമൊട്ടുക്കും പ്രാതിനിധ്യമുള്ള മഹാസമ്മേളനം വിളിച്ചുകൂട്ടിയതെന്ന് സിലോൺ ബുദ്ധമിഷ്യനറിമാരുടെ ചരിത്രരേഖകളിൽ കാണുന്നു. ബുദ്ധമതപ്രചാരകനും ചരിത്രകാരനുമായ അഗസ്ത്യാനന്ദൻ ''ദക്ഷിണേന്ത്യയിൽ ബുദ്ധമതത്തിന്റെ പ്രാബല്യം'' എന്ന ചരിത്രഗ്രന്ഥത്തിൽ മഹാബലി ചക്രവർത്തിയേയും അദ്ദേഹത്തിന്റെ പേരിൽ ഘടിപ്പിക്കപ്പെട്ടിട്ടുള്ള ഓണച്ചടങ്ങുകളെയുംപററി ഇങ്ങിനെ പറയുന്നു. ''പ്രജാതല്പരനായ ചരിത്ര പുരുഷനായിരുന്നു മഹാബലി. കേരളീയരുടെ സൌശീല്യവുംധാർമ്മികഭാവവും മഹാബലി ചക്രവർത്തിയിൽനിന്ന് ലഭിച്ചതായിരിക്കണം. ഒരാൾക്കും അല്ലലും ആപത്തും വരുത്താതെ സന്തോഷത്തോടുകൂടി പ്രജകൾ ജീവിക്കണമെന്ന് അനുശാസിച്ച മാബലിയുടെ ഭരണകാലത്തെ അനുസ്മരിക്കുവാനാണ് കേരളീയർ വർഷംതോറും ഓണമാഘോഷിക്കുന്നത്. ജാതിചിന്തകൾ മാബലിയെ തീണ്ടിയിരുന്നില്ല. പക്ഷെ ഇടക്കാലത്ത് കേരളത്തിൽ ആധിപത്യം സ്ഥാപിച്ച വൈദികമതക്കാർ മാബലിയുടെ പാവനാദർശനത്തെ ബലികഴിക്കുകയാണുണ്ടായത്. ബുദ്ധമതാനുയായികളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്ന വൈദികമതക്കാർ ഹിംസയ്ക്കുകൂടി ജനങ്ങളെ പ്രേരിപ്പിച്ചു.............1200–ൽ സന്ദർശനാർത്ഥം കേരളത്തിലെത്തിയ അസ്സീറിയക്കാരനായ മൌണ്ട് വിനോൽ

ജോൺ തന്റെ ''സഞ്ചാരസാഹിത്യത്തിൽ'' കേരളീയരുടെ ഓണക്കാലച്ചട ങ്ങുകളെക്കുറിച്ചിങ്ങനെ പറയുന്നു: ''പ്രായേണ ശാന്തശീലരും പ്രയത്നശാ ലികളുമായ മലബാറുകാർ തങ്ങളുടെ നഷ്ടപ്പെട്ട സുവർണ്ണകാലത്തെ സ്മരിച്ചുകൊണ്ടു നടത്തുന്ന ഒരുത്സവമാണ് ഓണം. ഈ ഉത്സവത്തിൽ അവരുടെ എല്ലാ കലകളും പ്രദർശിപ്പിക്കും. കൃഷീവലന്മാരായ നാട്ടുകാർ അവരുടെ നാട്ടിൻപുറങ്ങളിൽ ഓണമേളതന്നെ നടത്തും. എല്ലാ മതവി ശ്വാസികൾക്കും ഈ മേളയിലും പങ്കെടുക്കാം. ശുദ്ധവസ്ത്രം ധരിച്ച് അന്യോന്യം സ്നേഹവും വിശ്വാസവും പുതുക്കുന്ന ഈ ആഘോഷത്തിന് ഇതിഹാസപ്രാധാന്യമാണുള്ളത്. അവരുടെ നാടൻഗാനങ്ങളിൽ നിഴലിച്ചു കാണുന്ന ചരിത്രം ആ ഇതിഹാസത്തിന്റേതാണ്. ഈ ഗാനങ്ങൾ ഇററാലി യൻ ഭാഷയിലേക്കും അസ്സീറിയൻ ഭാഷയിലേക്കും പരിഭാഷപ്പെടുത്താൻ ഞാൻ ശ്രമിച്ചു. ....'' മൌണ്ട് വിനോലിന്റെ സന്ദർശനത്തിനുമുമ്പാണ് അൽബറൂണി കേരളത്തിൽ വന്നത്. അൽബറൂണിയുടെ വിവരണം ലഭിച്ചിട ത്തോളം രേഖകളിൽ വിലപ്പെട്ടതാണ്.

''കുരുമുളകിനും ഏലത്തിനും പേരെടുത്ത കേരളം സമ്പൽസമൃദ്ധി യുടെ ആവാസകേന്ദ്രമായിട്ടാണ് എനിക്കനുഭവപ്പെട്ടത്. ഖുറാസാനിലെ കൃഷിക്കാരെപ്പോലെ ഇവിടത്തെയും കൃഷിക്കാർ പ്രയത്നശാലികളും ശാന്തശീലരുമാണ്. കേരളീയരുടെയിടയിൽ പ്രശസ്തനായ ഒരു (ഖാലിഫ്) മാബലി ഭരിച്ചിരുന്നെന്ന് അവരുടെ ദേശീയോത്സവം വ്യക്തമാക്കുന്നു. കേര ളത്തിൽ കുടിയേറിപ്പാർത്ത എല്ലാവരും ഈ നല്ല ഭരണാധികാരിയെ പുക ഴ്ത്തുന്നു. ജൂതന്മാരുടെയും, ക്രിസ്ത്യാനികളുടെയും, മുസ്ലീമിങ്ങളുടെയുമി ടയിൽ ഈ ഭരണാധികാരിയെപ്പററി നീതികഥകൾ പ്രചരിപ്പിച്ചിട്ടുണ്ട്. കോഴിക്കോട്ടും, കൊല്ലത്തും, പന്തളത്തും ഓണക്കാലത്ത് ഞാൻ താമസി ച്ചു. ഞങ്ങളുടെ പര്യടനസംഘം കോഴിക്കോട്ടു താമസിക്കുമ്പോൾ മലബാ റിന്റെ ചില ഭാഗങ്ങളിൽ നിന്ന് ഞങ്ങൾക്ക് ക്ഷണനങ്ങൾ ലഭിച്ചു. കോഴി ക്കോട്ടെ ഭരണാധികാരികളുടെ മേൽനോട്ടത്തിൽ ഞങ്ങൾ വെട്ടത്ത് ഓണ ക്കാഴ്ച കാണാൻ പോയി. വെട്ടത്ത് ഗംഭീരമായ സദ്യയാണ് ഏർപ്പാടുചെ

യ്തിരുന്നത്. ഈ സദ്യയിൽ പൗരപ്രമുഖരായ എല്ലാവരും തുറമുഖത്തെ വിദേശികളായ വ്യാപാരികളും പങ്കുകൊണ്ടിരുന്നു. ഓണാരംഭത്തിൽ വെട്ടത്ത് നാട്ടിൽ എല്ലാവരും പങ്കെടുക്കുന്ന സദ്യകൾ വർഷംതോറും നട ക്കാറുണ്ടത്രേ. വെട്ടത്ത് ഭരണാധികാരി സദ്യയ്ക്കുശേഷം വിനോദമത്സരം ഏർപ്പെടുത്തിയിരുന്നു. ഈ മത്സരത്തിൽ ക്രിസ്ത്യാനികളും മുസ്ലീമിങ്ങളും പങ്കുകൊണ്ടിരുന്നു. രണ്ടു വരിയിൽ ഗ്രീക്കുകാർ യുദ്ധക്കളത്തിൽ ഉപയോ ഗിച്ചിരുന്ന ഒരുതരം ആയുധ(പരിച)വും ധരിച്ച് ഗ്രാമീണർ കളി തുടങ്ങി. അതുപോലെ കായികവിനോദങ്ങൾ പലതും പ്രദർശിപ്പിച്ചു. ഈ മത്സരക്കളി യിൽ വിജയിക്കുന്നവർക്ക് ഓണബിരുദം നല്കും. കളിസംഘം ഓണക്കാ ലത്ത് നാടൊട്ടുക്കും ചുററി സഞ്ചരിക്കും. നാടിന്റെ എല്ലാ ഭാഗങ്ങളിലും ഉന്മേഷവും ആഹ്ലാദവും അലതല്ലിയിരുന്നു. എല്ലാ കലാവിനോദങ്ങളും പ്രദർശിപ്പിക്കുന്ന ഈ കാലത്ത് ഓരോ നാട്ടുഭരണാധികാരിയും പ്രത്യേക മായും സമ്മാനങ്ങൾ നല്കാറുണ്ട്. കൊല്ലത്തു ചെന്നപ്പോൾ അവിടെയും വിപുലമായ നിലയിൽ ആഘോഷങ്ങൾ നടക്കുന്നു. ഈ ആഘോഷകാല ങ്ങളിൽ എല്ലാ ദേവാലയങ്ങളും അലങ്കരിച്ചിട്ടുണ്ടായിരിക്കും. പുരാതന ഗ്രീക്കുകാർ അവരുടെ ദേശീയോത്സവമായി ആഘോഷിച്ചിരുന്ന ഫണ്ണിയ ഒളിമ്പിക്കിൽ എല്ലാ കലകളും പ്രദർശിപ്പിക്കുകയും തങ്ങളുടെ രാഷ്ട്ര ത്തിന്റെ ഭദ്രതയ്ക്കായി പരിശ്രമിക്കാൻ പ്രതിജ്ഞ പുതുക്കുകയും ചെയ്തി രുന്നു. അതുപോലെ രാഷ്ട്രീയമായ ഒരു മഹോത്സവമാണ് കേരളത്തിലെ ഓണം. പണ്ഡിതനും ത്യാഗശീലനുമായ പന്തളത്ത് രാജാവ് ഓണത്തിന്റെ ഐതിഹ്യം എനിക്ക് വിവരിച്ചുതന്നു. ഈ ആഘോഷത്തിൽ ഭാഗഭാക്കാ ക്കാൻ കോഴിക്കോട്ടെയും പരിസരങ്ങളിലെയും എല്ലാ മുസ്ലീമിങ്ങളും താല്പര്യം പ്രകടിപ്പിച്ചിരുന്നു. മതപരമായ യാതൊരു തടസ്സവും ആഘോ ഷത്തെ ബാധിച്ചിരുന്നില്ല. തങ്ങളുടെ പ്രജകളുടെ ക്ഷേമാന്വേഷണാർത്ഥം രാജാക്കന്മാർ നാട് ചുററിക്കൊണ്ടിരുന്നു. മുസ്ലീം പ്രബലന്മാരെയും ക്രിസ്തീയപ്രമാണികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ആഘോഷങ്ങൾ കൊല്ലത്ത് ഞാൻ കണ്ടു. ചാലിയത്തും കണ്ണൂരും ഞാൻ മുസ്ലീം കുടുംബ ങ്ങളിൽ ചെന്നപ്പോൾ ഹിന്ദു പ്രമാണിമാരുടെ ഓണസമ്മാനങ്ങൾ എത്തിയി രുന്നതായി കണ്ടു. കോഴിക്കോട്ടെ വഴിയമ്പലങ്ങളിലും സത്രങ്ങളിലും ഓണ

ക്കാലത്ത് ആരെയും ഞാൻ കണ്ടില്ല. അവരെയെല്ലാം ഓരോരുത്തർ ഓണ മാഘോഷിക്കാൻ ക്ഷണിച്ചുകൊണ്ടുപൊയ്ക്കഴിഞ്ഞിരുന്നു. തുറമുഖത്ത് വ്യാപാരം ചെയ്യുന്ന വിദേശീയർ രാജാവിന് വിലപിടിച്ച ഓണസമ്മാനങ്ങൾ നല്കുകയും രാജാവ് അവരോട് കുശലമന്വേഷിക്കുകയും ചെയ്തിരുന്നു. കൊടുങ്ങല്ലൂർ രാജാവിന് അറേബ്യയിൽ നിന്നും ചൈനയിൽനിന്നും ഓണ സമ്മാനങ്ങൾ വ്യാപാരികൾ വഴി ലഭിച്ചിരുന്നു. അങ്ങനെ വിദേശങ്ങളുമായി സൌഹാർദ്ദഹബന്ധം പുതുക്കുവാനും ഓണാഘോഷത്തിന് സാധിക്കുന്നു. കൊടുങ്ങല്ലൂർ രാജാവ് നടത്തുന്ന സദ്യകളിലും കലാമത്സരങ്ങളിലും എല്ലാ മതവിശ്വാസികളും പങ്കെടുത്തിരുന്നു....'' അൽബറൂണിയുടെ അനുഗാമി യായി 114–ൽ വന്ന അൽഇദ്രിസിയുടെ സഞ്ചാരക്കുറിപ്പിൽ പറയുന്നു:

''ഓണക്കാലത്ത്, ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാർക്ക് ശിക്ഷ ഇളവു ചെയ്തു കൊടുക്കുകയും മാപ്പുനല്കുകകയും ചെയ്തിരുന്നു.പരസ്പരം ബന്ധപ്പെടുവാനും സൌഹാർദ്ദം കൂടുതൽ ദൃഢമാക്കുവാനും ഓണക്കാലം കേരളീയർക്ക് പിൻബലം നല്കിയിരുന്നു. അതിഥിപ്രിയരായ കേരളീയരുടെ മനോവിശാലത വിദേശികൾക്ക് അനുഭവപ്പെടുന്നത് ഓണക്കാലത്താണ്. ഒരു ദിവസം രാവിലെ പുറത്തുവന്നപ്പോൾ നിറഞ്ഞകുട്ടകൾ എന്റെ മുമ്പിൽ കണ്ടു അന്വേഷിച്ചപ്പോൾ ഓണസമ്മാനമാണെന്നറിഞ്ഞു. കൊല്ലത്ത് കായ ലിൽ ഏർപ്പെടുത്തിയിരുന്ന മത്സരം കാണുവാൻ ഞാനും പോയി. ആ മത്സ രത്തിന്റെ മേൽനോട്ടം ക്രിസ്ത്യാനികൾക്കും മുസ്ലീമിങ്ങൾക്കുമായിരുന്നു. ഓണക്കാലത്ത് ഇതരമതവിശ്വാസികൾക്ക് പ്രത്യേകം സമ്മാനം നല്കുന്ന പതിവുണ്ട്. എല്ലാവരും ഓണാഘോഷത്തിൽ പങ്കുകൊള്ളുന്നുണ്ട്.

1286–ൽ മതപ്രചരണാർത്ഥം വന്ന ഫ്രയർ ഓഡോറിക്കും 1347–ൽ കോഴിക്കോട്ട് താമസിച്ചിരുന്ന റീഗ് നെല്ലിയും ധർമ്മപ്രചരണാർത്ഥം നാടുഭ രിച്ചിരുന്ന മാബലിയുടെ സ്മരണയെ പുൽകിനില്ക്കുന്ന ഓണത്തെ വിശു ദ്ധാഘോഷമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓണക്കാലത്ത് അംഗഹീന രെയും ദരിദ്രരെയും ആശ്വസിപ്പിക്കാനും അവർക്കു സഹായം നല്കു

വാനും രാജാക്കന്മാർ ശുഷ്ക്കാന്തി പ്രകടിപ്പിച്ചിരുന്നു. വഴിയമ്പലങ്ങളിൽ താമസിക്കുന്ന എല്ലാ അഗതികളെയും ഓണനാളുകളിൽ കോഴിക്കോട്ട് രാജാവ് ക്ഷണിച്ചുവരുത്തി സദ്യ നല്കിയിരുന്നു. വ്യാപാരികൾക്ക് പ്രത്യേകം പാരിതോഷികങ്ങൾ നൽകാൻ രാജാവ് ശ്രദ്ധിച്ചിരുന്നു. കണ്ണൂരും, ,ചാലിയത്തും ധർമ്മടത്തും നെയ്തുണ്ടാക്കുന്ന വിശേഷപ്പെട്ട വസ്ത്രങ്ങൾ ഓണസമ്മാനമായി കൃഷിക്കാർക്ക് നാടുവാഴികൾ നല്കിയിരുന്നു. പണ്ഡിതൻമാർക്ക് വിലകൂടിയ വസ്ത്രങ്ങളാണ് സമ്മാനമായി നല്കിയിരുന്നത്. പുരോഹിതന്മാരുടെ അകമ്പടിയോടുകൂടി ഓണച്ചടങ്ങുകൾ രാജാവ് നിർവ്വഹിക്കുമ്പോൾ ദേവാലയങ്ങളിൽ ശാന്തിക്കും സമാധാനത്തിനുമായി കൂട്ട പ്രാർത്ഥന നടത്താറുണ്ട്. ഇതിൽ എല്ലാ വിശ്വാസികളും തങ്ങളുടെ പങ്ക് നിർവ്വഹിച്ചിരുന്നു. കോഴിക്കോട്ടെ പ്രമുഖന്മാരായ ഖാസിമാരുടെ വീടുകളിൽ അരിയും തുണിയും പഴവർഗ്ഗങ്ങളും ധർമ്മം കൊടുത്തിരുന്നു.

വില്ലാൻകളി, ചേക്കേറ്, കേളികൊട്ട് തുടങ്ങിയ കളികൾ മലബാറിൽ ഓണക്കാലത്ത് നടത്തിയിരുന്നു. മന്ത്രിയും രാജാവുമായി വനവാസികൾ പ്രാകൃതമാതൃകയിൽ നടത്തുന്ന കോലംകെട്ടൽ നാടകത്തിന് വളരെയേറെ കാണികളെ ലഭിച്ചിരുന്നു. മന്ത്രിയുടെ കുററം കണ്ടുപിടിക്കുകയും ഒടുവിൽ രാജാവ് മാപ്പുകൊടുക്കുന്നതുമാണ് കോലം കെട്ടിലെ ഉള്ളടക്കം. ഈ കോലംകെട്ടൽ വെളിസ്ഥലങ്ങളിലാണ് നടത്തപ്പെടുന്നത്. ഇതു കാണുവാൻ മാബലി എഴുന്നെള്ളുമെന്ന് വിശ്വസിക്കപ്പെടുന്നു. ഓണക്കാലത്തെ കായൽയാത്രയിലും നാടുവാഴിയടക്കം വളരെപേർ പങ്കുകൊള്ളും.....'' ഫ്രെയർ ഒഡോറിക്കിന്റെ കലോത്സവത്തെ സംബന്ധിച്ചുള്ള വിവരണത്തിന്റെ ഒരു ഭാഗമാണിത്.

റീഗ്നെല്ലിയുടെ ''വെസ്റ്റേൻ എൻക്വയറി''യിൽ നമ്മുടെ ഓണക്കാലത്തെ പണ്ഡിതസദസ്സിനെയും സർവ്വമതസമ്മേളനത്തെയും സംബന്ധിച്ചാണ് പറയുന്നത്. ഓണം എല്ലാവരും ആദരിക്കപ്പെടുന്ന ദേശീയാഘോഷമാണെന്നും ഒരു കൂട്ടുകുടുംബസമ്പ്രദായം നിലവിലുണ്ടായിരുന്ന കേരള

ത്തിലെ രാഷ്ട്രീയോത്സവമെന്ന നിലയിലാണ് ബഹുജനങ്ങളതംഗീകരിക്കുന്നതെന്നും റീഗ് നെല്ലി പറയുന്നു. മാബലി ഒരുസങ്കല്പകഥാപാത്രമാണെങ്കിലും അനുകരണീയനായ ചരിത്രപുരുഷനായിരുന്നുവെന്നും അദ്ദേഹം ഊന്നിപ്പറയുന്നു.

ആധുനികകേരളത്തിലെ ജനത പ്രജാധിപത്യത്തിന്റെയും, സോഷ്യലിസത്തിന്റെയും മാർഗ്ഗത്തിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞുപോയ ആ കാലഘട്ടം ഇനി വരികയില്ലെങ്കിലും അന്നത്തെ സൌഹൃദജീവിതവും സഹകരണബോധവും വീണ്ടെടുക്കാൻ നാം ശ്രമിക്കണം. കേരളസംസ്ക്കാരമെന്നത് ഈ നാടിന്റെ മണ്ണിൽ കുടിയേറിപ്പാർത്ത എല്ലാവരുടെയും സൌഹാർദ്ദത്തിന്റെ മണമുള്ള മഹത്തായ സംസ്ക്കാരമാണ്. സാമ്പത്തികമായ വിഷമതകളും ജാതീയചിന്തയും ആധുനികകേരളത്തെ അലട്ടിക്കൊണ്ടിരിക്കുമ്പോൾ കുറച്ച് നേരത്തേക്കെങ്കിലും നമ്മുടെ പൂർവ്വികന്മാരുടെ സന്തോഷപ്രദമായ ജീവിതത്തെപ്പററി നാമൊന്നാലോചിക്കണം. അപ്പോൾ എന്തെന്ത് മത്സരങ്ങളുണ്ടായാലും അതെല്ലാം വിസ്മരിച്ചുകൊണ്ടുപോകാൻ നമുക്കുത്തേജനം നൽകും. കേരളത്തിന്റെ സന്ദേശം വിദേശങ്ങളിലറിയപ്പെട്ടത് തന്നെ ഇവിടുത്തെ മറുനാടൻ താമസക്കാർ വഴിയാണ്. നൂററാണ്ടുകൾക്കുമുമ്പ് തന്നെ കേരളത്തിന്ന് പ്രശസ്തി സമാർജ്ജിച്ചുകൊടുക്കാൻ സാധിച്ച നശിക്കാത്ത ആ സൌഹാർദ്ദബന്ധം ഉത്തരോത്തരം വളർത്തുവാൻ നമുക്കു കഴിയട്ടെ. സുന്ദരമായ ഒരു ജീവിതഘടന കേരളത്തിലുയരുമെന്ന് വിശ്വസിക്കാം. അക്കാലത്തെങ്കിലും ഓണം നമ്മുടെ ദേശീയാഘോഷമായി കൊണ്ടാടാനും എല്ലാ ജാതീമതസ്ഥർക്കും അതിൽ സഹകരിക്കാനും സന്ദർഭം ഉണ്ടാകേണ്ടതാണ്. കേരളത്തിന്റെ ആ നശിക്കാത്ത സൌഹൃദം ഓണക്കാലങ്ങളിൽ കൂടുതൽ സുശക്തമാകണം. പ്രാചിനകേരളത്തിൽ സഞ്ചാരികൾ കണ്ട ഓണം ഒരു യാഥാർത്ഥ്യമായി രൂപം പ്രാപിക്കുന്ന സുവർണ്ണഘട്ടം സമാഗതമാകണം.

# ആലമിയുടെ കേരളയാത്ര

ആധുനിക ചൈനയും ഇന്ത്യയും കൂടുതൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. പ്രാചീനകാലത്തുതന്നെ ഇന്ത്യയുമായി ചൈനക്കു അഭേദ്യമായ ബന്ധം കെട്ടിയുറപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഫാഹയാന്റെയും ഹുയാങ്ങ്സാന്റെയും ചരിത്രം സൃഷ്ടിച്ച ഭാരതപര്യടനത്തിന്നു ശേഷം മഹത്തായ പല പരിവർത്തനങ്ങളും ഇന്ത്യയിലും ചൈനയിലുമുണ്ടായി. ഇന്ത്യയുമായി ചൈനക്കുള്ള ബന്ധം രണ്ടുതരത്തിലായിരുന്നു. ബുദ്ധസന്യാസികളായ ഒരു വിഭാഗത്തിന്റെ ആത്മീയനേതൃത്വം ഉത്തരേന്ത്യയിൽ വിജയക്കൊടി നാട്ടിയ ഒരു കാലഘട്ടത്തിലാണ് ചൈനീസ് സഞ്ചാരികളുടെ തിക്കും തിരക്കും കൂടുതൽ അനുഭവപ്പെട്ടത്. മററൊന്നു കേരളവുമായുള്ള വ്യാപാരബന്ധമാണ്. പ്രശസ്തിയാർജ്ജിച്ച കൊടുങ്ങല്ലൂർ തുറമുഖവുമായി ചൈനക്കാർ ബന്ധം സ്ഥാപിച്ചത് ബി.സി.2108ലാണെന്നാണ് ചാങ്കിയാഹൂമി (Chaankiyahumi)എന്ന ചൈനീസ് ചരിത്രകാരൻ പറയുന്നത്. ക്രിസ്തുവിനുമുമ്പ് 832–ൽ കേൺടണിൽ ജീവിച്ചിരുന്ന ചാങ്കിയാഹൂമി ''ചൈനയുടെ വിദൂരദേശബന്ധങ്ങൾ'' എന്ന ഗ്രന്ഥത്തിൽ കേരളത്തെപ്പററിയും വിജ്ഞേയങ്ങളായ വിവരങ്ങൾ നല്കുന്നുണ്ട്.

ചൈനയുടെ നേതൃത്വം നിരവധി നൂററാണ്ടുകളോളം സൂയി രാജവംശത്തിന്റെ കയ്യിലായിരുന്നു. സൂയി രാജവംശജന്മാരിൽ മൂന്നാംബാബ എന്നറിയപ്പെടുന്ന സഞ്ചാരപ്രിയനായ ചക്രവർത്തിയുടെകാലത്ത് കേരളം സന്ദർശിക്കുവാൻ ഒരു സൌഹാർദ്ദപ്രതിനിധിസംഘം ഷിയാനിൽനിന്നു പുറപ്പെട്ടു. പ്രാചീനകേരളത്തെപ്പററി വളരെയേറെകേട്ടിട്ടുള്ള പ്രതിനിധിസംഘാംഗങ്ങൾ ഭക്തകവിയായ തൂളസീദാസന്റെ ഉൽകൃഷ്ടകൃതി കേരളരാജാവിന്നു സമർപ്പിച്ചു. പ്രസ്തുതകൃതി വളരെക്കൊല്ലങ്ങൾക്കുമുമ്പ് കേരളത്തിലെ ഒരു രാജാവ് ചൈനാക്കാർക്ക് സമ്മാനിച്ചതായിരുന്നു. ആ കൃതി സമ്മാനിച്ച കാലങ്ങൾക്കുമുമ്പു തന്നെ ചൈനയും കേരളവും പരസ്പരം

ബന്ധപ്പെട്ടിരുന്നുവെന്നു രാജാവിനെ ഗ്രഹിപ്പിക്കുവാൻ പ്രതിനിധികൾക്കു കഴിഞ്ഞു. ക്രി:408–ൽ ചൈനീസ് വ്യാപാരികൾ കേരളത്തിൽ ഒരു വ്യാപാര കേന്ദ്രം സ്ഥാപിച്ചു. തെക്കൻ ചൈനയിൽ നിലവിലുള്ള ''ഷാർസൂങ്ങ്'' നാടൻപാട്ടുകളിൽ കടൽസഞ്ചാരികളുടെ വിദേശയാത്രയെപ്പററിയുള്ള വർണ്ണനകൾ കേൾക്കാം. ഒരു നാടൻപാട്ടിൽനിന്നു ലഭിച്ച ചരിത്രസംബന്ധ മായ ചെറിയ വിവരണം എച്ച്.ഏ.ഗെയിൻസ് എന്ന ചരിത്രകാരൻ Road to Ancient China (''പുരാതനചൈനയിലേക്കുള്ള മാർഗ്ഗം'')എന്ന ലഘുഗ്രന്ഥ ത്തിൽ രേഖപ്പെടുത്തിയിരുക്കുന്നതിങ്ങനെയാണ്: ''ചങ്കാങ്ങിൽ നിന്നുള്ള കടൽസഞ്ചാരികൾ എതിർത്തുകയറുന്ന ഓളങ്ങളെ മുറിച്ചുകൊണ്ട് മസൂലി യിൽ ചെന്നു വിശ്രമിക്കും. മഴക്കാലം സഞ്ചാരികളുടെ ഒഴിവുകാലം. ലാൻതീങ്ങായുടെ രക്ഷയിലവർ സന്തോഷത്തോടെ മടങ്ങിയെത്തും.'' ചങ്കാൻ എന്നറിയപ്പെട്ടിരുന്ന ഷിയാനിൽനിന്നു മസൂലി (മസൂലിയെന്ന കൊടുങ്ങല്ലൂർ)യിലേക്കുള്ള യാത്ര ലാൻതീങ്ങയെന്ന സമുദ്രദേവതയുടെ രക്ഷയിലായിരുന്നുവെന്നു പ്രസ്തുത ഗാനത്തിൽനിന്നു മനസ്സിലാക്കാം.

അറേബ്യയിൽനിന്നു മതപ്രചരണാർത്ഥം ചൈനയിലെത്തിയ അബീ കബ്ശയുടെ സഹയാത്രക്കാരനായ വഹൂബ്ആലമി ക്രിസ്താബ്ദം 687–ൽ ഒരു കേരളപര്യടനം നടത്തിയതായി കാണുന്നു. വഹൂബ്ആലമി ഒരു ചൈനീസ് സഞ്ചാരിയായിരുന്നെന്ന് 1286–ൽ കേരളത്തിൽ വന്ന ഫ്രയർഒ ഡോറിക് തന്റെ ഗ്രന്ഥത്തിൽ സംശയാസ്പദമായി പറഞ്ഞിട്ടുണ്ട്. ആലമി യുടെ സഞ്ചാരകാലത്തെക്കുറിച്ചു അറബിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങൾ ഒഡോറിക്കിന്റെ രേഖയെ ശക്തിയുക്തം ഖണ്ഡിക്കുന്നു. പ്രസി ദ്ധതുർക്കി ചരിത്രകാരനായ അഹമ്മദ് റഫീക്ക് ആൾട്ടിനെയുടെ ചരിത്രഗ വേഷണം പല പുതിയ സംഭവങ്ങളും നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു ണ്ട്. ആൾട്ടിനെയുടെ ഗ്രന്ഥങ്ങളിലൂടെ നോക്കുമ്പോൾ ചൈനയും കേര ളവും തമ്മിൽ സുദൃഢമായ ബന്ധം സ്ഥാപിച്ചത് ക്രിസ്താബ്ദം അറുനൂറി ന്നുശേഷമാണ്. ഈ ബന്ധത്തിന്നു വ്യാപാരത്തെ മാത്രം അവലംബിച്ചുള്ള പ്രാധാന്യമല്ല ആൾട്ടിനെ കാണുന്നത്. ചൈനയിൽ അറേബ്യരായ ചരിത്രാ

ന്വേഷകരും സാമൂഹ്യപ്രവർത്തകരും പ്രവാചകന്റെ കാലത്തുതന്നെ വന്നു തുടങ്ങി. ഒടുവിൽ വന്ന വഖൂഫ് ആലമിയാണ് ചരിത്രസാഹിത്യത്തെ ചൈനയിൽ പരിപോഷിപ്പിച്ചത്. അറബിക്കച്ചവടക്കാരിൽ ഒരു വിഭാഗം ചൈനയിൽ മതപ്രചരണവും നടത്തി. വിദേശപര്യടനത്തിൽ അറേബ്യ ക്കുള്ള സഹജമായ ഉത്സാഹം അവരെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നിഷ്പ്രയാസം പരിചയപ്പെടുത്താൻ ഉപയുക്തമായി. ചൈനയിലെ ഒരു പ്രബല മുസ്ലീംകേന്ദ്രമായ കേൻടനിൽനിന്നു വഖൂഫ് ആലമി ചൈനക്കാരും അറേബ്യക്കാരുമടങ്ങിയ യാത്രാസംഘത്തെ ഇന്ത്യയിലേക്കു നയിച്ചു. ഈ യാത്രാസംഘത്തിൽ ഒരു ജൈനമതാംഗവും ഉൾപ്പെട്ടിരുന്നു. ടാൻഗീലി യാങ്ങ് എന്ന ഈ ജൈനമതക്കാരൻ ഒരു ചരിത്രപണ്ഡിതൻകൂടിയായിരു ന്നു. മൂന്നു കപ്പലുകളിലായി പുറപ്പെട്ട യാത്രാസംഘം ഒരു കൊടുങ്കാററില കപ്പെട്ടു. രണ്ടു കപ്പലുകൾ 687 ഒക്ടോബറിൽ കേരളത്തിലെത്തി. കൊടുങ്ങ ല്ലൂർ ടാൻഗീലിയാങ്ങിനും വഖൂഫ് ആലമിക്കും ഗംഭീരമായ സ്വീകരണമാണ് നൽകിയത്.

ടാൻഗീലിയാങ്ങിന്റെ മതപ്രചരണം കേരളത്തിന്റെ ദക്ഷിണഭാഗങ്ങ ളിൽ നിർബാധം തുടർന്നു. മൊറോക്കൊ, ടൂണിസ്, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽനിന്നു കച്ചവടക്കാർ കൊടുങ്ങല്ലൂർ വന്നു താവളമടിച്ചിരുന്ന കാലമായിരുന്നു അത്. വഖൂഫ് ആലമി കൊടുങ്ങല്ലൂർ രാജാവിന്റെ അതിഥി യായി താമസിച്ചു. രാജകുടുംബത്തിൽ പെട്ട ഒരു പ്രമുഖന് വിഷം തീണ്ടിയതായി വഖൂഫ് ആലമിയെ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ അറി യിച്ചു. വിഷവൈദ്യത്തിൽ വൈദഗ്ദ്ധ്യം സമ്പാദിച്ച ആലമി വിഷമിറക്കി. രാജാവ് ആലമിയെ തന്റെ സ്വന്തം വൈദ്യനായി അംഗീകരിച്ചു. ആലമി കൊട്ടാരവൈദ്യനായി ജോലിനോക്കുമ്പോൾ അദ്ദേഹത്തിന് എഴുപത്തെട്ട് വയസ്സ് പ്രായമുണ്ടായിരുന്നു. ആലമിയുടെ ചൈനീസ് സുഹൃത്തുക്കൾക്ക് താമസിക്കാനുള്ള സ്ഥലവും കെട്ടിടവും രാജാവ് നല്കി. ചൈനയും കേര ളവും തമ്മിലുള്ള വ്യാപാരസംബന്ധമായ എല്ലാ ബന്ധങ്ങളും ആലമിയുടെ മേൽനോട്ടത്തിൽ നടന്നു. പന്ത്രണ്ടു സംവത്സരത്തെ കേരളത്തിലെ താമസ ത്തിന്നുശേഷം ക്രി:699ൽ ചൈനയിലേക്കു മടങ്ങി. ചൈനയിലെത്തിയ

ഉടനെ ചൈനീസ് മുസ്ലീംകളുടെ ന്യായാധിപനായി ആലമിയെ തിരഞ്ഞെടുത്തു. പക്ഷെ സഞ്ചാരപ്രിയനായ ആലമി തൊണ്ണൂററി ഒന്നാമത്തെ വയസ്സിൽ അന്തരിച്ചു. കേൺടനിലെ ഒരു തീർത്ഥാടനസ്ഥലമായി ആലമിയുടെ ശ്മശാനമണ്ഡപം അറബികളെയും ചൈനാക്കാരേയും ആകർഷിച്ചുകൊണ്ടിരുന്നു.

ആലമിയെ ഒരു പരിഷ്ക്കർത്താവിനെപ്പോലെ ഗണിച്ചിരുന്ന ദാൻഗിലിയാങ്ങ് ''ടാൻഗിലിയാസ് നോട്ട്സ്'' എന്ന ചരിത്രഗ്രന്ഥത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു: ''കപ്പൽ കാററിലകപ്പെട്ടിട്ടും ധീരനായ ആലമി എല്ലാവരെയും സമാശ്വസിപ്പിച്ചുകൊണ്ടിങ്ങനെയാണ് പറഞ്ഞത്: 'ആത്മാവിനു ധൈര്യം നൽകാൻ സർവ്വശക്തനോടു പ്രാർത്ഥിക്കുക, ധൈര്യമായിരുന്നാൽ കൊടുങ്കാററിനെ നമുക്കു കീഴടക്കാം. എല്ലാവരും ഹൂക്കവലിച്ചു ഫലിതം പറയുക. കപ്പൽ കരക്കണയും...' ആലമി കർമ്മം ചെയ്യുന്നതിൽ എപ്പോഴും ശുഷ്ക്കാന്തിയുള്ളവനായിരുന്നു. പകയും, അസൂയയും, അഹന്തയും അദ്ദേഹത്തെ ഒരിക്കലും സ്പർശിച്ചില്ല. സഞ്ചാരവേളയിൽ ഇതിഹാസകഥകൾ വർണ്ണിച്ചുപറയുകയും യാത്രാവിവരണങ്ങൾ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നതിൽ ആലമി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ചൈനയിൽനിന്നു മലബാറിലേക്കു വരുന്ന സഞ്ചാരികളുടെ എണ്ണം ഓരോ വർഷത്തിലും കൂടിക്കൂടി വന്നു. ആലമിയുടെ പ്രേരണാശക്തി അത്രയും ശക്തിമത്തായിരുന്നു. ഇന്ത്യാ ചൈന ബന്ധത്തെ ദൃഢതരമാക്കിയ ആലമിയെ ആത്മീയഗുരുവിനെപ്പോലെ ഞാൻ ബഹുമാനിക്കുന്നു.''

ആലമി കേരളത്തെസ്സംബന്ധിച്ചു തന്റെ ചരിത്രഗ്രന്ഥത്തിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്നറിയാൻ നമുക്കാഗ്രഹമുണ്ട്. ആലമിയുടേതായി വിശ്വസാഹിത്യത്തിനു ലഭിച്ചിട്ടുള്ളത് ഇരുപത്തേഴ് വിശിഷ്ടഗ്രന്ഥങ്ങളാണ്. ഇതിൽ പതിനാറെണ്ണം ലോകത്തിലെ ഇതര ഭാഷകളിലേക്ക് പതിനാലാം നൂററാണ്ടിനുമുമ്പുതന്നെ പകർത്തപ്പെട്ടിട്ടുണ്ട്. ചൈനീസ് ഭാഷയിൽ ആദ്യമായി ഖുർആന്റെ ഒരപൂർണ്ണവ്യാഖ്യാനം എഴുതിയത് ആലമിയാണ്. മദ്ധ്യകാ

ലചൈനയുടെ ഇതിഹാസമെന്നത് പണ്ഡിതവര്യനായ സ്മര്യപുരുഷന്റെ ഉൽകൃഷ്ടഗ്രന്ഥങ്ങൾകൂടി ഉൾക്കൊള്ളുന്നതാണ്. ''കാൻടനിൽ നിന്നു കട ലുകൾക്കപ്പുറത്തേക്ക്'' എന്ന ചൈനീസ് സഞ്ചാരകൃതിയിൽ ആലമി കടൽക്കൊള്ളക്കാരെയും വ്യാപാരപ്രമുഖൻമാരെയും സംബന്ധിച്ച് വിവരി ക്കുന്നു. ''അർമേനിയക്കാരുടെ സമുദ്രസഞ്ചാരത്തെപ്പററി വളരെ ചെറുപ്പ ത്തിൽതന്നെ ഞാൻ കേട്ടിട്ടുണ്ട്. ഒരു സഞ്ചാരിയാകാനുള്ള എന്റെ അഭി ലാഷം അർമേനിയൻ സഞ്ചാരകഥ വായിച്ചതോടുകൂടി മൂർദ്ധന്യത്തിലെ ത്തി. അറേബ്യയിൽനിന്നു ചൈനയിലേക്കു യാത്ര തിരിക്കുമ്പോൾ തന്നെ ഏഷ്യ മൈനറിന്റെ എല്ലാ ഭാഗങ്ങളും ചുററിക്കാണാമെന്നാഗ്രഹിച്ചു. ചൈന യിൽ വ്യാപാരമാന്ദ്യം സംഭവിച്ച ഒരു കാലത്താണ് ഞങ്ങളുടെ യാത്രാ സംഘം കാൻടനിൽ എത്തിയത്. വ്യാപാരികളിൽ ഭൂരിപക്ഷവും പേർഷ്യൻ ഉൾക്കടൽ തീരത്തിൽ നിന്നു വന്നിട്ടുള്ള സാജിയ വർഗ്ഗക്കാരായിരുന്നു. സൂയി രാജവംശക്കാരുടെ പ്രതാപം നിലനിന്ന കാലത്ത് സാജിയവർഗ്ഗക്കാർ കാൻടനിൽ വ്യാപാരം ചെയ്തിരുന്നു. മുത്തുച്ചിപ്പികളും രോമക്കമ്പിളികളും കച്ചവടം ചെയ്തിരുന്ന സാജിയക്കാരുടെ അടുത്ത യാത്ര മലബാറിലേക്കാ യിരുന്നു. മലബാർ കച്ചവടത്തിൽ എന്റെ പിതാമഹനായ നഖൂദസയ്യിദ് ഇട പെട്ടിരുന്നതായി ഞാൻ അറേബ്യയിൽ വെച്ചു കേട്ടിട്ടുണ്ട്. വാസനയുള്ള വനോല്പന്നങ്ങൾ അറേബ്യയിൽ കൊണ്ടുവന്നിരുന്നത് മലബാറിൽനിന്നാ യിരുന്നു. അർമേനിയക്കാരും, ടുണീഷ്യക്കാരും ഈജിപ്ത്കാരും ഈ വ്യാപാരത്തിൽ പാരമ്പര്യമുള്ളവരായിരുന്നു.

ചൈനയിൽ ആദ്യമായി വന്നപ്പോൾ വ്യാപാരികൾക്ക് ഒരു സംഘടന ഞാൻ കണ്ടില്ല. രണ്ടു കൊല്ലക്കാലം ചൈനയിൽ താമസിച്ചപ്പോൾ അറബി കളായ പതിനേഴാളുകൾ ഒരു വ്യാപാരസംഘം സ്ഥാപിച്ചു. ഈ വ്യാപാര സംഘത്തിന്റെ സഹായത്തോടുകൂടി വിദേശയാത്രക്കുള്ള സൗകര്യങ്ങൾ ലഭിച്ചു. കാൻടനിൽ നിന്നു സാൻസനിലേക്കു യാത്രാസംഘം പുറപ്പെട്ടു.

സാൻസനിൽനിന്നു മലബാർ യാത്രക്കായി സജ്ജീകരണങ്ങൾ ചെയ്തു. മൂന്നു യാത്രാക്കപ്പലുകളിലായി ഞങ്ങൾ പുറപ്പെട്ടു. മൂന്നാം

ദിവസം വിശ്രമാർത്ഥം ഒരു ദ്വീപിൽ അടുത്തു. വീണ്ടും പുറപ്പെട്ടു. ദ്വീപിൽ നിന്ന് ഉദ്ദേശം നൂററിഅറുപതു നാഴിക ഞങ്ങളുടെ കപ്പലുകൾ നീങ്ങി. ആക സ്മികമായ ഒരു കൊടുങ്കാററ് ഞങ്ങൾക്കുമുകളിൽ ഭീകരശബ്ദമുണ്ടാക്കി ത്തുടങ്ങി. പിന്നിലായിരുന്ന ചെറിയ കപ്പൽ കാററിലകപ്പെട്ടു. അവരിൽ ആരെയും രക്ഷിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ഒരു രാത്രി മുഴുവനും ഞങ്ങളുടെ രണ്ടു കപ്പലുകൾ അലക്ഷ്യമായി കടലിൽ അലഞ്ഞു. വെളിച്ചം വീശിയപ്പോൾ നിരാശരായ ഞങ്ങൾ കൂട്ടുകാരെ അന്വേഷിച്ചു ബഹുദൂരം സഞ്ചരിച്ചു. കാററിലകപ്പെട്ട കപ്പലിന്റെ അവശിഷ്ടങ്ങളൊന്നും കണ്ടുകിട്ടി യില്ല. മലബാറുമായി വലിയ നിലയിൽ വ്യാപാരം നടത്തുന്ന ചുവാംഗ്കാര നായ ദാൻയായും കൊടുങ്കാററിലകപ്പെട്ട കപ്പലിലുണ്ടായിരുന്നു. മാർഗ്ഗ ദർശിയും ധൈര്യശാലിയുമായ ദാൻയായെ ഒരിക്കലും മറക്കാൻ കഴിയുക യില്ല. ക്ഷീണിതരും ദു:ഖിതരുമായ ഞങ്ങൾ പതിനെട്ടാം ദിവസം മറെറാരു ദ്വീപിലെത്തി. ജനവാസമില്ലാത്ത ആ ദ്വീപിൽനിന്നു മൂന്നു ദിവസത്തെ യാത്രക്കുശേഷം മലബാർ തീരത്തടുത്തു.

കാൻടനിൽനിന്നു അധി:കൃതർ നല്കിയിരുന്ന സാക്ഷിപത്രം ഞാൻ നാടുവാഴിക്കു സമർപ്പിച്ചു. പ്രത്യേകമായി പണി ചെയ്യിപ്പിച്ച അതിഥി മന്ദിര ത്തിൽ താമസിക്കാൻ അനുമതി ലഭിച്ചു. ഹുയാങ്ങ്സാൻ ഉപയോഗിച്ചതായി ചൈനക്കാർ വിശ്വസിക്കപ്പെടുന്ന പാനപാത്രവും ഒരു വടിയും മലബാർ രാജാവിന്നു കാഴ്ചവസ്തുക്കളായി ഞാൻ സമ്മാനിച്ചു. മലബാർ തീരങ്ങ ളിൽ വ്യാപാരസ്തംഭനം തുടർന്നുകൊണ്ടിരുന്ന സന്ദർഭമായിരുന്നു അത്. വിദേശവ്യാപാരികളിൽ പലരും സ്ഥലം വിട്ടിരുന്നു. എന്നാലും ഈജി പ്ത്കാരിൽ ചിലർ കോഴിക്കോട്ടുതന്നെ താമസിച്ചിരുന്നു. കൊടുങ്ങ ല്ലൂർനിന്നു വിദേശങ്ങളിലേക്കു ഉല്പന്നങ്ങൾ നേരിട്ടു കയററി അയച്ചിരു ന്നു. കൊല്ലം, കൊച്ചി, പരപ്പനങ്ങാടി, കണ്ണൂർ എന്നീ പ്രദേശങ്ങളിൽ ഉല്പ ന്നങ്ങൾ സംഭരിച്ചിരുന്നു. കടൽക്കള്ളൻമാരുടെ വർദ്ധിച്ചുവരുന്ന ലഹളയൊ തുക്കുവാൻ രാജാവും പട്ടാളവും പരിശ്രമിക്കുന്ന കാലമായിരുന്നത്, വിദേ ശത്തേക്കുപോകുന്ന കപ്പലുകൾ കടലിൽവെച്ചാക്രമിച്ചു ഉല്പന്നങ്ങൾ കൊള്ളചെയ്തു യാത്രക്കാരെ വധിക്കുന്ന ക്രൂരപ്രവൃത്തികളിൽ ഏർപ്പെട്ടിരി

ക്കുന്നവരെ ഒതുക്കാൻ രാജാവിന്നു വളരെയേറെ സാഹസപ്പെടേണ്ടിവന്നു. അറബിക്കപ്പിത്താന്മാരുടെ സഹായത്തോടുകൂടി ലഹള നിശ്ശേഷം രാജാവ് ഒതുക്കി.

ചൈനക്കാരുടെ താമസ സൌകര്യത്തിനായി കോഴിക്കോട്ടും കൊടുങ്ങല്ലൂരും പ്രത്യേകം കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നു. ചൈനയിൽനിന്നു പുതിയ കപ്പലുകൾ മലബാറിൽ വാങ്ങിയിരുന്നു. മലബാറിലെ വലിയ മരങ്ങൾ ചൈനക്കാരുടെ കച്ചവടച്ചരക്കുകളിലെ പ്രത്യേക ഇനമായിരുന്നു. സുഗന്ധസാധനങ്ങൾ ചൈനയിലേക്കും –ചൈനയിൽ നിന്നും മയിൽ, മാൻ, രോമം തുടങ്ങിയവ മലബാറിലേക്കും കയററി അയച്ചിരുന്നു. ചൈനക്കാരുടെ രോമവസ്ത്രവും പട്ടുവസ്ത്രവും മലബാറിൽ കൂടുതൽ വിററഴിഞ്ഞിരുന്നു. മലബാറിൽ നൂൽവ്യവസായം പരിഷ്ക്കരിച്ചത് ചൈനക്കാരുടെ സമ്പർക്കംകൊണ്ടാണ്. ചൈനീസ് വ്യാപാരികൾക്ക് മലബാറിലെ കടൽ തീരങ്ങളിൽ വളരെ സ്വാധീനമുണ്ടായിരുന്നു. എന്നെ മലബാറിലെ ജനങ്ങളും ഭരണകർത്താക്കളും ഒരു ചൈനീസ് പ്രതിപുരുഷനായി ബഹുമാനിച്ചിരുന്നു. പ്രായേണ എല്ലാ മതക്കാരും മലബാറിലുണ്ട്. എല്ലാ മതവിശ്വാസികൾക്കും പ്രചരണസ്വാതന്ത്ര്യം അനുവദിച്ചിരുന്നു. പുരാതനവൈദ്യസമ്പ്രദായം മലബാറിൽ നിലനില്ക്കുന്നു. തച്ചുശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും പ്രാവീണ്യം നേടിയിട്ടുള്ളവർ രാജകുടുംബങ്ങളിലുണ്ട്. ഞാൻ പ്രധാന പട്ടണങ്ങളിലെല്ലാം താമസിച്ചു. എന്റെ താമസക്കാലത്തൊന്നും ഒരാഭ്യന്തരലഹളയും മലബാറിൽ ഉണ്ടായിട്ടില്ല. രണ്ടു രാജാക്കന്മാർ തമ്മിൽ കൊല്ലത്ത് കോയ്മാവകാശത്തിന്നായി മത്സരിച്ചു. മത്സരം യുദ്ധമായില്ല. ചാലിയം എന്ന സ്ഥലത്തു അറബികളുടെ കോളനിയുണ്ടായിരുന്നു. ഇസ്ലാം മതം പ്രചരിപ്പിക്കാനായി അറബീകളിൽ പലരും മലബാറിൽ സഞ്ചരിച്ചിരുന്നു. മലബാറിന്റെ പലഭാഗങ്ങളിലും ഇസ്ലാം മതം മതാനുയായികൾ വർദ്ധിച്ചുവന്നു.......''

ക്രിസ്താബ്ദം 618 മുതൽ 907 വരെ ഷാങ്ങ് വർഗ്ഗക്കാർ ചൈനയിൽ ഭരണം നടത്തി. ഈ ഭരണകാലത്ത് വിദേശീയരായ മുസ്ലീമീങ്ങൾ ചൈന യിൽ വളരെയേറെ കുടിയേറിപ്പാർത്തു. ചൈനയിൽ മുസ്ലീം പ്രാബല്യം വർദ്ധിച്ച ഘട്ടത്തിലാണ് ''ജിസിയ''നിഷേധമെന്ന സമരം നടന്നത്. ഈ സമ രത്തിൽ പ്രധാനനേതൃത്വമേററെടുത്തിരുന്ന ഖലീഫാഖാലിദ്ബ്നു അബ്ദുൽമാലിക് അന്തരിച്ച ശേഷം ചൈനയിലേക്കുള്ള വിദേശീയരുടെ തള്ളിക്കയററം കുറഞ്ഞു. ചൈനയിൽ നിലവിലുണ്ടായിരുന്ന യുദ്ധനിപുണ രായ മുസ്ലീം പടയാളികളെ സൂ-സാങ്ങ് ചക്രവർത്തി തന്റെ സഹായത്തി ന്നായി വിളിച്ചു. ക്രിസ്താബ്ദം 758-ൽ ഈ സൈന്യത്തിലുൾപ്പെടുന്ന കുറെ പേരെ സ്വന്തം മേൽനോട്ടത്തിൽ രാജ്യത്തിന്റെ ഭദ്രതയ്ക്കായി താമസിപ്പിച്ചു. .ചിലരെ ലോകപര്യടനത്തിന്നായി വിട്ടു. ടാങ്ങ് വർഗ്ഗത്തിന്റെ അധ:പതന ത്തോടുകൂടി ചൈനയിൽനിന്ന് വിദേശങ്ങളിലേക്ക് വ്യാപാരികൾ യാത്രയാ യി. സൂങ്ങ് രാജവംശ (960-1280)ത്തിന്റെ കാലത്ത് മുസ്ലീം സഞ്ചാരികൾ കേരളത്തിൽ വന്നു. വ്യാപാരത്തിലും ഭരണകാര്യങ്ങളിലും ചൈനയിലെ മുസ്ലീമിങ്ങൾക്ക് വലിയ പങ്ക് വഹിക്കേണ്ടതായി വന്നു. മംഗോൾ വർഗ്ഗക്കാ രുടെയും (1358-1644) മിങ്ങുവർഗ്ഗക്കാരുടെയും കാലത്ത് വിദേശസഞ്ചാരി കൾ ചൈന സന്ദർശിക്കുകയുണ്ടായിട്ടുണ്ട്.

പ്രസിദ്ധ ഫ്രഞ്ച് ചരിത്രകാരനായ ബ്രൂംഹാൾ പശ്ചിമതീരവും ചൈനയും തമ്മിലുള്ള ബന്ധത്തെപ്പററി ഇങ്ങനെ പറയുന്നു. ''1862 മഞ്ചുരാജവംശത്തി ന്നെതിരായി യുദ്ധം ചെയ്ത് ഭരണാധികാരം കൈക്കലാക്കിയ യാക്കൂബ് ബെഗ് കേരളവുമായി വ്യാപാരബന്ധം വിപുലീകരിക്കുവാൻ ശ്രമിച്ച വ്യക്തിയാണ്. ''അത്താലിഖാസിയെന്ന അദ്ദേഹത്തിന്റെ ഭരണസ്ഥാപനവും കേരളവുമായി വ്യാപാര ഉടമ്പടി നടന്നതായി കാണുന്നു. ഈ ബന്ധം പ്രസിദ്ധ സഞ്ചാരിയായ വഖൂബ് ആലമിയുടെ കാലത്തുതന്നെ ജന്മമെടു ത്തിട്ടുണ്ട്. ആലമിയാണ് ചൈനയുടെയും പശ്ചിമതീരപ്രദേശങ്ങളുടെയും

സൌഹൃദം ദൃഢതരമാക്കിയത്....''

ആലമി ഒരു ചൈനീസ് അമ്പാസിഡറായിട്ടാണ് കേരളത്തിൽ വന്ന തെന്നു രേഖകൾ പറയുന്നു. ചൈനയുമായി കേരളത്തിന്നു പൌരാണിക കാലം മുതൽക്കു ബന്ധമുണ്ടെന്നും ഇടക്കാലത്തു ആ ബന്ധം സ്തംഭനാവ സ്ഥയെ പുണരുകയാണ് ചെയ്തതെങ്കിലും ആലമിയുടെ ആഗമനത്തോടു കൂടി വീണ്ടും ബന്ധം ദൃഢതരമായെന്നും ഗ്രഹിക്കാം. കേരളവും ചൈനയും തമ്മിലുള്ള സാസ്ക്കാരികവേഴ്ചയുടെ ചരിത്രപ്രാധാന്യമുള്ള ഒരു ശൃംഖലയായിരുന്നു ആലമി. ചരിത്രപുരുഷനായ ആലമിയുടെ മഹ ത്തായ സേവനം നാം എന്നും കൃതജ്ഞതയോടുകൂടി സ്മരിക്കും.

# പ്രാചീന കൊടുങ്ങല്ലൂർ

അയ്യായിരം സംവത്സരങ്ങൾക്കുമുമ്പ് വിദേശങ്ങളുമായി വ്യാപാരബന്ധത്തിൽ ഏർപ്പെടാൻ പ്രാചീനകേരളത്തിന്റെ തലസ്ഥാനമായ കൊടുങ്ങല്ലൂരിന്ന് സാധിച്ചിട്ടുണ്ട്. ഈ വിദേശബന്ധം കേരളത്തിന്റെ വാണിജ്യവികസനത്തിന് ഉത്തേജനം നൽകിയിട്ടുണ്ട്. ബി.സി.രണ്ടായിരത്തിലാണ് കൊടുങ്ങല്ലൂർ വിദേശരാജ്യങ്ങളിൽ വ്യാപാരസംബന്ധമായ സ്വാധീനം ചെലുത്തിയത്. ഈ സാമ്പത്തികബന്ധത്തെ സംബന്ധിച്ച് ഏതാനും രേഖകൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. കേരളത്തിന്റേതായ സാംസ്ക്കാരിക മുദ്രകൾ എടുത്തുകാട്ടത്തക്കവിധത്തിൽ ഒന്നും വിദേശങ്ങളിൽ പതിഞ്ഞു കാണുന്നില്ല. നമുക്കു പഴക്കമുള്ള ഒരു സംസ്ക്കാരം ഉണ്ടെന്നു പറയാമെങ്കിലും പറയത്തക്കതായ രേഖകളൊന്നും ഈ കാര്യത്തിൽ എടുത്തു ഉയർത്തികാട്ടുവാനും ചരിത്രകാരന്മാർക്ക് ലഭിച്ചിട്ടില്ല. സോളമന്ന് മുമ്പുതന്നെ കേരളത്തിലെ കുരങ്ങുകൾ ഈജിപ്തിൽ എത്തിയിരുന്നുവെന്ന് ഹിരോഗ്ലിഫിക്ക് രേഖകളിൽ കാണുന്നു. ഈജിപ്ത്, കൂഫ, സിറിയ തുടങ്ങിയ രാജ്യങ്ങളിലെ ഒരു സങ്കര സംസ്ക്കാരം കേരളത്തിന്റെ മണ്ണിൽ അലിഞ്ഞുചേർന്നിട്ടുണ്ടെന്ന് കാണാം. ക്രിസ്തുവിന്ന് മുമ്പുള്ള കേരളത്തിൽനിന്നും സാംസ്ക്കാരികമായ ഒരു സംഭാവനയും വിദേശികൾക്ക് ലഭിച്ചതായി രേഖകളില്ല. അതേസന്ദർഭത്തിൽ വ്യാപാരസാധനങ്ങൾ കേരളത്തിൽനിന്ന് യഥേഷ്ടം വിദേശങ്ങളിലേക്ക് കയററി അയക്കുകയും ചെയ്തു. അന്ന് വിപുലമായ വ്യാപാരബന്ധത്തിന് നേതൃത്വം നൽകിയിരുന്നത് കൊടുങ്ങല്ലൂരായിരുന്നു.

അലക്സാണ്ടരുടെ ആക്രമണത്തിനുമുമ്പ് അറബികൾ കൊടുങ്ങല്ലൂരുമായി ബന്ധപ്പെട്ടിട്ടുണ്ട്. അന്നത്തെ കൊടുങ്ങല്ലൂർ യവനഭാഷയിലും ഗ്രീക്കുഭാഷയിലും പല പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. പ്രസിദ്ധ ചരിത്രകാരനായ ടോളമി (Ptolemy)കൊടുങ്ങല്ലൂരിന്ന് മുസിരിസ് എന്ന പേരാണ് നല്കിയിരിക്കുന്നത്. ഇസ്രായേൽക്കാരുടെ തർസീസും, റോമാ

ക്കാരുടെ ഓഫറാറും, ഈജിപ്ത്കാരുടെ സാഫറും, ജെറുസലക്കാരുടെ ഷിംഗ്ലിയും, ഗ്രീക്കുകാരുടെ മോഥിലിയും കൊടുങ്ങല്ലൂരായിരുന്നുവെന്നു കേൾക്കുമ്പോൾ നാം അത്ഭുതപ്പെടും. തമിഴ് സാഹിത്യത്തിൽ കൊടുങ്ങല്ലൂരിന്ന് മററു പല പേരുകളുമുണ്ട്, ആ കാലഘട്ടത്തിൽ കേരളത്തിലെ ഉല്പന്നങ്ങൾ പേർസ്യൻ ഉൾക്കടൽ വഴി അറേബ്യയുടെ ദക്ഷിണഭാഗങ്ങളിലേക്കും അവിടെനിന്ന് കരവഴിയായി യമനും, ഹീജാസും കടന്ന് സിറിയയിലേക്കും ഈജിപ്തിലേക്കും കയററി അയച്ചിരുന്നു. നമ്മുടെ ഇന്നത്തെ അരി ''ഉറൂസ്'' എന്ന പേരിലാണ് അക്കാലത്ത് ഗ്രീക്കുകാർ അറിഞ്ഞിരുന്നത്. ഭാഷാശാസ്ത്രജ്ഞനായ ഡോക്ടർ കോഡ്വെൽ ഉറൂസ് തന്നെയാണ് കാലക്രമേണ ഇംഗ്ലീഷ്കാരൻ ''റൈസ്'' ആയി മാററിയതെന്നു തെളിയിച്ചിട്ടുണ്ട്. പോളിനേഷ്യയിലെയും, ഈജിപ്തിലേയും മനുഷ്യരുടെ ജീവിതരീതിയെ പിന്തുടരുന്നവർ കേരളത്തിലുണ്ടായിരുന്നു. കേരളത്തിലെ കൃഷി ആയുധങ്ങൾ പായ, പാത്രം തുടങ്ങിയവയ്ക്ക് ഈജിപ്ത്യൻ ഉപകരണങ്ങളോട് സാമ്യമുണ്ട്. അതുപോലെ മലബാറിൽ ഉപയോഗിച്ചിരുന്ന വഞ്ചി ഈജിപ്തിലെ യാനപാത്രത്തോട് സാമ്യമുള്ളതാണ്. ഇതിനെസംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിയ നരവംശശാസ്ത്രജ്ഞരും യാനപാത്രഗവേഷകരുമായ ഹേർണലും ബീൻഞ്ചിഹാർഡിയും പല രേഖകളും പുറത്തുകൊണ്ടുവന്നിട്ടുണ്ട്. മലബാറിൽ കാണുന്ന കവുങ്ങും, തെങ്ങും കൂഫയിലും, ബഗദാദിലും സുലഭമായിട്ടുണ്ടെന്ന് ഇവർ അഭിപ്രായപ്പെടുന്നു.

പുരാതനകേരളവുമായി വിദേശങ്ങൾക്കുള്ള ബന്ധത്തെ സംബന്ധിച്ച് തൌറാത്തിൽ ചില രേഖകൾ ഉണ്ട്. തൌറാത്തിൽ കാണുന്ന രേഖകളുടെ വെളിച്ചത്തിൽ കൊടുങ്ങല്ലൂരിന്റെ വ്യാപാരബന്ധം പുരാതനകാലം മുതല്ക്കാരംഭിച്ചതാണെന്ന് വിശ്വസിക്കാം. ബനൂഇസ്രായേൽ വർഗ്ഗക്കാരുമായി കൊടുങ്ങല്ലൂർ ബന്ധപ്പെട്ടിട്ടുണ്ട്. ചന്ദനം, ആനക്കൊമ്പ്, കുരുമുളക്, ഏലം തുടങ്ങിയ വിലകൂടിയ സാധനങ്ങളാണ് ബനൂഇസ്രായേൽ വർഗ്ഗക്കാർ കച്ചവടച്ചരക്കുകളായി വാങ്ങിയത്. ഈ ബന്ധം യഹൂസഫററ് എന്ന പ്രതാപശാലിയായ ഭരണാധിപന്റെ കാലംവരെയും ഉണ്ടായിരുന്നു. ഇസ്രായേൽ വംശജന്മാരുടെ കച്ചവടകേന്ദ്രം ചെങ്കടലിന്ന് സമീപമുള്ള അസിയൂൻ

എന്ന സ്ഥലത്തായിരുന്നു. ഏററവും വലിയ ഒരു കപ്പൽനിർമ്മാണശാല അസിയൂനിൽ സ്ഥാപിച്ചിരുന്നതായി പ്രസിദ്ധ ചരിത്രകാരനായ എ.ഡബ്ളിയു.എഫ്. ബ്ലൻഡ് രേഖപ്പെടുത്തിയിട്ടുണ്ട്. ചെങ്കടലിന്നു സമീപമുള്ള ഈ വ്യാപാരകേന്ദ്രത്തെ സംബന്ധിച്ച് ജനറൽ കണ്ണിങ്ങ് ഹാമും, ഹാമിൽട്ടനും ബ്ലണ്ടിന്റെ അഭിപ്രായത്തോടു യോജിക്കുന്നുണ്ട്. കൊടുങ്ങല്ലൂർ വിദേശവിപണികളുമായി നേരിട്ട് വ്യവസായം നടത്തിയിരുന്നത് ഇസ്രായേൽക്കാരുടെ മേൽനോട്ടത്തിലാണ്. ഹസ്രത്ത് മൌത്തിന്റെ തീരപ്രദേശത്തുള്ള സഫാറിലും കൊടുങ്ങല്ലൂരിലെ കപ്പലുകൾ ചെന്നെത്തിയിരുന്നു. സുഗന്ധദ്രവ്യങ്ങൾ അസംസ്കൃതവസ്തുക്കളാണ് സഫാറിലേക്ക് കയററി അയച്ചിരുന്നത്. ഹസ്രത്ത് മൌത്തിലെ ഈ സഫാർ അഞ്ഞൂറു കൊല്ലക്കാലം അതിന്റെ പ്രശസ്തി നിലനിർത്തി. ചരിത്രകാരനായ ഷംസുല്ലാഖാദരി സഫാറും മലബാറുമായുള്ള ബന്ധത്തെപ്പററി ഇങ്ങിനെ പറയുന്നു.''മലബാറിലെ വിലയേറിയ ഉത്പന്നങ്ങൾ സഫാറിലാണു് കൂടുതൽ വിററഴിച്ചിരുന്നത്. കപ്പലിനാവശ്യമുള്ള മരങ്ങളും സഫാറിലേക്ക് മലബാറിൽനിന്നു കയററി അയച്ചിരുന്നു. മലബാറിൽനിന്നും സഫാറിൽ ചെല്ലുന്ന സാധനങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിതരണം ചെയ്തിരുന്നു. മലബാറിലെ ചന്ദനത്തിന് അറേബ്യയിൽ കൂടുതൽ വില ലഭിച്ചിരുന്നു. മലബാറിലെ അരിയാണ് ഭക്ഷണത്തിനായി യമനിലും സഫാറിലും ഈജിപ്തിലും മററും ഉപയോഗിച്ചിരുന്നത്.'' സോക്രട്ടീസിന്റെ ശിഷ്യനായ സെനഫോണിന്റെ കാലത്ത് ഗ്രീക്കിൽ മലബാറിലെ അരി, ഭക്ഷണത്തിന്നായി ഉപയോഗിച്ചിരുന്നതായി ഹെലനിക്കാ ഗ്രന്ഥശേഖരണത്തിലും കാണുന്നുണ്ട്. അറബികളുടെ വ്യാപാരബന്ധം ഉത്തരോത്തരം അഭിവൃദ്ധിപ്പെടുന്നതുകണ്ട് ഗ്രീക്കുകാരും, റോമാക്കാരും മത്സരബുദ്ധിയോടുകൂടി മുന്നോട്ട് തിക്കിക്കയറി. സീസർ അഗസ്റ്റസ് ഈജിപ്ത് ആക്രമിച്ചപ്പോൾ ജറുസലേം പട്ടണവും സോളമന്റെ ചരിത്രപ്രസിദ്ധമായ ദേവാലയവും നശിപ്പിക്കപ്പെട്ടപ്പോഴും ചെങ്കടൽ വഴി റോമക്കാർ മലബാറിൽനിന്നും അരി സംഭരിച്ചിരുന്നു. മലബാർ കര കണ്ടുപിടിക്കുവാൻ പുറപ്പെട്ട സീസർ കോഡിയസ്സിന്റെ രണ്ടാമത്തെ വ്യാപാരസംഘം പൂഹാർ എന്ന തുറമുഖത്തെത്തിച്ചേർന്നു. ഈ പൂഹാർ പഴയ കൊല്ലം നഗരമാണെന്ന് ചരിത്രകാരന്മാരുടെ ഇടയിൽ ബലമായ സംശയമുണ്ട്. കച്ചവടക്കാര്യത്തിൽ അറബി

കളെ പിന്നിലാക്കിയ ഒരു കാലം കേരളത്തിൽ ഉണ്ടായിരുന്നുവെന്ന് ടോള മിയും, പ്ലീനിയും രേഖപ്പെടുത്തിയിട്ടുണ്ട്. റോമൻ വ്യാപാരികൾ കേരള ത്തിൽ സ്ഥിരതാമസമാക്കി. കൊടുങ്ങല്ലൂരിന്നടുത്ത് അവർ കോളനി സ്ഥാപിച്ച് ദേവാലയം പണിതു. അവരുടെ ആരാധനാപാത്രമായ സീസർ അഗസ്റ്റസിന്റെ പേരിലാണ് ഈ ദേവാലയം കൊടുങ്ങല്ലൂരിൽ സ്ഥിതി ചെയ്തിരുന്നത്. യുദ്ധനൈപുണ്യവും വ്യാപാരവൈദഗ്ദ്ധ്യവും സമ്പാദിച്ചു റോമക്കാർ മലബാറിൽ തങ്ങളുടെ ആധിപത്യം പുലർത്തുവാൻ ഇടയ്ക്കിടെ ചില ശ്രമങ്ങൾ നടത്തുകയുണ്ടായി. എന്നിട്ടും ഭരണകാര്യത്തിൽ അവർക്ക് പറയത്തക്ക സ്വാധീനം ചെലുത്തുവാൻ സാധിച്ചിരുന്നില്ല.

കേരളത്തിൽ കുടിയേറിപ്പാർത്ത വിദേശികൾ പ്രധാന കേന്ദ്രമായി കൊടുങ്ങല്ലൂരിനെത്തന്നെയാണ് തിരഞ്ഞെടുത്തത്. ബുദ്ധമുനികളുടെയും, ജൂതന്മാരുടെയും, ക്രിസ്ത്യാനികളുടെയും, മുസ്ലിമിങ്ങളുടെയും ദേവാലയ ങ്ങൾ കൊടുങ്ങല്ലൂരിൽ നിർമ്മിച്ചു. ബി.സി.360–ൽ അശോകചക്രവർത്തി യുടെ രാജകീയാടയാളങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ബൗദ്ധസ്തൂപം കൊടു ങ്ങല്ലൂർ തന്നെയാണ് സ്ഥാപിച്ചത്. ഈ ശിലാസ്തൂപം സ്ഥാപിച്ചതോടുകൂടി യാണ് ചരിത്രപ്രസിദ്ധമായ മാമാങ്കം ആരംഭിച്ചതെന്ന് ജൂതചരിത്രകാരനായ തോമാസ്ഡിപൈവ പ്രസ്താവിച്ചിരിക്കുന്നു. ബ്രാഹ്മണാധിപത്യത്തിന്റെ മുന്നേററത്തോടുകൂടി ബുദ്ധമതം കൊടുങ്ങല്ലൂരിൽ അധ:പതിച്ചു. ഹരിശ്ചന്ദ്ര പ്പെരുമാളുടെ കാലത്തെ വിദ്വൽസദസ്സിന് ശേഷമാണ് ബുദ്ധമതം നാമാവശേഷമായത്. ബുദ്ധമതത്തെ പരാജയപ്പെടുത്താൻ അംഗീകരിച്ച എല്ലാ അബദ്ധങ്ങളും ഇന്ന് ആചാരങ്ങളായി പരിരക്ഷിച്ചുപോരുന്നു. കൊടു ങ്ങല്ലൂർ ബുദ്ധമതത്തിന്റെ കേന്ദ്രമായി നൂററാണ്ടുകളോളം നിലനിന്നു. കൊടുങ്ങല്ലൂരിൽ കുടിയേറിപ്പാർത്ത മറെറാരുവർഗ്ഗം ജൂതന്മാരാണ്. ജൂതന്മാ രുടെ ആഗമനകാലത്തെ സംബന്ധിച്ചു ചരിത്രകാരന്മാരുടെ ഇടയിൽ സംശ യമുണ്ടെങ്കിലും കൊടുങ്ങല്ലൂർ തന്നെയായിരുന്നു ജൂതന്മാരുടെ കേന്ദ്രമെന്ന കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരാണ്. 1686–ൽ കൊച്ചി സന്ദർശിച്ച മോസസ്സ് ഡി പൈവ കൊടുങ്ങല്ലൂർ ജൂതന്മാർക്ക് ''ഷിംഗ്ലി''യെന്ന സ്ഥിരം കോളനിയുണ്ടായിരുന്നതായി പ്രസ്താവിച്ചിട്ടുണ്ട്. ''ഷിംഗ്ലി'' എന്ന പേര്

കാലാന്തേരേണ തമിഴിൽ ചിങ്ങലാഴിയായി രൂപാന്തരപ്പെട്ടു. ഭാസ്ക്കരരവി വർമ്മയുടെ കാലത്ത് ജൂതന്മാർക്ക് കൊടുങ്ങല്ലൂരിൽ പ്രത്യേകാനുകൂല്യ ങ്ങൾ നൽകിയിരുന്നു. ഈ ആനുകൂല്യങ്ങളെ സംബന്ധിക്കുന്ന രേഖകളട ങ്ങിയ ചെമ്പ് തകിടുകൾ ഗവേഷകന്മാർക്ക് കണ്ടുകിട്ടിയിട്ടുണ്ട്. ഈ സംഭവം നടന്നത് ക്രിസ്താബ്ദം 420–ൽ ആണെന്ന് മോയിൻസ്സും, 490–ൽ ആണെന്ന് ജോസഫ് മിഡിൽട്ടനും, 750–ൽ ആണെന്ന് ലോവ്സനും, 825–ൽ ആണെന്ന് വൈററ്ഹൗസും,10–ാം നൂററാണ്ടിലാണെന്നു പയോളിനും സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാലും ജൂതന്മാരുടെ പ്രതാപം കൊടുങ്ങല്ലൂ രിൽ അനേകാലം നിലവിൽ ഉണ്ടായിരുന്നുവെന്നും അസന്നിഗ്ദ്ധമായി വിളി ച്ചുപറയുന്നു. കൊടുങ്ങല്ലൂരിനെ രണ്ടാം പുണ്യഭൂമിയായി ജൂതന്മാർ ഗണി ച്ചിരുന്നുവെന്നത് ജൂതേതിഹാസങ്ങളിൽ കാണുന്നു.

സെന്റ് തോമസ്സിന്റെ ആഗമനം കൊടുങ്ങല്ലൂരിൽ ക്രിസ്തുമതപ്രചര ണത്തിന് ഉത്തേജനം നൽകി. ക്രി: 52–ൽ കൊടുങ്ങല്ലൂരിൽ വന്ന അദ്ദേഹം ദേവാലയം പണിതു പ്രചരണം ആരംഭിച്ചു. സെന്റ് തോമസ്സിന്റെ അനുയായി കൾ കൊടുങ്ങല്ലൂരിലെ ഭരണാധിപന്മാരുമായി ദീർഘകാലം ബന്ധം പുലർത്തി. തദനന്തരം മാലിക് ഇബനുദീനാറും, ഷറഫ്ബിൻമാലിക്കും, മാലിക്ഇബനുഫബീബും അദ്ദേഹത്തിന്റെ പത്നി ഖാരിയയും കൊടുങ്ങല്ലൂ രിൽ വന്നു കപ്പലിറങ്ങി. അറബികളുടെ കോളനികളും കൊടുങ്ങല്ലൂരിൽ ഉയർന്നു. വ്യാപാരതല്പരരായ അറബികൾ മതപ്രചരണം ആരംഭിച്ചത് ഇവ രുടെ ആഗമനത്തോടുകൂടിയാണ്. സിലോണിലെ ആദംമല കാണാൻ പോയ അറബികളാണ് കൊടുങ്ങല്ലൂരിൽ ഇറങ്ങിയതെന്നും ഐതിഹ്യമുണ്ട്. അവരെ അന്നത്തെ പെരുമാൾ സബഹുമാനം സ്വീകരിച്ചു, അങ്ങനെ എല്ലാ മതവിശ്വാസികളെയും ആശ്ലേഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഒരു മഹത്തായ പാരമ്പര്യമാണ് കൊടുങ്ങല്ലൂരിനുള്ളത്.

ഹിന്ദുപുരാണങ്ങളിൽ പ്രാചീന കൊടുങ്ങല്ലൂരിനെപ്പററി പ്രതിപാദിച്ചി ട്ടുണ്ടെന്നു കാണുന്നു. മുരച്ചി നഗരമെന്ന് തമിഴ് ഗ്രന്ഥങ്ങളിൽ കൊടുങ്ങല്ലൂ രിന് പേരുണ്ട്. മരിചം എന്നാൽ കുരുമുളകായതുകൊണ്ട് ആ കുരുമുള

കിൽനിന്നും രൂപമെടുത്ത പേരാണിതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ''കുരുമുളക് രാജാവ്'' എന്ന് കൊടുങ്ങല്ലൂർ ഭരണാധികാരിയെ ഈജിപ്തുകാർ വിളിച്ചിരുന്നതായി പ്രസിദ്ധ ചരിത്രകാരനായ ഇബനുഖൽതൂൺ പ്രസ്താവിച്ചിട്ടുണ്ട്. അറബി ചരിത്രഗ്രന്ഥങ്ങളിൽ കുരുമുളകു നാടായ മലബാറിന്നും തലസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിനും വിലകൂടിയ ഉല്പന്നങ്ങളുടെ നാടെന്നർത്ഥം വരുന്ന പേരുകളാണ് ഉപയോഗിച്ചിട്ടുള്ളത്. ''മുസരിസ്'' എന്ന് ചരിത്രകാന്മാർ കൊടുങ്ങല്ലൂരിന്ന് നാമകരണം ചെയ്തതിലും ചരിത്രപരമായി ചില കാരണങ്ങളുണ്ട്. ''മൂർസ്'' അധിവസിച്ചിരുന്ന രാജ്യമെന്നും 'മസൂരിദേവത'യെ പ്രതിഷ്ഠിച്ചിരുന്ന രാജ്യമെന്നും ചരിത്രം ഉൽഘോഷിക്കുമ്പോൾ അതിൽനിന്നു ഉണ്ടായതാണ് ''മുസരിസ്'' എന്നു പറയാം. പിന്നീട് മഹോദയപുരം എന്ന പേരിലാണ് കൊടുങ്ങല്ലൂർ അറിയപ്പെട്ടത്. തമിഴ് ചെമ്പുതകിടുകളിൽ കാണുന്ന മഹോദയപുരം കാലക്രമേണ മകോതപുരവും–മകോതപറമ്പുമായി തീർന്നു. ''ചേരൻ'' എന്നർത്ഥംവരുന്ന 'കോത' അധ:കൃതരുടെ പേരാണ്. ചേരന്റെ പറമ്പ് അതായതു കോതപറമ്പായി രൂപാന്തരപ്പെട്ടിട്ടുള്ള സ്ഥലം കൊടുങ്ങല്ലൂരിന്റെ വടക്കുഭാഗത്താണ്. ചേരരാജാക്കന്മാരുടെ തലസ്ഥാനമായ കൊടുങ്ങല്ലൂർ കൊടുംകാളിയൂരും, കൊടുംകൊലയൂരും, കൊടുംദേവിവാഴുംകോടും ഓരോ കാലഘട്ടത്തിൽ കൊടുങ്ങല്ലൂരിന്ന് വീണിട്ടുള്ള പേരുകളാണ്. മൂഷികവംശകാവ്യവും ഉൽഘോഷിക്കുന്ന ഈശാനശിവധർമ്മോദ്ധാരകന്റെ കാലത്ത് (ക്രി:499) കൊടുങ്ങല്ലൂർ കൊടിലിംഗപുരം ആയിരുന്നുവെങ്കിൽ അഖണ്ഡിതകീർത്തിപ്രതാപനായ വളഭൻ ഒന്നാമന്റെ കാലത്ത് (657) കൊടുംദേവിവാഴുംകോടുമായിരുന്നതായി കാണുന്നു. കൊമ്പൻപെരുമാൾ എന്നറിയപ്പെടുന്ന ''കൈലാസമടൈന്തചേര''നായ രാജാവിന്റെ കാലത്ത് (810) തിരുവഞ്ചപുരമെന്നും കൊടുങ്ങല്ലൂരിന്ന് പേരുണ്ടായതായി ചേരമാൻപെരുമാളിന്നു മുമ്പ് നാടുവാണിരുന്ന പാണ്ഡ്യപ്പെരുമാളുടെ (954) ഐതിഹ്യഗ്രന്ഥങ്ങളിലുണ്ടെന്ന് തമിഴ്ചെപ്പേടുകൾ വ്യക്തമാക്കുന്നു. സിലോണിൽനിന്നു വന്ന ബുദ്ധസന്യാസികൾ കൊടുങ്ങല്ലൂരിന്ന് ''ഹരിഹരസുതാപുരം'' എന്ന പേരിട്ടിട്ടുണ്ടെന്ന് സാനിമിഹിരന്റെ ചരിത്രരേഖകളിലുണ്ട്.

ചേരരാജാക്കന്മാരുടെ തലസ്ഥാനമെന്ന നിലയ്ക്കു വളരെക്കാലം ഭരണപരമായ പ്രതാപം കൊടുങ്ങല്ലൂർ നിലനിർത്തിപോന്നിട്ടുണ്ട്. കൊടുങ്ങല്ലൂരിലെ വിദ്വൽസദസ്സുകളെപ്പററി കേൾക്കാത്തവർ ചുരുക്കമാണ്. സംസ്കൃതസാഹിത്യത്തിൽ അഗാധപാണ്ഡിത്യം നേടിയ രാജാക്കന്മാർ കൊടുങ്ങല്ലൂരിലുണ്ടായിരുന്നു. അവരുടെ പണ്ഡിതസദസ്സ് ഭാഷാ സാഹിത്യ ചരിത്രത്തിലേക്ക് മഹത്തായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പെരുമാൾവാഴ്ചയ്ക്കുശേഷവും ഈ പ്രശസ്തി കൊടുങ്ങല്ലൂർ നിലനിർത്തി. ചേര രാജധാനി സ്ഥിതി ചെയ്തിരുന്നതായി വിശ്വസിക്കപ്പെടുന്ന ചേരമാൻ പറമ്പും കേരളത്തിലെ ആദ്യത്തെ മുസ്ലീംപള്ളിയും ഇന്നും കൊടുങ്ങല്ലൂരിൽ കാണാം. ഓരോ കാലഘട്ടത്തിലും മാറി മാറി വന്നിട്ടുള്ള ഭരണകൂടങ്ങളുടെ കീഴിൽ കൊടുങ്ങല്ലൂർ അതിന്റെ യശസ്സ് നിലനിർത്താൻ ശ്രമിച്ചു. രാജ്യഭാരമൊഴിഞ്ഞ പെരുമാളുടെ കാലത്തോടുകൂടി കൊടുങ്ങല്ലൂർ ക്ഷയിച്ചു. പ്രാചീനകേരളത്തിന്റെ തലസ്ഥാന നഗരിയായിരുന്ന കൊടുങ്ങല്ലൂർ പതിമൂന്നാംനൂററാണ്ടിന്റെ അവസാനത്തോടുകൂടി അയൽദേശങ്ങളുടെ പുരോഗതിക്ക് വഴിമാറിക്കൊടുത്തു. നഷ്ടപ്പെട്ട ആ പ്രതാപം കൊടുങ്ങല്ലൂരിന്ന് ഇനിയും വീണ്ടെടുക്കാൻ കഴിയുകയില്ലെന്നാർക്കറിയാം.

# കേരളം ജൂതേതിഹാസങ്ങളിൽ

പോർത്തുഗീസ്സുകാരുടെ പടുകൂററൻ ആക്രമണത്തോടുകൂടി കേരളത്തിലെ വ്യാപാരരംഗത്ത് നിന്ന് സ്ഥാനം നഷ്ടപ്പെട്ട വിദേശികളാണ് മലയാള യഹൂദന്മാർ. പുരാതന യഹൂദന്മാർക്ക് കേരളക്കരയുമായി വ്യാവസായിക വേഴ്ചയേക്കാൾ പ്രാധാന്യമുള്ള സാസ്ക്കാരികബന്ധം കൂടിയുണ്ടായിരുന്നു. ഇന്നും ജൂതമുത്തശ്ശികൾ ഉരുവിടുന്ന കീർത്തനങ്ങൾ പ്രസ്തുത സാസ്ക്കാരികബന്ധത്തെ പ്രകീർത്തിക്കുന്നവയാണ്. ജൂതസമുദായത്തിന് കേരളക്കരയിലെ രാജവാഴ്ചയുമായി അഭേദ്യമായ ബന്ധംസ്ഥാപിക്കാൻ കഴിഞ്ഞതുതന്നെ പ്രസിദ്ധരായ ജൂതവ്യാപാരികളുടെ കാലത്താണ്. ആരെയും സ്വാഗതം ചെയ്യുന്ന പാരമ്പര്യമുള്ള കേരളക്കരയ്ക്ക് ആദ്യമായി ലഭിച്ച വൈദേശിക കുടിയേറിപ്പാർപ്പുകാർ യഹൂദരാണ്. യൂറോപ്പിന്റെ ചരിത്രം തന്നെ മാററി എഴുതിയിട്ടുള്ള ജൂതസമുദായത്തെ ഒരുകാലത്ത് ശത്രുക്കൾ ഭൂമുഖത്തെവിടെ കണ്ടാലും വേട്ടയാടിയിരുന്നു. ആ ശപിക്കപ്പെട്ട കാലഘട്ടത്തിലാണ് ജെറുസലം പട്ടണത്തിൽനിന്ന് ജൂതന്മാർ കേരളത്തിലെത്തിയത്. അഭയാർത്ഥികളായ ജൂതന്മാർക്കു എല്ലാ സൗകര്യങ്ങളും അന്നത്തെ കേരളഭരണാധികാരി നൽകി. ഈ കുടിയേറിപ്പാർപ്പു സംബന്ധിച്ച് ചരിത്രാന്വേഷകരുടെയിടയിൽ തർക്കമുണ്ട്. ടുണീഷ്യ, സ്പെയിൻ, അറേബ്യ എന്നീ നാട്ടുകാരായ ചരിത്രകാരന്മാരുടെ ഭിന്നാഭിപ്രായ രേഖകൾ മാററിവെച്ചാൽ അവശേഷിക്കുന്ന ജൂതചരിത്രകാരന്മാരായ ബെസ്ററയിജി, മോസസ് ഡിപൈവ, റാബി ബഞ്ചമിൻ, ഈസ് എബ്രഹാം തുടങ്ങിയവരുടെ വിവരണങ്ങളാണ്. ഇവരിൽ മോസസ് ഡിപൈവയൊഴിച്ചു ബാക്കിയെല്ലാവരും ഏ.ഡി.58–നു മുമ്പുതന്നെ ജൂതന്മാർ കേരളത്തിൽ വന്നെത്തിയതായി പറയുന്നു. ക്രിസ്താബ്ദാരംഭകാലം ജൂതസമുദായത്തിന്റെ തകർച്ചയുടെ കാലമാണ്. അന്നുമുതൽ പതിനഞ്ചാംനൂററാണ്ടുവരെയും കേരളവുമായി അന്തർരാഷ്ട്രീയബന്ധം പുലർത്തിപ്പോരാൻ വിദേശജൂതന്മാർക്ക് കഴിഞ്ഞു.

ആ കാലത്ത് ജൂതേതിഹാസങ്ങളുടെ വിലയേറിയ അദ്ധ്യായങ്ങളിൽ കേരളം ഒരു ചർച്ചാവിഷയമായി.

യഹൂദസാഹിത്യം വളർന്നത് ഹീബ്രുവിലൂടെയാണ്. ലോകഭാഷകളിൽ ഉന്നതസ്ഥാനം ഹീബ്രുവിനുണ്ടായിരുന്നു. ബി.സി.ഏഴാം നൂററാണ്ടിൽ കേരളക്കരയിലേക്ക് യാത്രയായ മെയോർക്കായിലെ കപ്പല്ക്കാരുടെകൂടെ ഹീബ്രൂഭാഷാ പ്രചാരകൻ കൂടി ഉണ്ടായിരുന്നുവെന്നാണ് റെബ്നുനിസ്സിം എന്ന ഹീബ്രൂമഹാകവി പറയുന്നത്, പുരാതനകേരളത്തിലെ വ്യാപാരഭാഷയുടെ സ്ഥാനം ഹീബ്രുവിനുണ്ടായിരുന്നുവോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. പഴയ ''തമിഴ്–മലയാള''ത്തിൽ ഉപയോഗിച്ചിരുന്ന പല വാക്കുകളും ഹിബ്രുവിനോട് ബന്ധപ്പെട്ടതായിരുന്നു. തമിഴിലെ 'തക്കായി, ഹിബ്രുവിലെ 'തുക്കിയും' 'അരശർ' അർശുമായി രൂപാന്തരപ്പെട്ടു. സാംസ്ക്കാരിക മണ്ഡലത്തിൽ മാത്രം കാലൂന്നി നില്ക്കാൻ യഹൂദർ പരിശ്രമിച്ചില്ല. വ്യാപാരാഭിവൃദ്ധിയായിരുന്നു അവരുടെ പ്രധാന ലക്ഷ്യം. ഗ്രീക്കിലേക്ക് കേരളക്കരയിൽനിന്ന് കയററി അയക്കുന്ന ചരക്കുകൾ ജൂതപ്രമാണിയായിരുന്ന ''സൂഫലി റബ്ബീൻ'' എന്ന കപ്പിത്താന്റെ മേൽനോട്ടത്തിലാണ് തുറമുഖത്ത് ഇറക്കിയിരുന്നത്. ഈ ''സൂഫലി റബ്ബി''ന്റെ കപ്പൽയാത്ര ജൂതേതിഹാസത്തിലെ സഞ്ചാരകഥകളിൽ പെട്ടതാണ്. കപ്പലോട്ടക്കാരനായ റബ്ബിൽ ജറുസലം വിട്ട് ''ഷീംഗ്ലി''യിലേക്ക് യാത്രയാകുന്നു. ഷിംഗ്ലി പുരാതനകേരളതലസ്ഥാനമായ കൊടുങ്ങല്ലൂരാണ്. റബ്ബിന്റെ സഞ്ചാരവിവരണം ജൂതസമുദായത്തിലെ ഷേക്സ്പിയറായ ജൂഡഹെലവി തന്റെ ലോകപ്രസിദ്ധമായ ''ഫാൻതീന''യിൽ എടുത്തുദ്ധരിച്ചിരിക്കുന്നതിങ്ങനെയാണ്.

''സഞ്ചാരികളുടെ മനം കവരുന്ന ഷിംഗ്ലിപട്ടണമേ, നിന്റെ യശസ്സിന്റെ പൊൻകതിരുകൾ ഇസ്രായേൽ സന്തതികളെ നല്ല വഴികളിലേക്ക് നയിക്കുന്നു. നിന്റെ ഭ്രാതൃസ്നേഹം നഷ്ടപ്പെട്ട മനോവീര്യം ഇസ്രായേൽക്കാർക്ക് നൽകുന്നു. ഷിംഗ്ലിയുടെ ആലിംഗനം സോളമന്റെ രക്ഷാകവചം പോലെ ഇസ്രായേൽ സന്തതികൾക്കനുഭവപ്പെടുന്നു.'' പ്ലീനി, ടോളമി, പെരിപ്ലിസ് തുടങ്ങിയ ചരിത്രകാരന്മാരുടെ വിവരണത്തെക്കാൾ പ്രാധാന്യ

മർഹിക്കുന്ന രേഖകൾ ജൂതമഹാകവികളിൽനിന്ന് അറാമിക്കിലും ഹിബ്രു വിലും കേരളത്തെസ്സംബന്ധിച്ച് വന്നിട്ടുണ്ട്. ഐതിഹ്യങ്ങളുടെ മേഘമാല കൾക്കുള്ളിൽ കിടക്കുന്ന പ്രാചീന കേരളം ജൂതമഹാകവികളായ റെബ്ബനു നിസ്സിം, അബ്രഹാം ഇബ്നു ഈസ്റ, ജൂഡഹെലവി എന്നിവരുടെ ചിത്രീകര ണത്തിന് വിഷയീഭവിച്ചു. സമ്പൽസമൃദ്ധമായിരുന്ന പുരാതന കേരളം അങ്ങിനെയാണ് വിദൂരപൂർവ്വദേശങ്ങളിൽ പ്രശസ്തി പരത്തിയതെന്നും, വിദേശികളുടെ സൗഹൃദം സമ്പാദിച്ചതെന്നും ഭൂതകാല ജൂതചരിത്രം വ്യക്തമാക്കുന്നു. അന്നത്തെ ജൂതപണ്ഡിതൻമാർ കണ്ട കേരളം എങ്ങിനെ യിരുന്നുവെന്ന് മനസ്സിലാക്കാൻ അവരുടെ ഇതിഹാസം ഉപയോഗപ്പെടുന്നു.

സോളമൻ ഹെലവിയെന്ന ജൂതസഞ്ചാരി ''ഷിംഗ്ല മലേച്ച്'' (Shcingla Melech) എന്ന ഹീബ്രൂകൃതിയിൽ കേരളത്തിന്റെ ഒരു ചിത്രം അവതരിപ്പിക്കുന്നുണ്ട്. ഷിംഗ്ല മലേച്ച് എന്നാൽ ''കൊടുങ്ങല്ലൂർ രാജാവ്'' എന്നാണർത്ഥം. ''രാജാവിനോട് യുദ്ധം ചെയ്യുന്നത് പാപമാണെന്നും രാജാ വിന്നായി യുദ്ധം ചെയ്യുന്നത് മോക്ഷമാണെന്നും കേരളീയർ വിശ്വസിക്കു ന്നു.'' രാജാവിനു സംഭവിക്കുന്ന ആപത്ത് രാജ്യത്തിന്നും പ്രജകൾക്കും സംഭവിക്കുന്ന ആപത്താണെന്നും കേരളീയർ വിശ്വസിക്കുന്നു. ധർമ്മനിഷ്ഠ യിൽ കേരളത്തിലെ രാജാക്കന്മാർ എപ്പോഴും മുന്നണിയിലാണ്. യുദ്ധത്തട വുകാരെ വധിക്കുന്നതിൽ രാജാക്കന്മാർ വിമുഖരാണ്. മോക്ഷത്തിലും പുനർജ്ജന്മത്തിലും വിശ്വസിക്കുന്ന രാജാക്കന്മാർക്ക് ധർമ്മയുദ്ധത്തിൽ മാത്രമെ ശ്രദ്ധയുള്ളു.

പ്രാകൃത ആചാരങ്ങൾ പലതും രാജാവിന്റെ വംശത്തിൽ നിലവിലു ണ്ട്. പട്ടാഭിഷേകം പോലെയുള്ള രാജകീയ ചടങ്ങുകളിൽ വിലകൂടിയ കാഴ്ചവസ്തുക്കൾ പ്രദർശിപ്പിക്കുക, അനന്തരാവകാശികൾ ഭസ്മലേപനം ചെയ്തു നാലുചുററും നടക്കുക, വാളും നാളികേരവും കയ്യിലേന്തി പ്രതി ജ്ഞചെയ്യുക ഇവയെല്ലാം പണ്ടേക്കുപണ്ടെ നിലവിലുള്ള ആചാരങ്ങളാണ്.

ഭൂപ്രകൃതികൊണ്ട് ജനങ്ങൾ കൃഷ്ണവർണ്ണമുള്ളവരായിത്തീർന്നിരിക്കുന്നു. ഏപ്രിൽ മുതൽ ഒക്ടോബർ വരെ ദുസ്സഹമായ ചൂടാണ്. കുരുമുളകും കറുവലപ്പട്ടയും, ഇഞ്ചിയും ഈ കാലാവസ്ഥ കൊണ്ട് സുലഭമായി ലഭിക്കുന്നു. എല്ലാ ഉല്പന്നങ്ങളിലും രാജാവിന് ഒരധികാരമുണ്ട്. കുരുമുളക് വിദേശങ്ങളിലേക്ക് കയററി അയക്കുന്നതിൽ രാജാവ് തന്നെ ഉടമ്പടിയിൽ ഒപ്പിടുന്നു. കുരുമുളകിന്റെ കയററുമതിചുങ്കം ക്രിസ്താബ്ദം 322ൽ നൂറിന് പതിനേഴ് എന്ന നിരക്കിലായിരുന്നു. കച്ചവടക്കാർ ചൈനാക്കാരും, അറബികളും, ഇസ്രായേൽക്കാരുമായിരുന്നു. ഈ കച്ചവടം മുഴുവനും കയ്യടക്കാൻ റോമൻ വ്യാപാരികൾ കൊടുങ്ങല്ലൂർ രാജാവിന് സ്വർണ്ണക്കിരീടവും സ്വർണ്ണക്കുരിശും സമ്മാനിക്കുകയുണ്ടായി. സത്യസന്ധനായ രാജാവ് പഴയ വ്യാപാര ഉടമ്പടിയെ മാനിച്ച് പുതിയ വ്യാപാരികളെ മാററിനിർത്തി. അവർക്കു മരത്തടികൾ കൊടുക്കാമെന്നേററു. വളഭരാജാക്കന്മാരുടെ കാലത്തെ പുതുക്കിയ വ്യാപാര ഉടമ്പടി കൊടുങ്ങല്ലൂർ രാജാവ് ചെമ്പുതകിടിലാണ് ചീനക്കാർക്കു കൈമാറിയത്. ''യാംഗ്ടാംഗ്പി'' എന്ന ചൈനീസ് വ്യാപാരിയാണ് കുരുമുളക് വ്യാപാരക്കുത്തക അവസാനമായി കയ്യടക്കിയത്....'' ഫെലവിയുടെ ഈ വിവരണത്തിലൂടെ പുരാതനകേരളത്തിലെ രാജാക്കന്മാരുടെ സത്യസന്ധതയാണ് വ്യക്തമാകുന്നത്.

അബ്രഹിം ഇബ്നു ഈസ്ര മലബാർകരയിലെ ആചാരക്രമങ്ങളെയും പിന്തുടർച്ചാവകാശങ്ങളെയുമാണ് തന്റെ സഞ്ചാരക്കുറിപ്പിൽ എടുത്തു കാട്ടിയിട്ടുള്ളത്. അറാമിക്കിലും സ്പാനിഷിലും വളരെ ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ഈസ്രയെ ജൂതചരിത്രപണ്ഡിതന്മാരിൽ ഉന്നതനായി ഗണിക്കപ്പെടുന്നു. അദ്ദേഹം ''ജൂതന്മാരെ സ്വീകരിച്ച രാജ്യവും രാജാവും'' എന്ന ഗ്രന്ഥത്തിൽ കേരളത്തെപററി പറയുന്നു. ''രാജപദവി അലങ്കരിക്കാൻ അവകാശി എപ്പോഴും വയസ്സ്മൂത്ത ആളാണ്. അയാൾ അപ്രാപ്തനായാലും, പാമരനായാലും, അംഗവിഹീനനായാലും കിരീടാവകാശി തന്നെ. തീരെ അവകാശികളില്ലാതാകുമ്പോൾ ഒരാളെ ദത്തെടുക്കുന്നു. ഈ സമ്പ്രദായം മലബാർ രാജാക്കന്മാരുടെയിടയിൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്.

സ്ത്രീകൾക്കും പുരുഷന്മാർക്കും വസ്ത്രധാരണത്തിൽ ഭ്രമമില്ല. പകുതി മറച്ചുകഴിഞ്ഞാൽ അവരുടെ മുഴുവൻ വസ്ത്രമായി. ഉന്നത കുലജാതന്മാരായ വർഗ്ഗക്കാർ സ്ത്രീകളെ സ്വന്തം വസതികളിൽനിന്ന് പുറത്താക്കാറില്ല. സാധാരണ ജനങ്ങൾ നേരെ മറിച്ചും. ബഹുഭർതൃത്വം ഒരു ആചാരമായിട്ടാണ് ഇവർ സ്വീകരിച്ചിട്ടുള്ളത്. മെയോർക്കായിലെയും ഓഡ്വാനിലെയും ജനങ്ങളെപ്പോലെ ബഹുഭർതൃത്വം പ്രോത്സാഹിപ്പിക്കപ്പെടുന്നവരാണ് മലബാർകാർ. ഇതുകൊണ്ട് പിൻതുടർച്ചാവകാശതർക്കം ഇല്ലാതെ സ്വൈരമായി ഇവർ കഴിയുന്നു. വിദേശത്തുനിന്ന് കുടിയേറിപ്പാർത്തവരുടെ സംസർഗ്ഗം ബഹുഭർതൃത്വത്തിൽനിന്ന് ഇവരെ പിന്തിരിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഉയർന്നവരെന്ന് തിരിക്കപ്പെട്ടവർക്കു് താഴ്ന്നവരുമായി തൊട്ടുകൂടാ, ഈ സമ്പ്രദായം ഇവിടെ പണ്ടുമുതലെ നടപ്പുണ്ടായിരുന്ന അടിമക്കച്ചവടം കൊണ്ട് സംഭവിച്ചതാകാം. അടിമകളെപ്പോലെ ഒരു വർഗ്ഗമിവിടെയുണ്ട്. അവരെതൊട്ടാൽ ഉയർന്നവരായ നൂൽധരിച്ചവർ സ്നാനം ചെയ്യണം, അങ്ങനെ ചെയ്തില്ലെങ്കിൽ ബഹിഷ്ക്കരിക്കപ്പെടും. നിയമംനടത്തുന്ന ഗ്രാമത്തലവൻ താഴ്ന്ന ജാതിക്കാർക്ക് ശിക്ഷാർഹമായ ഉയർന്നവനെ വിൽക്കുന്നു. അല്ലെങ്കിൽ ബഹിഷ്ക്കരിക്കപ്പെട്ടവൻ യോഗിയായിക്കഴിയുന്നു. താഴ്ന്ന ജാതിക്കാരുടെ ഭക്ഷണം ഉയർന്നവൻ കഴിക്കാറില്ല. ജാതികൾ പൊതുവെ മൂന്നുതരത്തിൽ പെട്ടവരാണ്. ഭരണാധികാരികളായ വർഗ്ഗം എപ്പോഴും ഉയർന്നവരായി കഴിയുന്നു. രണ്ടാമതായി പട്ടാളക്കാരായ നായർ വർഗ്ഗവും. മൂന്നാമതായി തീരപ്രേദേശങ്ങളിലും കൃഷിസ്ഥലങ്ങളിലും മലയോരങ്ങളിലും അധിവസിക്കുന്നവരും. രണ്ടാമത്തെ ജാതിക്ക് നാട്ടിൽ പ്രതാപവും സ്ഥാനമാനങ്ങളുമുണ്ട്.

അലിഖിതങ്ങളായ ചില നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് ശിക്ഷകൾ നൽകുന്നത്. ഒരു താണജാതിക്കാരൻ ഉയർന്ന ജാതിയിൽ ഒരു സ്ത്രീയുമായി ലൈംഗികവ്യാപാരത്തിലിടപ്പെട്ടാൽ ഇരുവരുടെയും, ഇംഗിതമറിയാതെ സ്ത്രീയെ ഭ്രഷ്ട്കല്പിച്ച് പുറംതള്ളും. താണജാതി സ്ത്രീകളുമായി നൂൽധാരികളായ ഉയർന്നവർ ഇടപെട്ടാൽ അവരെ വ്യഭിചാരക്കുററത്തിന്

ശിക്ഷിക്കുന്നില്ല. ബ്രാഹ്മണരുടെയിടയിലെ മൂത്തസഹോദരനു മാത്രമേ ഭാര്യയെ എടുക്കാൻ അവകാശമുള്ളു. മററു സഹോദരന്മാർ നായർസ്ത്രീകളുമായി ബന്ധപ്പെടണം. ആചാരസംബന്ധമായ കുററങ്ങൾക്കു പുറം തള്ളുന്നവർ കുരിശോ തൊപ്പിയോ സ്വീകരിച്ചു അന്യമതസ്തരാകും. ഒരു തസ്കരനെയോ കൊലയാളിയേയോ ശിക്ഷിക്കണമെങ്കിൽ ഗ്രാമത്തലവന്റെ അനുമതിയുണ്ടായാൽ മതി. പിടിക്കപ്പെട്ട പുള്ളിയെ കടൽക്കള്ളന്മാർക്ക് ഏല്പിച്ചുകൊടുക്കുന്ന പതിവുണ്ടായിരുന്നു. ഈ വിഡ്ഢിത്തംകാരണം സ്വദേശികളായ കടൽക്കള്ളന്മാർ വളർന്നു. ഈ നിയമത്തിന് മാററം വരുത്തിയത് ജോർഡാനസ്സ് പാതിരിമാരുടെ ഉപദേശമനുസരിച്ചാണ്. വധശിക്ഷയ്ക്ക് വിധിച്ച പുള്ളിയുടെ പ്രേതം മതാചാരപ്രകാരം സംസ്ക്കരിച്ചിരുന്നു.

കേരളത്തിലെ കളിമൺവ്യവസായവും തുണിനെയ്ത്തും പരിഷ്ക്കരിച്ചത് ക്രിസ്താബ്ദം അഞ്ചാം നൂററാണ്ടിലാണെന്ന് തെളിയിക്കുന്ന രേഖകളാണ് കേരളം സന്ദർശിച്ച മോസസ് ഡി പൈവ ഉദ്ധരിക്കുന്നത്. ഈ വ്യവസായം നയിൽനദീതീരത്ത് കുടിയേറിപ്പാർത്തവരായ പുരാതന ഇസ്രായേൽക്കാർ കേരളക്കരയിൽ പകർത്തിയതാണെന്നും ഡിപൈവ ഊന്നിപ്പറയുന്നു. ഇസ്രായേൽ പട്ടണനിർമ്മാണത്തിൽ ഉപയോഗിച്ചിരുന്ന ചെറുതരം ഇഷ്ടികകളും ഓടും കേരളത്തിൽനിന്ന് ഡിപൈവ കണ്ടെത്തി.''കളിമണ്ണിൽ പച്ചിലയും ചാരവുംചേർത്ത് ഉണ്ടാക്കുന്ന ഇഷ്ടിക ഇസ്രായേൽ പട്ടണത്തിലുള്ളതുപോലെ ഇവിടെയുമുണ്ട്. ഈ ഇഷ്ടികനിർമ്മാണം പുരാതന ജൂതന്മാരുടെ കൈത്തൊഴിലുകളിൽ പ്രാധാന്യമുള്ളതാണ്. ഒരു കൈപ്പത്തിയുടെ വീതിയുള്ള ഓടുകളും അവർ നിർമ്മിച്ചിരുന്നു. അവർ കുടിയേറിപ്പാർത്തതോടുകൂടി കേരളക്കരയിൽ ഈ വ്യവസായം വളർന്നു. തുണിനെയ്ത്തിൽ ജൂതന്മാർ കേൾവി കേട്ടവരായിരുന്നു. വർണ്ണപ്പകിട്ടുള്ള തുണികളും വലകളും ഇസ്രായേൽ ജൂതന്മാർ നെയ്തിരുന്നു. കൊടുങ്ങല്ലൂരിലെ ഒരു രാജാവിന് ജൂതനേതാവായ ജോസഫ് റബ്ബാൻ നൽകിയ സമ്മാനങ്ങളിൽ തുണിയും മോസസിന്റെ കളിമൺപ്രതിമയുമുണ്ടായിരുന്നു. ''പാർക്കരവിവർമ്മ'' എന്ന ആ രാജാവ് തുണിവ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ ജോസഫ് റബ്ബാന് അനുമതി നൽകി. മോസസ്ഡിപൈവ പറയുന്ന

ജോസഫ് റബ്ബാന്റെ കാലം ചരിത്രകാരനായ ഡോ:ബൂച്ച്നവിന്റെ അഭിപ്രായ ത്തിൽ ക്രി:490–ലാണ്. അന്നത്തെ പ്രാകൃത തമിഴിൽ ജോസഫ് റബ്ബാൻ യഹൂദപ്രാർത്ഥനാപുസ്തകം പരിഭാഷപ്പെടുത്തിയിട്ടുണ്ടെന്നും ബുച്ച്നർ പറയുന്നു. അമിർസ്റ്റെഡാമിൽ സൂക്ഷിച്ചിട്ടുളള ജൂതപട്ടയത്തിൽ ജോസഫ് റബ്ബാന്റെയും ഭാസ്ക്കര രവിവർമ്മയുടെയുംഒപ്പുകൾ ഉണ്ട്. ആ കാലത്ത് നടന്ന വ്യാപാര ഉടമ്പടികൾ പോലും ചെമ്പുതകിടുകളിൽ പകർത്തിയിരു ന്നു. ചൈനാക്കാരായ വ്യാപാരികൾ തുണിനെയ്ത്ത് പുതിയ പരിഷ്ക്കാരം നടപ്പാക്കുന്നതുവരെയും ആരംഗത്തിൽ വൈദേശിക ജൂതന്മാരാണ് കേരള ത്തിൽ പ്രവർത്തിച്ചിരുന്നത്. കണ്ണൂരും, ധർമ്മടത്തും, പാലിയത്തും തുണി നെയ്ത്തുവ്യവസായത്തിൽ അറബികൾ സ്വാധീനം ചെലുത്തിയ കാലത്തും ''ജൂതലുങ്കികൾ'' (ജൂതന്മാരുടെ പ്രത്യേകതരം തുണി) പ്രചാരത്തിലുണ്ടായി രുന്നു. മോസസ്ഡിപൈവ കേരളത്തിന്നു കാണുന്ന മറെറാരു പ്രത്യേകത അനാഡംബരതയും ശുചിത്വവുമാണ്. ഡി പൈവയുടെ ഭാഷയിൽ പകർത്താം. ''അർദ്ധനഗ്നരായ കേരളീയർ സൂര്യോദയത്തിനുമുമ്പ് സ്നാനം കഴിഞ്ഞു കൃഷിപ്പണിക്കിറങ്ങുന്നു. പ്രകൃതിയിലെ ചൂടും തണുപ്പും സമ മായി ഇവർ ഭാഗിച്ചെടുക്കുന്നു. കായശക്തിയിൽ മറ്റാരെക്കാളും ഇവർ മിക ച്ചുനിൽക്കുന്നു. ആത്മീയബോധവും രാജഭക്തിയും ഇവരുടെ മികച്ച ലക്ഷ ണങ്ങളാണ്. മിതവ്യയശീലവും പരസ്പരവിശ്വാസവും ഇവരുടെ നിഷ്ക്കള ങ്കജീവിതത്തെയാണ് വെളിവാക്കുന്നത്. ആർക്കും ആരോടും പകയോ വിദ്വേഷമോ ഇല്ല. കൂട്ടായ ജീവിതമാണിവരുടേത്. ജൂത കുടിയേറിപ്പാർപ്പു കാർക്കും, ക്രിസ്ത്യാനികൾക്കും, അറബികൾക്കും, ഇവർ സഹകരണം നൽകുന്നു. വേഗം ഇടപഴകി കഴിയുവാനും ഇവർക്ക് കഴിയുന്നു. വിദേശിക ളായ എല്ലാ മിഷ്യനറി പ്രവർത്തകർക്കും ശാന്തശീലരായ ഇവരെ വലിയ ബഹുമാനമാണ്''

റെബ്നുനസ്സിം എന്ന മഹാകവി തന്റെ മനോഹരമായ കവിതകളിലൂ ടെയാണ് കേരളത്തെ ചിത്രീകരിച്ചിട്ടുള്ളത്. നങ്കൂരമിട്ട് അനന്തമായ അറബി ക്കടലിൽ കിടക്കുന്ന പാക്കപ്പലുകളിൽ വിദേശസംസ്ക്കാരത്തിന്റെ പ്രതിനി ധികളും സന്ദേശവാഹകരുമുണ്ടെന്ന് റെബ്നുനസ്സിം വിശ്വസിക്കുന്നു.

‘‘എണ്ണമററ തിരമാലകളെ മുറിച്ച് കൊണ്ടു ജറുസലമിന്റെ സന്താന ങ്ങൾ നിന്റെ കരങ്ങൾ സ്പർശിക്കാൻ ഈ തീരപ്രദേശത്ത് വന്നു.

ധനദേവതയും ഭാഗ്യവതിയുമായ ഷിംഗ്‌ലിനാടെ, നീ അവരെ മാറോ ടണച്ച് പുണരുന്നു. നിന്റെ നിശ്വാസങ്ങളിലൂടെ നിന്റെ സ്നേഹത്തിന്റെയും ഔദാര്യത്തിന്റെയും സുഗന്ധവും ഗുണവും അങ്ങ് വിദൂരതയിൽ നിൽക്കുന്ന ഇസ്രായേൽക്കാരറിഞ്ഞു. വിദേശികളുടെ ഭിക്ഷാപാത്രങ്ങൾ അക്ഷയപാത്രങ്ങളാക്കി മാററാൻ നിനക്ക് മാത്രമാണ് കഴിഞ്ഞത്. നിന്റെ അരുമസന്താനങ്ങളെപ്പോലെ നീ അവരെ വളർത്തി. അവരുടെ കളിപ്പാട്ട ങ്ങൾ നിന്റെ ലീലകൾക്കൊപ്പിച്ച് അവർ ചലിപ്പിച്ചു. അങ്ങിനെ സന്തോഷ ത്തിന്റെ– ആഹ്ലാദത്തിന്റെ– ആ ബന്ധം ഇന്നും നിലനിൽക്കുന്നു. ഓടി യോടി വരുന്ന ഓരോ കൊച്ചലകൾക്കും മറുനാടിന്റെ സന്ദേശം ഷിംഗ്‌ലിയെ അറിയിക്കാനുണ്ട്. ഷിംഗ്‌ലിയെ അനുഗ്രഹിക്കപ്പെട്ട രണ്ടാം പിതൃഭൂമിയായി ഇസ്രായേൽ സന്തതികൾ കരുതുന്നു....’’ റെബ്നു നസ്സിമിന്റെ ‘‘യഹൂദ ഓതോ’’വിലും ‘‘ഷിംഗ്‌ലി അബീനയിലും’’ കേരള ത്തിന്റെ മഹത്തായ പ്രശസ്തിയേയും സമ്പൽ സമൃദ്ധിയേയുമാണ് എടുത്തു പറഞ്ഞിട്ടുള്ളത്. ഹീബ്രൂഭാഷയിൽ പുതിയ കാവ്യപ്രസ്ഥാനം തുറന്ന വിഖ്യാത വ്യക്തികൂടിയാണ് റെബ്നുനിസ്സാം.

മലയാളക്കരയിലെ ജൂതന്മാരുടെ കീർത്തനങ്ങളിൽ അവരുടെ രാജഭ ക്തിയേയും രാജ്യസ്നേഹത്തെയും പ്രഖ്യാപിക്കുന്ന ഈരടികൾ കാണാം. ജൂത കീർത്തനങ്ങൾ മദ്ധ്യകാലഘട്ടത്തിലെ നാടോടിപ്പാട്ടുകളിൽ പ്രാധാന്യ മുള്ളതാണ്. ആ കീർത്തനങ്ങളിലൂടെ സന്ധി, സമരം, ഉടമ്പടി, മതചടങ്ങു കൾ, വിവാഹചടങ്ങുകൾ, രാജഭക്തി തുടങ്ങിയ പലതും ചരിത്രാന്വേഷ കർക്ക് കണ്ടുപിടിക്കാം. ഒരു ജൂതരാജസ്തുതിയിലെ ഏതാനും വരികൾ ഇങ്ങിനെയാണ്:–

‘‘ഒടപ്പറപ്പായ ഇസ്രായേൽ മക്കൾക്ക്

നമ്മടെ രാജാവിന്റെ നാളിൽ
എങ്ങനെ മീതിച്ച വരുത്തുടയോനെ
കുറവുകൂടാതെ പെരിമ വതങ്ങെണം
ഒതുമയായ കുലത്തിന് തിരുവുള്ളമാകെണം
തണിപായിട്ടിരിത്തണം ഇസ്രായേൽമക്കളെ
നല്ലയെറുശാലായി കുട്ടന്റെ ഞായനെ''

ഇതിൽ ജൂതന്മാരുടെ രാജഭക്തി നിഴലിച്ചു കാണാം.

കേരളത്തിലെ ജൂതയുദ്ധകഥയെ പുരസ്ക്കരിച്ചുള്ള ഒരു കാവ്യത്തിലിങ്ങനെ കാണാം.

''ആതിമൊതലായ അറിഞ്ഞ അറിവാളൻ
അശുവെരോശു തന്റെ നാളിലെ കാര്യം-
ആരാന്റെനാട്ടി പടക്ക് പെറപ്പിട്ടു
ഒറൂറെ ഓമനും മൂർദ്ധാഹയേ സന്തിഹും''

ഈ കവിതയുടെ നിർമ്മാണകാലം പോർത്തുഗീസ്സ് ആക്രമണത്തിനു ശേഷമാണ്. പോർത്തുഗീസ്സുകാരുടെ രണ്ടാം ആക്രമണഘട്ടത്തിൽ ജൂതസിനഗോഗ് (ജൂതദേവാലയം) ഇടിച്ചുപൊളിക്കുകയും കയ്യെഴുത്തു ഗ്രന്ഥശേഖരം കത്തിച്ചുകളയുകയും ചെയ്തു. കേരളക്കരയുമായി യഹൂദന്മാർക്കുള്ള ബന്ധത്തെയും വ്യാപാരഉടമ്പടികളെയുംപററി വളരെയേറെ കവിതകൾ പോർത്തുഗീസ്സുകാലത്ത് പ്രചാരത്തിലുണ്ടായിരുന്നു. ഏതാനും ചില കൃതികളിന്നും അവശേഷിച്ചിട്ടുണ്ട്. റാബിപോളെന്ന ക്രിസ്തീയ പരിഷ്ക്കർത്താവിന്റെ മതപരിവർത്തനകാലത്തും ജൂതന്മാരുടെ നാടോടിപാട്ടുകൾക്ക് നല്ല പ്രചാരമുണ്ടായിരുന്നു. ജൂതന്മാരുടെ ഗാനനിർമ്മാണരീതിതന്നെയാണ് ക്രിസ്തീയഭക്തിഗാനങ്ങൾ നിർമ്മിച്ചവർ അംഗീകരിച്ചിട്ടുള്ളത്. ക്രിസ്തീയ മത പ്രചാരകന്മാർ മതസാഹിത്യത്തെ പരിപോഷിപ്പിക്കുവാൻ പരിശ്രമിച്ച കാലഘട്ടങ്ങളിൽ അവർക്ക് എളുപ്പമാർഗ്ഗം കാട്ടിയത് ജൂതനാടൻ പാട്ടുകളാണ്. ജൂതന്മാർ മതാചാരങ്ങൾക്ക് ഉപയോഗിക്കുന്ന വാക്കുകൾപോലും ക്രിസ്തീയ പുത്തൻപാനയിൽ കാണാം. ജൂതന്മാരുടെ പ്രാർത്ഥനയുടെ രാഗം തന്നെയാണ് ക്രിസ്ത്യാനികളും സ്വീകരിച്ചിട്ടുള്ളത്. ഗദ്യവും-പദ്യവും ഇടകലർന്ന ഒരുതരം ചമ്പുക്കളും ജൂതമത സാഹിത്യ

ത്തിൽ കാണാവുന്നതാണ്. ഇത്തരം കലാസൃഷ്ടികളുടെ നിർമ്മാതാക്കൾ ആരാണെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല. ചില സമൂഹഗാനങ്ങൾ ചില സിനഗോഗുകളുടെ പേരിലാണ് അറിയപ്പെടുന്നത്. ഇടക്കാലത്തുണ്ടായ ക്രിസ്തീയ''പാന''കളിൽ ജൂതനാടൻപാട്ടുകളുടെ നിർമ്മാണരീതി നിഴലിച്ചു കാണാം. ജൂതന്മാരുടെ വിലപ്പെട്ട ഇതിഹാസങ്ങളിൽ കേരളത്തിന്ന് ഒരു സ്ഥാനമുണ്ട്. പുരാതനകേരളം അവരുടെ വീക്ഷണകോണിലൂടെ നോക്കു മ്പോൾ ഒരു ക്ഷേമരാഷ്ട്രമായിരുന്നെന്ന് കാണാം. ജൂതേതിഹാസങ്ങളിൽ നിറംപകർന്ന് നിൽക്കുന്ന ആ നല്ല കേരളം വീണ്ടും ഉയിരെടുക്കുമോ?

# ന്യൂഹോഫ് കണ്ട കേരളം

പുരാതന കേരളത്തെസ്സംബന്ധിച്ച് അവസാനിക്കാത്ത ആശയക്കുഴപ്പം ഇന്നും ചരിത്രകാരന്മാരുടെയിടയിൽ തങ്ങിനില്പുണ്ട്. സ്വതന്ത്ര ചരിത്ര നിർമ്മാണത്തിന്നാവശ്യമായ ശാസ്ത്രീയവീക്ഷണം വളരാത്തതുകൊണ്ടുള്ള കുഴപ്പമാണിതെല്ലാം. സഞ്ചാരികൾ കേരളത്തെപ്പററി എഴുതിയിട്ടുള്ള കുറി പ്പുകൾ തേടിപ്പിടിക്കാനും ചരിത്രാന്വേഷകന്മാർ അത്രയൊന്നും പരിശ്രമിച്ചി ട്ടില്ലെന്ന് നമ്മുടെ ചരിത്രഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു. വെനീഷ്യക്കാരും, ചൈനാക്കാരും, അറബികളും, ടുണീഷ്യരും മററും മററും വിലയേറിയ പല വിവരണങ്ങളാണ് കേരളത്തെപ്പററി നൽകിയിട്ടുള്ളത്. ഫാഹയാന്റെയും ഹുയാങ്ങ്സാന്റെയും ചരിത്രപ്രസിദ്ധമായ ഭാരതയാത്രയെപ്പോലെ മഹ ത്തായ പല യാത്രകളും വിദേശികൾ കേരളത്തിൽ നടത്തിയിട്ടുണ്ട്. ജൂതപ രിഷ്ക്കർത്താവായ ജോസഫ് റബ്ബാനും, ക്രൈസ്തവ മതപ്രചാരകനായ സെൻ തോമസും, ഇസ്ലാം സന്ദേശവാഹകനായ മാലിക് ബ്നുദീനാറും വിദേശികളായ സഞ്ചാരികളെ കേരളത്തിലേക്കാകർഷിച്ച ആദ്യകാല മാർഗ്ഗ ദർശികളാണ്. മാർക്കോപോളോ, ഇബ്നുബതൂത്ത, അൽബറൂണി, ഫ്രെയർ ഒഡോറിക്ക്, അബുൽറസ്സാക്ക്, അൽഇദ്രിസി, നിക്കോളസ്, ന്യൂഹോഫ് അബുൽഫെദെ തുടങ്ങിയ സഞ്ചാരികളുടെ കുറിപ്പുകളിലൂടെ കേരളത്തെപ്പ ററി അറിയുന്നത് ചരിത്രപഠനത്തിന് പ്രചോദനം നൽകും. ഈ സഞ്ചാരിക ളിൽ ഏതാനും ചിലരൊഴിച്ച് വ്യാപാരസമ്പർക്കം സ്ഥാപിക്കാൻ കേരളത്തി ലെത്തിയതാണ്. പോർത്തുഗീസ്സ് പ്രതാപം കേരളത്തിൽ അധ:പതിച്ചു കൊണ്ടിരുന്ന കാലത്ത് കേരളം സന്ദർശിച്ച ഒരു ഡച്ചുകാരന്റെ വിവരണത്തി ലേക്കു ഒന്നെത്തിനോക്കാം. പോർത്തുഗീസ്സുകാരെക്കാൾ വസ്തുനിഷ്ഠ മായ സത്യത്തിന്ന് വിലയിരുത്താൻ ഡച്ചുകാർ ശ്രമിച്ചിട്ടുണ്ട്. കേരളത്തിലെ കമ്പോളങ്ങൾ കയ്യടക്കണമെന്നു ഡച്ചുകാർക്ക് ആഗ്രഹമുണ്ടായിരുന്നെ ങ്കിലും കൊലയും കൊള്ളയും നടത്തുവാൻ പോർത്തുഗീസ്സുകാരെപ്പോലെ കുപ്രസിദ്ധി സമ്പാദിക്കാൻ അവർ സാഹസപ്പെട്ടിരുന്നില്ല.

ഏ.ഡി.1663 സെപ്തമ്പറിൽ കേരളക്കരയിലെ ഡച്ചുപണ്ഡികശാല കൾ പരിശോധിക്കുവാനും വ്യാപാരബന്ധം പുതുക്കുവാനും കൊച്ചിയിലെ ത്തിയ ഡച്ചുപണ്ഡിതനായിരുന്നു ന്യൂഹോഫ്. കൊച്ചീരാജ്യചരിത്രത്തിൽ രാഷ്ട്രീയപ്രാധാന്യമുളള ഡച്ചു–കൊച്ചി ഉടമ്പടി നടന്നത് 1663 മാർച്ച് 22 –ാംനു–യാണു. രാജകുടുംബത്തിൽപ്പെട്ട രണ്ടു താവഴികൾ കലഹിച്ചു പിരി ഞ്ഞപ്പോൾ ഡച്ചുകാർ ഒരുഭാഗത്തുകൂടി. കേരളത്തിൽ ആദ്യത്തെ ഡച്ചുക പ്പൽ വന്നത് 1595ലാണ്. അരനൂററാണ്ടിലധികം ശ്രമിച്ചിട്ടും പോർത്തുഗീസ്സു പ്രതാപത്തെ തകർക്കാൻ ഡച്ചുകാർക്കു് കഴിഞ്ഞില്ല. മാർച്ചുമാസത്തിലെ ഉട മ്പടിയോടുകൂടി കൊച്ചിരാജ്യത്തെ വ്യാപാരക്കരാറുകൾ പുതുക്കുകയും ക്രിസ്ത്യാനികളുടെ സംരക്ഷണചുമതല ഏല്ക്കുകയും, രാജ്യത്തെ അക്രമ ണങ്ങളിൽനിന്നു രക്ഷിച്ചുകൊള്ളാമെന്ന് വാഗ്ദത്തം നൽകുകയും ചെയ്ത ഡച്ചുകാർ താമസിയാതെ എല്ലാ കേന്ദ്രങ്ങളിലും സ്വാധീനംചെലുത്തി. കൊച്ചിരാജാക്കന്മാർക്ക് ‘‘കമ്പഞ്ഞി എജമാനന്മാ’’രായി ഡച്ചുകാർ വാഴു ന്നകാലത്തു ന്യൂഹോഫ് ഒരു പര്യടനം നടത്തി. ന്യൂഹോഫിന്റെ കുറിപ്പുക ളിലൂടെ പുറത്തുവന്നിട്ടുള്ള വിവരണങ്ങളിൽ കേരളചരിത്രകാരന്മാർക്ക് വ്യക്തമായ അഭിപ്രായവ്യത്യാസമുണ്ട്. എന്നാലും സ്വീകാര്യങ്ങളായവയുമു ണ്ട്.

ഒരു മഹാപുരുഷന്റെ അപദാനങ്ങളാലും ദിവ്യാത്ഭുതങ്ങളാലും കേര ളീയർ ആകർഷിക്കപ്പെട്ടതിനെപ്പററി ന്യൂഹോഫ് പറയുന്നു. ‘‘ദൈവതുല്യ മായ ശക്തിയുള്ള പരശുരാമ മഹർഷിയുടെ സംഭാവനയാണ് കേരളമെന്ന് വിശ്വസിക്കുന്നവരാണ് കേരളീയർ. പരശുരാമൻ ദിവ്യായുധമായ മഴു കടൽപ്പരപ്പിലൂടെ ചുഴററിയെറിഞ്ഞപ്പോൾ മഴു ചെന്ന് വീഴുന്ന സ്ഥലം വരെയും മൺതിട്ടായി രൂപാന്തരപ്പെട്ടു. അങ്ങിനെ കേരളക്കരയുണ്ടായി. ഈ കഥക്കു അവലംബം നൽകുന്ന ഐതിഹ്യകഥകൾ കേരളീയരുടെ കയ്യിലു ണ്ട്. കാലം കുറെക്കഴിഞ്ഞപ്പോൾ രാജാക്കന്മാർ കേരളക്കരയിൽ തലപൊ ക്കി. ചെറിയ ഘടകങ്ങളായി ഭരിച്ചിരുന്ന രാജ്യങ്ങളെല്ലാം വലിയ കോയ്മക ളുടെ കീഴിലായി. ഈ കോയ്മാവകാശം ചേരമാൻ പെരുമാളുടെ കാലത്ത്

ശിഥിലീകരിച്ചു. അറേബ്യയിലേക്ക് ചേരമാൻ പെരുമാൾ യാത്രപുറപ്പെട്ട പ്പോൾ രാജ്യം അനന്തരാവകാശികൾക്ക് കൊടുത്തു. രാജ്യത്തിന്റെ കണ്ണായ കണ്ണൂർ അദ്ദേഹത്തിന്റെ വിശ്വസ്ത മന്ത്രിക്കും, കോഴിക്കോട് സർവ്വാധികാ ര്യക്കാരനും, അടുത്ത കോയ്മാവകാശം ലഭിക്കേണ്ടവന് കൊച്ചിരാജ്യവും, വ്യാപാരസാമ്പത്തികകാര്യങ്ങൾ നോക്കി രാജ്യത്തിന് മുതലെടുപ്പ് സൂക്ഷിച്ച വന് കൊല്ലം രാജ്യവും നൽകി. ഇവർക്കെല്ലാം സ്ഥാനമാനങ്ങളും കല്പിച്ചു കൊടുത്തു. വ്യാപാരതുറമുഖമായ കോഴിക്കോട്ടുരാജ്യം ലഭിച്ച ആൾ സാമൂ തിരിയായി (രാജാധിരാജൻ) അഭിഷേകം ചെയ്തു. ചെറിയ ചെറിയ നാട്ടുപ്ര മാണികൾക്ക് പണക്കിഴികളും, പട്ടും, ബഹുമാനപ്പേരും, രാജകീയ അടയാള മുള്ള മുദ്രയും നൽകി. ചിലർക്ക് ചില ചെറിയ ദേശങ്ങളുടെ മേൽനോട്ടം വിട്ടുകൊടുത്തു. ആരെയും തിരസ്ക്കരിക്കരുതെന്ന് അനന്തിരവന്മാരെ ഉപ ദേശിച്ചു.വിദേശികളായ വ്യാപാരികൾക്ക് സൌജന്യമായ താമസസ്ഥല ങ്ങളും മറ്റെല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന് പ്രത്യേകം നിർദ്ദേശിച്ചു.

കുരുമുളകും ഏലവും വ്യാപാരം ചെയ്യുന്നതിൽ സാമൂതിരിക്കായി രുന്നു പ്രധാന പങ്ക്. സാമൂതിരിയുടെ വ്യാപാരാവകാശത്തെ ചോദ്യം ചെയ്യാനാരുമുണ്ടായിരുന്നില്ലെന്നു തന്നെ പറയാം. സാമൂതിരിയുടെ തീട്ടൂരമ നുസരിച്ച്‌വ്യാപാര ഉടമ്പടികളിൽ ഏർപ്പെടാൻ അയൽ നാട്ടുപ്രമാണി മാർക്കു അവകാശമുണ്ടായിരുന്നു. എല്ലാ കാര്യങ്ങൾക്കും പരമാധികാരം സാമൂതിരിക്കായിരുന്നു. നാണയങ്ങളും രാജശാസനകളും സാമൂതിരിയുടെ വിശ്വസ്ത മന്ത്രിമാർതന്നെ നടപ്പിലാക്കിയിരുന്നു. സ്വന്തം നാണയ നിർമ്മാണം ഈജിപ്തുകാരുടെ സഹായത്തോടുകൂടിയാണ് ആരംഭിച്ചത്. ഈ പ്രതാപം കുറെ വർഷങ്ങൾക്കുശേഷം തകർന്നു. അയൽനാട്ടിലെ രാജാക്കന്മാർ സാമൂതിരിയെ വകവയ്ക്കാതെയായി.

സാമൂതിരിയുടെ വംശപാരമ്പര്യത്തെ ബഹുമാനിക്കുന്ന ഇടത്തരം പ്രഭുക്കൾ നാട്ടിലെവിടെയും ഭരണകൂടത്തിന്റെ മറപിടിച്ചുകൊണ്ട് അനീതി ചെയ്യാൻ തുടങ്ങി. സാമൂതിരിയുടെ കീഴിൽ ഇണങ്ങിജീവിച്ചിരുന്ന നായർ പ്രമാണികൾ ഈ കാരണം കൊണ്ട് ശത്രുക്കളായി മാറി. ചെറുകിട രാജാ

ക്കന്മാർ വ്യാപാരക്കാര്യത്തിൽ സാമൂതിരിയുടെ അനുമതികൂടാതെതന്നെ വിദേശികളുമായി ബന്ധപ്പെട്ടു. ഈ വ്യാപാരസഖ്യത്തെ പ്രോത്സാഹിപ്പിക്കുവാൻ കൊച്ചിരാജാവ് തയാറായി. കണ്ണൂർ രാജാവും കൊല്ലം രാജാവും ആദ്യഘട്ടങ്ങളിൽ കലാപങ്ങളിൽ നിന്നു ഒഴിഞ്ഞു. വനോൽപന്നങ്ങൾ കയററി അയക്കാനുള്ള കൊച്ചി രാജാവിന്റെ പുതിയ ഉടമ്പടി പോർത്തുഗീസ്സുകാർ അംഗീകരിച്ചതോടുകൂടി സാമൂതിരിയുടെ കീഴിലുള്ള ചെറുകിട രാജാക്കന്മാരും പരോക്ഷമായി വ്യാപാരത്തിലിടപെട്ടു. ആഭ്യന്തരകലാപങ്ങൾ യുദ്ധത്തിന്റെ രൂപം കൈക്കൊണ്ടപ്പോൾ പോർത്തുഗീസ്സുകാർ ഓരോ ചേരിയേയും സന്ദർഭോചിതം സഹായിച്ചു. പോർത്തുഗീസ്സ് പാണ്ടികശാലകൾ മലബാറിൽ ഉയർന്നുവന്നതോടുകൂടി കൂടി രാജ്യരക്ഷയ്ക്കുതന്നെ കോട്ടം കെട്ടി. അറബികളുടെ വ്യാപാരകുത്തക പരാജയപ്പെടുത്താൻ പോർത്തുഗീസുകാർ ഒരു നൂററാണ്ടുകാലം യുദ്ധം ചെയ്തു. ഈ യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ സാമൂതിരി പോർത്തുഗീസ്സുകാരെ സഹായിച്ചു.

സാമൂതിരി ഭരണകാലത്തു കൊലപാതകം നടത്തിയവനു കഠിന ശിക്ഷ നൽകിയിരുന്നു. കളവ്, ചതി, വിശ്വാസവഞ്ചന എന്നിവയ്ക്കു സമുദായനേതാക്കന്മാരുടെ വിധി പ്രകാരം ശിക്ഷ നൽകാൻ പ്രത്യേകം ''പഞ്ചായത്തുകൾ'' ഏർപ്പെടുത്തിയിരുന്നു. വധശിക്ഷക്കു വിധിച്ചതിന്നു ഒരു കൊല്ലക്കാലം തടവുശിക്ഷയനുഭവിക്കേണ്ടിവരും. ഒടുവിൽ സാമൂതിരിയുടെ പിറന്നാൾദിവസം പാപികളെ തരംതിരിക്കുന്ന ഏർപ്പാടുണ്ട്. നിശ്ചിത സംഖ്യയിട്ട് ഘാതകന്മാരുടെ ഭാഗ്യപരിശോധന നടത്തും. അതിൽ വിജയിക്കുന്നവന്നു ശിക്ഷയിൽ നിന്നൊഴിവാകാം. കൊലപാതകിയെ കടൽക്കള്ളന്മാർക്കു ഏല്പിച്ചുകൊടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ചിലരെ ആനയുടെ മുമ്പിലിട്ടുകൊടുക്കും. ക്രൂരമായ ശിക്ഷകൾ നടത്തുവാൻ പഞ്ചായത്തുകളുടെ സമ്മതം വേണം. ഏതൊരു മതവിശ്വാസിയേയും ആ മതവിധി പ്രകാരമുള്ള ശിക്ഷയ്ക്കു വിധേയനാക്കും.

വിവാഹാഘോഷങ്ങൾക്കു കൂടുതൽ പണം ചിലവിടുന്നവർ ഉയർന്ന ജാതിക്കാരാണ്. പുരോഹിതന്മാരുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെടുന്ന ആ

വിവാഹത്തിനു സുഹൃൽ ജനങ്ങളുടെ വിലകൂടിയ പാരിതോഷികങ്ങൾ ലഭിക്കുന്നു. ബ്രാഹ്മണർ വിവാഹനിശ്ചയത്തോടുകൂടി ക്ഷേത്രത്തിലേക്കു പോകുന്നു. തദനന്തരം സ്ത്രീകളും പുരുഷന്മാരുമടങ്ങിയ ഒരു സംഘം പാട്ടുപാടുകയും മേളങ്ങളിണക്കുകയും ചെയ്യുന്നു. വലിയ വിവാഹ ചടങ്ങുകൾക്കു സാമൂതിരിയുടെ പ്രത്യേക ദൂതൻ സമ്മാനം നൽകും. കയ്മൾമാരുടെ വിവാഹത്തിനു നായർ വീരന്മാർ അകമ്പടി നിൽക്കുന്നു. ആനപ്പുറത്തു വരനേയും വധുവിനേയും കയററി എഴുന്നെള്ളിക്കുന്ന ചടങ്ങു നായർ നിർവഹിക്കണം. ആനപ്പുറത്തു കയറിയ വരനും വധുവും ഊര് ചുററിയശേഷം വിവാഹസദ്യ നടത്തുന്നു. ഈ സദ്യ തുടങ്ങുന്നതിനു മുമ്പു നായന്മാർക്കു ആചാരപ്രകാരമുള്ള നാളികേരം നൽകും.

മററു വർഗ്ഗക്കാരുടെ വിവാഹങ്ങളും ആഘോഷപൂർവ്വം കൊണ്ടാടാറുണ്ട്. വിലകൂടിയ വസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞൊരുങ്ങുന്ന വിവാഹ ചടങ്ങുകളിൽ എല്ലാ മത വിശ്വാസികൾക്കും പ്രത്യേകം സ്ഥാനമനുവദിച്ചിരുന്നു. ഓരോ വർഗ്ഗക്കാരും അവരുടേതായ പാരിതോഷികങ്ങൾ സുഹൃത്തുക്കളുടെ വിവാഹത്തിന്നു എത്തിക്കുന്നു.

മരണശേഷം നടക്കുന്ന അടിയന്തിരങ്ങളിലും എല്ലാ മതവിശ്വാസികളും പങ്കെടുക്കാറുണ്ട്. വിഗ്രഹാരാധനയിൽ വിശ്വസിക്കുന്ന എല്ലാവരേയും മരിച്ചു കഴിഞ്ഞാൽ ദഹിപ്പിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. പോർത്തുഗീസ്സുകാരുടെ വരവിനു മുമ്പു തന്നെ ഈ സമ്പ്രദായം നിലവിലുണ്ട്. ഭർത്താവു മരിച്ചാൽ ഭാര്യ സ്വയം മരണം വരിക്കുന്ന സമ്പ്രദായത്തിന്നു വലിയ മാററം വന്നിട്ടില്ല. ഭർത്താവിന്റെ വേർപാടിന്റെ സ്മരണയ്ക്കായി മുണ്ഡനം ചെയ്യുന്ന ആചാരം കേരളക്കരയിലുടനീളം നടപ്പുണ്ട്. ശവം ദഹിപ്പിച്ച ഭസ്മം നദിയിൽ ഒഴുക്കുന്നവരാണ് എല്ലാ വേദവിശ്വാസികളും. മുണ്ഡനം ചെയ്ത സ്ത്രീ ജീവിതകാലം മുഴുവനും വിധവയായിക്കഴിയുന്നു. സമുദായത്തിൽ അവർക്കുണ്ടായിരുന്ന മാന്യസ്ഥാനവും അതോടെ നഷ്ടപ്പെടുന്നു. ഭാര്യമാർ മരിച്ചാൽ ഭർത്താക്കന്മാർ ഇതിൽനിന്നു വിത്യസ്തത പാലിക്കുന്നു.

ന്യൂഹോഫ് കേരളക്കരയിലെ ആചാരങ്ങളെ സംബന്ധിച്ച് നീണ്ട വിവരണമാണു നൽകുന്നത്. ഇടക്കാലത്തു ബ്രാഹ്മണാധിപത്യത്തിന്റെ സമ്മർദ്ദനം കൊണ്ടു സമുദായരംഗത്തു വേരുറച്ചുപോയ ആചാരങ്ങളെല്ലാം തനി കേരളീയമാണെന്നു ന്യൂഹോഫ് തെററി ദ്ധരിച്ചതാണ്. ന്യൂഹോഫിന്റെ ചരിത്രവിവരണത്തിനു നിദാനമായിട്ടുള്ളതു പുരാതന കേരള ഐതിഹ്യമാണ്. ''നാലു സ്വരൂപങ്ങളും പതിനേഴു നാടും പതിനെട്ടു രാജാക്കന്മാരും എമ്പത്തെട്ടു ക്ഷേത്രങ്ങളും കാളി, ശാസ്താവ്, അന്തിമഹാകാളൻ, ഉച്ചമഹാകാളൻ, ബ്രഹ്മരാക്ഷസൻ, ഗുളികൻ, ചാത്തൻ, ചാമുണ്ഡി തുടങ്ങിയ പ്രതിഷ്ഠകളും മുപ്പത്തേഴ്, നാടുവാഴികളും, ഇരുന്നൂറോളം സ്ഥാനക്കാരു, നാല്പതോളം ജാതിപ്പേരും, പതിനെട്ടോളം ആചാരങ്ങളും കേരളത്തിലുണ്ട്. ജാതിയിൽ ഉയർന്നവരായവർക്കു രാജ്യഭരണത്തിൽ വലിയ പങ്കുണ്ടായിരുന്നു. ഒടുവിൽ ശൂദ്രകുലത്തിൽപ്പെട്ടവരായ കയ്മൾ, കുറുപ്പ്, പണിക്കർ, നായകർ, മേനോക്കി തുടങ്ങിയവരും അധികാരസ്ഥാനങ്ങളിലേക്കു കയറി. എല്ലാവർക്കും എല്ലാ ദിവസവും കൊണ്ടാടാനുള്ള ആചാരങ്ങളുണ്ടായിരുന്നു. ഈ ആചാരങ്ങൾ തന്നെ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളായി മാറി. ഉത്സവ വേളകളിൽ അർദ്ധനഗ്നകളായി സ്ത്രീകൾ തിരിയും അരിയും വച്ച് പ്രതിഷ്ഠയെ പൂജിക്കുന്നു. ഗ്രാമങ്ങളിലെ ചില വർഗ്ഗക്കാരുടെ താണതരം പ്രതിഷ്ഠകൾക്ക് മദ്യവും പൊരിയും നല്കി തൃപ്തിയടയുന്നു. അന്യോന്യം തൊടാൻ പാടില്ലാത്തവരുടെ ആചാരങ്ങൾക്കെല്ലാം ഐക്യരൂപമുണ്ടായിരുന്നു...'' എന്നിങ്ങനെ നീണ്ടുപോകുന്ന വിവരണമാണ് ന്യൂഹോഫ് നല്കുന്നത്.

പ്രാചീനകേരളത്തിലെ ആചാരക്രമങ്ങളെയും സാമുദായികജീവിതത്തെയും സംബന്ധിച്ചു ന്യൂഹോഫ് എഴുതിയിട്ടുള്ള ചരിത്രക്കുറിപ്പുകൾ ഇന്ന് പല ഗ്രന്ഥങ്ങളിലേക്കും പകർത്തപ്പെട്ടിട്ടുണ്ട്. ആധുനികജനതയ്ക്കു സ്വപ്നതുല്യമായി തോന്നുന്ന പലതും പുരാതനകേരളത്തിൽ നടമാടിയിരുന്നു. വിദേശികൾക്ക് നമ്മുടെ പൂർവ്വകാല ചരിത്രം രസപ്രദമായ

പഠനവിഷയമാണ്. ഡച്ചുചരിത്രകാരന്മാർ ന്യൂഹോഫിന്റെ രേഖകളെ അടിസ്ഥാനമാക്കിയാണ് കേരളചരിത്രത്തെപ്പററി പ്രതിപാദിച്ചിട്ടുള്ളത്. നാമറിയാത്ത പലതും നമ്മുടെ പൂർവ്വികന്മാരെപ്പററി അവർ ധരിച്ചിരിക്കുന്നു. അവരുടെ ധാരണ തെററായാലും ശരിയായാലും വസ്തുനിഷ്ഠമായ നിലയിൽ ഒരു സംപൂർണ്ണ കേരള ചരിത്രം ഉണ്ടാകുന്നതുവരേയും നിലവിലുള്ള രേഖകൾ പ്രചരിച്ചുകൊണ്ടിരിക്കും.

കേരളത്തിലെ കലകളെപ്പററിയും വിദ്യാഭ്യാസരീതിയെക്കുറിച്ചും ന്യൂഹോഫ് പറയുന്നതിങ്ങനെയാണ്. ''കേരളത്തിന്നു സ്വന്തമായ കലകളുണ്ട്. നാടൻരീതിയിലുള്ള നൃത്തങ്ങൾ, പുരാതന കഥകളെ അവലംബിച്ചുള്ള ആംഗ്യനാടകങ്ങൾ, ആയുധ മുറകളെ കാണിക്കുന്ന അഭ്യാസങ്ങൾ, ക്ഷേത്ര സങ്കേതങ്ങളിൽ നടത്തുന്ന മതപരമായ ചടങ്ങുകൾ എന്നിവയിൽ കേരളീയരുടെ കലാപരമായ പ്രതിപത്തി നിഴലിച്ചുകാണാം. കലകളുടെ നിർമ്മാണത്തിലും നടത്തിപ്പിലും മുഴുകിക്കഴിയുന്ന ജനവിഭാഗം കേരളത്തിലുണ്ട്. ആഘോഷങ്ങൾ നടത്തുമ്പോൾ ഉവരെ ഒന്നിച്ചുകാണാം. രാജാക്കന്മാരുടെ മേൽനോട്ടത്തിൽ പ്രോത്സാഹനം നൽകിവരുന്നു.

വിദ്യാഭ്യാസസമ്പ്രദായം അപരിഷ്കൃതമാണെന്നു ധരിക്കണം. സമുദായത്തിലെ ഉന്നതന്മാരിൽ ചിലർക്കെ വിദ്യാഭ്യാസമുള്ളു. വിദ്യാഭ്യാസം സൌജന്യമാണ്. ആൽത്തറകളിലും ഗുരുവിന്റെ ഭവനത്തിലും വിദ്യയഭ്യസിപ്പിക്കുന്നു. പുരാണങ്ങൾക്കാണ് അദ്ധ്യയനത്തിൽ പ്രാധാന്യം. ഗുരു ശിഷ്യബന്ധം ദൈവവും ജനങ്ങളും തമ്മിലുള്ള ബന്ധം പോലെ പരിരക്ഷിക്കപ്പെടുന്നു. ഗുരുവിനെ ബഹുമാനിക്കുകയെന്നതു സ്വഭാവ സംസ്ക്കരണമായി വിശ്വസിക്കുന്നു. വിദ്യ അഭ്യസിച്ചവർ കുറവാണെങ്കിലും ഉള്ളവരിൽ ബുദ്ധിമാൻമാരുണ്ട്. രാജകീയ ഉടമ്പടികൾ, കച്ചവടക്കരാർ എന്നിവ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുന്ന രാജകീയപണ്ഡിതന്മാരുണ്ടിവിടെ. സത്യം ജയിക്കുമെന്ന നിരുപദ്രവ മുദ്രാവാക്യമാണ് മിക്കവരും അംഗീകരിച്ചിട്ടുള്ളത്.

# ഇബ്നുബതൂത്ത കേരളത്തിൽ

പതിനാലാം നൂററാണ്ടിൽ കേരളം സന്ദർശിച്ച പ്രസിദ്ധനായ സഞ്ചാരി യാണ് ഇബ്നുബതൂത്ത. സഞ്ചാര സാഹിത്യത്തിന്നു കനത്ത സംഭാവനകൾ നൽകിയിട്ടുള്ള ഇബ്നുബതൂത്ത മൊറോക്കയിലെ ററാഞ്ചീർ നഗരത്തിൽ ഒരു പുരോഹിതന്റെ മകനായി 1304ൽ ജനിച്ചു. വ്യവസായ പ്രാധാന്യമുള്ള ററാഞ്ചീർ പട്ടണത്തിൽ വരുന്ന വിദേശികളുമായി ഇബ്നുബതൂത്ത പരിചയ പ്പെട്ടു. ഇബ്നുബതൂത്തയുടെ സഞ്ചാരതൃഷ്ണയെ പരിപോഷിപ്പിക്കുവാൻ അദ്ദേഹത്തിന്റെ പിതാവ് ഉത്സുകനായിരുന്നു. സത്യസന്ധനായ ഒരു മതപ ണ്ഡിതൻ, പ്രഗത്ഭനായ ഭൂമിശാസ്ത്രജ്ഞൻ, ത്യാഗസന്നദ്ധനായ സഞ്ചാരി എന്നീ നിലകളിൽ ഇബ്നുബതൂത്ത ലോകചരിത്രത്തിൽ പ്രമുഖനായി ത്തീർന്നു. സുദീർഘമായ 29 വർഷക്കാലം ഇബ്നുബതൂത്ത ലോകപര്യടനം നടത്തി. 22–ാമത്തെ വയസ്സിൽ ലോകപര്യടനത്തിനു പുറപ്പെട്ട ഇബ്നുബ തൂത്ത തന്റെ ഒന്നാമത്തെ യാത്ര അവസാനിപ്പിച്ചത് ഒമ്പതു വർഷം കൊണ്ടാണ്. ഏഷ്യാമൈനർ, ദക്ഷിണ റഷ്യ, കാൺസ്റ്റാൻടിനോപ്പിൾ, ടാർട്ടർ, അൽജീരിയ. ടൂണിഷ്, ട്രിപ്പോളി, പാലസ്തയിൻ, ലബ്നോൻ, സിറി യാ, ഹിജാസ്, ഇറാഖ്, പേർഷ്യാ, ഹർമസ്, ബഹറൈൻ, അൽ അഹ്സാ, തുർക്കി അഫ്ഗാനിസ്ഥാൻ, ഇന്ത്യാ, മാലദ്വീപുകൾ, സിലോൺ, ഈസ്റ്റിന്റീ സ്, ചൈന എന്നീ രാജ്യങ്ങളിൽ പ്രഥമ ഘട്ടത്തിൽതന്നെ ഇബ്നുബതൂത്ത ചെന്നെത്തിയിരുന്നു. ഈ യാത്ര കൊണ്ട് അദ്ദേഹത്തിന് കൂടുതൽ ഉത്സാഹം തോന്നി. ഓരോ രാജ്യങ്ങളിലേയും വർഗ്ഗങ്ങളെപ്പററിയും മതാചാ രങ്ങളെപററിയും, ജീവിതരീതിയെസംബന്ധിച്ചും പഠനം നടത്താൻ അദ്ദേഹം ശ്രമിച്ചു. മൊറോക്കയിൽ നിന്നുതന്നെ രണ്ടാമത്തെ യാത്രയാരംഭി ച്ചത് ജിബ്രാൾട്ടർ വഴിയായിരുന്നു. മർബലാ, റൂന്താ, സുഹൈർ, മാലിഖ, ബല്ലഷ്. ഖുർത്തുബാ, സലാമക്ക്നസാ എന്നിവിടങ്ങളിൽ സഞ്ചരിച്ചശേഷം ആഫ്രിക്കൻ രാജ്യങ്ങളിലേക്കു പുറപ്പെട്ടു. അക്കാലത്തെ ആഫ്രിക്കൻ യാത്ര ബുദ്ധിമുട്ടേറിയതാകുന്നു. പക്ഷെ സാഹസികനായ ഇബ്നുബതൂത്ത ആഫ്രി

ക്കൻ മരുഭൂമിയിലൂടെ സൽജമാസാ, തഗാസാ, താസ്റഹ്ല, ഈവൽ, സാഗരി, ഖുറാമൻസി, ദാറുത്തമ തുടങ്ങിയ രാജ്യങ്ങളിൽ സഞ്ചരിച്ചു. ഏഷ്യയിലും, യൂറോപ്പിലും, ആഫ്രിക്കയിലും പര്യടനം ചെയ്തശേഷം ലോകചരിത്രനിർമ്മാണത്തിലേർപ്പെട്ടിരിക്കുമ്പോൾ എഴുപത്തിനാലാമത്തെ വയസ്സിൽ ഇബ്നുബതൂത്ത അന്തരിച്ചു. തന്റെ മുൻഗാമികളായ പലരേയും പരാജയപ്പെടുത്തിക്കൊണ്ടാണ് ലോകപര്യടനത്തിൽ അദ്ദേഹം മുന്നേറിയത്. ഇബ്നുബതൂത്തയുടെ സമകാലീനരായ ചരിത്രപണ്ഡിതന്മാർ അദ്ദേഹത്തിന്റെ സാഹസിക യാത്രയെ വാനോളം പുകഴ്ത്തിയിട്ടുണ്ട്.

ഭാരത പര്യടനകാലത്തു ഇബ്നുബതൂത്തക്ക് അനുഭവപ്പെട്ടിട്ടുള്ള കാര്യങ്ങൾ അദ്ദേഹത്തിന്റെ ആത്മകഥാഗ്രന്ഥമായ ‘‘തുഹ്ഫത്തുന്നസ്സാറി’’ൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. മുഹമ്മദ് തഗിലക്കിന്റെ കാലത്തെ ഇന്ത്യയാണ് ഇബ്നുബതൂത്തയുടെ ചർച്ചാവിഷയം. മുഹമ്മദ് തഗ്ലക്കിന്റെ പ്രധാന ഉദ്യോഗസ്ഥനായി കുറെക്കാലം സേവനമനുഷ്ഠിച്ച ഇബ്നുബതൂത്തക്ക് ഇന്ത്യയെപററി സമഗ്രഹവും വിജ്ഞേയവുമായ വിവരണമാണ് നൽകാൻ കഴിയുന്നത്. ചൈനയിലേക്കു പുറപ്പെട്ട സൌഹൃദ സംഘത്തിന്റെ നേതാവെന്ന നിലക്കു ഇബ്നുബതൂത്തക്ക് ചൈനക്കാരിൽനിന്നു ഗംഭീരസ്വീകരണം ലഭിച്ചു. കേരളത്തിൽനിന്നു ഇബ്നുബതൂത്തക്ക് രാജോചിതമായ സ്വീകരണമാണ് ലഭിച്ചതെന്നു ആത്മകഥയിൽ പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. റവറൻട് സാമുവൽ എന്ന ചരിത്രകാരൻ അറബിയിൽനിന്നു ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയിട്ടുള്ള ഇബ്നുബതൂത്തയുടെ ഗ്രന്ഥത്തിൽ കേരളപര്യടനകാര്യത്തെപ്പററി സുദീർഘമായി പ്രതിപാദിച്ചിരിക്കുന്നു. കേരളം സഞ്ചാരപ്രിയനായ ഇബ്നുബതൂത്തയെ ഹഠാദാകർഷിച്ചു. കേരളത്തിലെ രാജാക്കൻമാർ സുഖലോലുപന്മാരാണെന്നു അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ‘‘കേരളത്തിൽ സൈനികശക്തിയുള്ള രാജാക്കന്മാരെ കണ്ടു. അവരാരും യുദ്ധതല്പരരായിരുന്നില്ല. ഡർബാറിലെ അന്തസ്സ് രക്ഷിക്കുന്നതിൽ അവർ കൂടുതൽ ശ്രദ്ധിച്ചിരുന്നു. ഞാൻ സന്ദർശിച്ച രാജാക്കന്മാരിൽ ചിലർ വൻകിട വ്യവസായ ഉടമകൾ കൂടിയായിരുന്നു. ഫാക്കന്നൂ(തെക്കൻകാനറയിലെ ബർക്കൂർ)രിൽ വാസു

ദേപ രാജാവിനു ചരക്കുകൾ കയററി അയക്കുന്ന വലിയ കപ്പലുകളും സൈനികശക്തിയുമുണ്ട്. കൊല്ലം, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം എന്നീ രാജ്യങ്ങളുടെ ഭരണാധികാരികൾ കുരുമുളകുവ്യാപാരത്തിൽ പ്രസിദ്ധരാണ്. ചൈനയും അറേബ്യയുമായി കച്ചവടബന്ധത്തിലേർപ്പെട്ടിരിക്കുന്ന കോഴിക്കോട് സാമൂതിരിക്കു വിശ്വസ്തരായ അറബി വ്യാപാരികളുടെ പിന്തുണയുണ്ട്. കൊല്ലം രാജാവ് ചൈനയിലേക്കു കപ്പൽമാർഗ്ഗം കയററി അയക്കുന്ന സാധനങ്ങളിൽ നാളികേരവും ഇഞ്ചിയും കരയാമ്പൂവും പെടുന്നു. കേരളത്തിലെ മുതലെടുപ്പിൽ നാളികേരത്തിന്നും കുരുമുളകിന്നും പ്രധാന പങ്കുണ്ട്. നാളികേരം മനുഷ്യന്റെ തലയുടെ ആകൃതിയിലാണ്. അതിനു മൂന്നു കണ്ണുകളുള്ള മുഖമാണുള്ളത്. തലമുടിപോലെ പുറത്തു രോമവും അകത്തു തലച്ചോറുപോലെയുള്ള കഴമ്പും കാണാം. ഈ നാളികേരത്തിൽനിന്നും പാലും നെയ്യും ലഭിക്കുന്നു. മറെറാരു മധുരമുള്ള വസ്തു മുള്ളുകളുള്ള ചക്കയാണ്. പുറംതോട് മാററിയാൽ പശയുള്ള ഞാരും അതിനുള്ളിൽ ഓരോ അറകളിലായി ചുളയും സ്തിതി ചെയ്യുന്നു. ഈ ചുള മധുരമുള്ളതാണ്. ലോകത്തിലൊരിടത്തും ഇത്തരം മധുരമുള്ള പഴം ഞാൻ കണ്ടിട്ടില്ല. കൊല്ലത്തെ മുസ്ലീംപ്രമാണിമാരായ മുഹമ്മദ് ഷാബന്തറും അലാവുദ്ദീൻ അവുജിയും എന്നെ സ്വീകരിച്ചവരിൽ ഉൾപ്പെടുന്നു. ചൈനയിലെ മുസ്ലീമീങ്ങളുമായി വ്യാപാരസമ്പർക്കം പുലർത്തുന്നവരാണിവർ.

കൊല്ലം രാജാവ് പ്രസിദ്ധനായ ന്യായാധിപനായിരുന്നു. കുററം ചെയ്തവരെ ശിക്ഷിക്കുന്നതിൽ അദ്ദേഹം ദയ കാണിച്ചിരുന്നില്ല. അതുകൊണ്ട് കൊല, മോഷണം, ലഹള തുടങ്ങിയവ കുറഞ്ഞു. കൊല്ലം തുറമുഖം അലക്സാണ്ടറിയയോടു കിടനില്ക്കുന്നു. ജനത്തിരക്കും വ്യാപാരബഹുലതയും ഈ തുറമുഖത്തെ ലോകശ്രദ്ധയിൽ പെടുത്തുന്നു. തുർക്കിരാജ്യത്ത് സൌദാഖ് തുറമുഖത്തും ചൈനയിലെ സൈത്തൂണും, കൊല്ലം തുറമുഖംപോലെ പ്രസിദ്ധങ്ങളാണ്. മതഭക്തരും ദൈവഭയമുള്ളവരുമായ ജനങ്ങളാണ് കൊല്ലത്തും കോഴിക്കോടും ഞാൻ കണ്ടത്. അസൂയ, പക, അഹങ്കാരം, എന്നീ ദുർഗ്ഗുണങ്ങളിൽനിന്ന് കേരളത്തിലെ ജനങ്ങൾ രക്ഷപെട്ടു

നില്ക്കുന്നു...'' കൊല്ലം നഗരത്തിൽ അനേകം മാസങ്ങൾ ഇബ്നുബതൂത്ത താമസിച്ചിട്ടുണ്ട്. മുന്ന് പ്രാവശ്യം കൊല്ലം നഗരം സന്ദർശിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു. ചൈനയിലെ പട്ട്, കോഴി, കളിക്കോപ്പ് തുടങ്ങിയവ കൊല്ലത്ത് ധാരാളം ലഭിക്കുമെന്നാണ് ഇബ്നുബതൂത്തയുടെ അഭിപ്രായം. ഇബ്നുബതൂത്തയുടെ യാത്രാവിവരണത്തിന്റ പരിഭാഷ ലാററിൻ, ജർമ്മൻ, പോർത്തുഗീസ്, ഫ്രഞ്ചു, സ്പാനിഷ്, റഷ്യൻ, ടർക്കി, പേർഷ്യൻ, ഉർദു, മലായി, ചൈനീസ് തുടങ്ങി. ഇരുപത്തിനാലോളം ഭാഷകളിൽ വന്നുകഴിഞ്ഞു. ലണ്ടനിലെ ഹാക്ക് ലൂയിററ് സൊസൈററി തയാറാക്കിക്കൊണ്ടിരിക്കുന്ന പരിഭാഷയായിരിക്കും ഇതുവരെ വന്നതിൽ മികച്ചു നില്ക്കുകയെന്ന് അവർ അവകാശപ്പെടുന്നു. എച്ച്. ആർ ഗിബ്ബിന്റെ ഇംഗ്ലീഷ് പരിഭാഷയാണ് ഇബ്നുബതൂത്തയെ സംബന്ധിക്കുന്ന പ്രമാണഗ്രന്ഥമായി അംഗീകരിച്ചിട്ടുള്ളത്. ആ ഗ്രന്ഥവും അപൂർണ്ണമാണെന്നാണ് ഫ്രാൻസിൽ സൂക്ഷിച്ചിട്ടുള്ള അസ്സൽ കയ്യെഴുത്തുഗ്രന്ഥം പരിശോധിച്ച ചരിത്രകാരന്മാർ പറയുന്നത്. പതിനാലാം നൂററാണ്ടിലെ കേരളത്തെപ്പററി ഇത്രയും വിശദമായി വിവരിച്ചിട്ടുള്ള മറെറാരു സഞ്ചാരിയേയും കാണാൻ സാധിക്കുകയില്ല. ആധുനിക ചരിത്രനിർമ്മാണത്തിന്റെ ഉപജ്ഞാതാവായ ഇബ്നുഖൽതൂൺ ഇബ്നുബതൂത്തയുടെ സമകാലീനനാണ്. ഇബ്നുഖൽതൂൺ ഇന്ത്യയെപ്പററി ശേഖരിച്ചിട്ടുള്ള വിവരങ്ങൾ ഇബ്നുബതൂത്തയിൽനിന്നാണ്.

കേരളത്തിലെ മരുമക്കത്തായസമ്പ്രദായത്തെപ്പററി ഇബ്നുബതൂത്ത പറയുന്നതിങ്ങനെയാണ്. 'ആഫ്രിക്കയിലെ നൈജർതീരത്തുള്ള സലംവർഗ്ഗക്കാരായ മുസ്ലീമിങ്ങളും, തഗാസായിലെ ഈവൽ വർഗ്ഗക്കാരും, കൊർഡോവെയിലെ ഖർത്താവർഗ്ഗക്കാരും കേരളീയരെപ്പോലെ മരുമക്കത്തായ സമ്പ്രദായം ആചരിക്കുന്നവരാണ്. കാലപഴക്കമുള്ള ഒരാചാരമാണിത്. കേരളത്തിന്റെ അതിപ്രാചീനപാരമ്പര്യത്തെയാണിത് വ്യക്തമാക്കുന്നത്. വിവാഹം കേരളീയർക്ക് കുടുംബബന്ധം ദൃഢതരമാക്കാൻ ഉപയുക്തമാകുന്നു. മററു നാട്ടുകാരെ അപേക്ഷിച്ച് വിവാഹകാര്യത്തിൽ കേരളീയർ പരിഷ്കൃതരാണ്. മററു മതവിശ്വാസികളുടെ ആചാരങ്ങളെ ബഹുമാനിക്കുന്നവരാണ് കേരളീ

യർ....'' കേരളത്തിലെ ആയുധമുറയെപ്പററിയും ഇബ്നുബതൂത്ത ശ്രദ്ധേയ മായ അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്. ''വളർച്ചെയെത്തിയ ശരീരത്തെ പരി ശീലനംകൊണ്ട് നിയന്ത്രിക്കാൻ കേരളീയ സൈനികർക്ക് കഴിയുന്നു. ഗ്രാമ ങ്ങൾതോറും സൈനികർക്ക് പയററുവിദ്യകൾ പഠിപ്പിക്കുന്ന ആളുകളുണ്ട്. ഗവർമ്മെണ്ട് കായികാഭ്യാസത്തെ ഒരു കലയായി പോഷിപ്പിക്കുന്നുണ്ട്. വാൾ–വടി തുടങ്ങിയ ഉപകരണങ്ങൾ ഉപദ്രവം വരാതെ അനായാസം ഉപ യോഗിക്കുവാൻ സൈനികർക്ക് കഴിയുന്നു. ഇവരുടെ അഭ്യാസം പരിശീ ലനം കൊണ്ട് വളർന്നുവരികയാണ്. അർദ്ധനഗ്നരായ ഭടന്മാർ രാവിലെ സൂര്യനുനേരെനിന്ന് മാംസപേശികൾ ചലിപ്പിച്ചു ശരീരനിയന്ത്രണം അഭ്യസി ക്കുന്നു. ആരോഗ്യമുള്ള ജനതയാണ് നാട്ടിന്റെ സമ്പത്തെന്ന് കേരളീയർ വിശ്വസിക്കുന്നു...'' അറബിയിൽ രണ്ട് ഭാഗങ്ങളായി പ്രസിദ്ധീകരിച്ചിട്ടുള്ള ഇബ്നുബതൂത്തയുടെ യാത്രാവിവരണത്തിൽ തന്റെ മുൻഗാമികളായ സഞ്ചാരികൾ പറഞ്ഞ കാര്യങ്ങളെ അദ്ദേഹം ഖണ്ഡിച്ചിട്ടുണ്ട്. ഇബ്നുബ തൂത്തക്കുമുമ്പ് ഇന്ത്യ സന്ദർശിച്ച സഞ്ചാരികളായ താമാർ സുലൈമാൻ (ക്രി:900) നാവുദാഇബ്നുമഹബ്(ക്രി:900) ഇബ്നു ഹൽഹൽ (ക്രി : 1000) മസ്ഊദി (ക്രി:1000) എന്നിവരുടെ ഗ്രന്ഥങ്ങളിൽ നിന്ന് വ്യത്യസ്തമായ വിവ രണങ്ങൾ കേരളത്തെപ്പററി നൽകാൻ ഇബ്നുബതൂത്തക്ക് സാധിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രത്തിലും പ്രകൃതിശാസ്ത്രത്തിലും വിപുലമായ പഠനം നട ത്താൻ ഇബ്നുബതൂത്തക്ക് മുമ്പ് ആരും ശ്രമിച്ചിട്ടില്ലെന്നാണ് ചരിത്രകാരന്മാ രുടെ അഭിപ്രായം. ചരിത്രനിർമ്മാണത്തിന് ഭൂമിശാസ്ത്രപഠനം അത്യന്താപേ ക്ഷിതമാണെന്നു അദ്ദേഹം സമർത്ഥിച്ചിരിക്കുന്നു. ചൈനയിൽനിന്ന് കേരള ത്തിലേക്കുള്ള മാർഗ്ഗം സ്വന്തം കൈകൊണ്ട് തന്നെ അദ്ദേഹം രേഖപ്പെടുത്തി യിട്ടുണ്ട്. കാലാവസ്ഥയും ഭൂപ്രകൃതിയും മനുഷ്യവർഗ്ഗത്തിൽ വരുത്തുന്ന മാററങ്ങളെപ്പററി കേരളസഞ്ചാരക്കുറിപ്പിൽ പറയുന്നുണ്ട്. കേരളീയരെ ശാന്തശീലരാക്കിയതിൽ ഭൂപ്രകൃതിക്ക് വലിയ പങ്കുണ്ടെന്ന് സകാരണം ഇബ്നുബതൂത്ത രേഖപ്പെടുത്തിയിരിക്കുന്നു.

കേരളത്തിലെ ജനങ്ങൾ തിങ്ങി താമസിക്കുന്ന സ്ഥലങ്ങളിൽ പൊതു സമാധാനം രക്ഷിക്കുവാൻ രാജാക്കന്മാർ എടുത്ത നയപരിപാടിയെ ഇബ്നു ബതൂത്ത അഭിനന്ദിച്ചിരിക്കുന്നു. ഇതരമതസ്തരിൽനിന്ന് പ്രമാണികളെ തിര ഞ്ഞെടുത്തു കാര്യങ്ങൾ നടപ്പിലാക്കുന്നതിലാണ് ഭരണപരമായ ചാതുര്യം അദ്ദേഹം കണ്ടത്. ഡൽഹിയിലും മാലദ്വീപിലും ഭരണാധികാരിയായിരുന്ന ഇബ്നുബതൂത്തയുടെ രാജ്യതന്ത്രപരമായ ഉപദേശം കോഴിക്കോട് രാജാവ് നേടിയിരുന്നു. മാലാദ്വീപിലെ ഭരണത്തലവന്റെ ഉപദേശകനെന്ന നിലയ്ക്ക് അവസാനഘട്ടത്തിൽ കൊല്ലത്ത് വന്നപ്പോൾ ഇബ്നുബതൂത്തയെ നാളികേ രവും കോടിമുണ്ടും കാണിച്ച് കേരളം സ്വീകരിച്ചെന്നും കാണുന്നു. കേരള ത്തിലെ ആരോഗ്യശാസ്ത്രം ചിത്രകല എന്നിവയെപ്പററിയും ഇബ്നുബ തൂത്ത അഭിനന്ദനം രേഖപ്പെടുത്തിയിട്ടുണ്ട്. ‘‘കഥപറയുന്ന ദേവാ ലയങ്ങളാ’’ണ് കേരളത്തിലുള്ളതെന്ന് ചുമർചിത്രങ്ങൾ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. പ്രകൃതിയിൽനിന്നു ലഭിക്കുന്ന വസ്തുക്കളെ മാത്രം ശാസ്ത്രദൃഷ്ട്യാ പരിശോധിച്ച് പാകപ്പെടുത്തി ചികിത്സക്കുപയോഗിക്കുന്ന ആയുർവ്വേദം പുരോഗമിച്ച വൈദ്യസമ്പ്രദായമാണെന്നും ഇബ്നുബതൂത്ത അഭിപ്രായപ്പെട്ടു. ഏഷ്യയിൽ തന്നെ ആകർഷിച്ച മലനാടിനെപ്പററിതന്നെ യാണ് ആത്മകഥയിലെ അഞ്ചിലൊരു ഭാഗം വർണ്ണിച്ചിരിക്കുന്നത്. ചരിത്രകാ രനായ എഫ്.ഡാൻവീസ് ഒരു ഭാഗത്ത് ഇങ്ങനെ പറയുന്നു. ‘‘ ഇബ്നുബ തൂത്ത ജിജ്ഞാസുവായ ഗവേഷകനായിരുന്നു. മററാരും ചെന്നെത്താത്ത സ്ഥലങ്ങളിൽ മൊറോക്കക്കാരനായ ഇബ്നുബതൂത്ത പ്രതിബന്ധങ്ങളെ ലംഘിച്ച് കടന്നുചെന്നിട്ടുണ്ട്.‘‘ കണ്ടതെല്ലാം വിട്ടുകളയാതെ പകർത്തു കയും ചെയ്തു. സഞ്ചാരികളുടെ വർഗ്ഗത്തിൽ തലയുയർത്തിനില്ക്കുന്ന

പ്രതിഭാസമ്പന്നനായ ചരിത്രകാരൻ ഇബ്നുബതൂത്ത തന്നെയാണ്....’’

# ''തുഹ്ഫത്തുൽ മുജാഹിദിന്റെ കാലം''

ഒരു രാഷ്ട്രത്തിന്റെ ചരിത്രം നിർമ്മിക്കുമ്പോൾ ഐതിഹ്യങ്ങളുടെ മാറാലകളാൽ ആവരണം ചെയ്യപ്പെട്ട പഴയ രേഖകൾ ആവശ്യമായി വരും. പുരാതന ചരിത്രകാരന്മാരിൽ പ്രമുഖനായ പ്ലൂട്ടാർക്ക് തന്റെ ആഹാരത്തിനുള്ള സമ്പാദ്യവും താമസസ്ഥലംപോലും പഴകിദ്രവിച്ച ഒരു ചരിത്രരേഖക്കെട്ടിന് നൽകാമെന്ന് പറഞ്ഞു. ഫോളിബിയസ്സും ഡെമാസ്റ്റനിസ്സും ആതന്റീറായുടെ പ്രാന്തദേശത്തുള്ള കരിങ്കൽപ്രതിമയിലെ അക്ഷരങ്ങൾ വായിച്ച് ഹൃദിസ്ഥമാക്കാൻ ജീവിതത്തിന്റെ നല്ലൊരു ഭാഗം ചിലവഴിച്ചു. റോമൻ ഇതിഹാസങ്ങളുടെ ചെപ്പേടുകൾ ശേഖരിക്കാൻ ഫാദർ ഫ്യൂവാർക്കിനെപ്പോലെയുള്ള ചരിത്രാന്വേഷകന്മാർ ആഴികൾക്കപ്പുറത്തേക്ക് തീർത്ഥയാത്ര പുറപ്പെട്ട് കൊടുങ്കാററിലകപ്പെട്ട് മരിച്ചു. എല്ലാ രാഷ്ട്രങ്ങൾക്കും അവ്യക്തമെങ്കിലും അവഗണിക്കാൻ കഴിയാത്ത ഒരു പ്രാചീനചരിത്രമുണ്ടായിരിക്കും. എഴുതപ്പെടാത്തതായിരിക്കാം അവയിൽ ഭൂരിഭാഗവും. ആ അലിഖിതസംഭവങ്ങൾക്ക് രൂപം നൽകാൻ പൌരാണികർ ശ്രമിച്ചിട്ടുണ്ട്. അങ്ങിനെ കണ്ടുകിട്ടിയിട്ടുള്ള ചരിത്രഗ്രന്ഥങ്ങളിൽ പലതിന്റെയും സമ്പാദകന്മാരെപ്പോലും തിരിച്ചറിയുവാൻ കഴിയുന്നില്ല. ഗ്രീക്കിനും, റോമിനും, സ്പെയിനിനും, തീബത്തിനും, കാശ്മീരിനും, കേരളത്തിനും അജ്ഞാത നിർമ്മാതാക്കളുടെ ഗ്രന്ഥങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളചരിത്രത്തിന്റെ തറവാട്ടമ്മയായ ''കേരളോല്പത്തി'' അതിൽ പെട്ടതാണ്. കേരളോല്പത്തിക്കുശേഷം ആ മാർഗ്ഗത്തിൽ കോളിളക്കം സൃഷ്ടിച്ച ഒരുൽകൃഷ്ട ഗ്രന്ഥമാണ് ''തുഹ്ഫത്തുൽ മുജാഹിദിൻ''. പ്രസ്തുത ഗ്രന്ഥം ചരിത്രാന്വേഷകൻമാരുടെ മുമ്പിൽ ഇന്നും ചർച്ചാവിഷയമാണ്. തുഹ്ഫത്തുൽ മുജാഹിദിൻ എഴുതിയ കാലഘട്ടത്തിനും വളരെ വ്യത്യാസമുണ്ടെന്നും അതുകൊണ്ട് ആ ഗ്രന്ഥം അറബികളൊ സ്പാനിഷ്കാരോ എഴുതിയതാണെന്നും ഒരഭിപ്രായം ഈജിപ്തു ചരിത്രകാരൻമാരും ലബനോൺ മ്യൂസിയം ക്യൂറോട്ടരും പുറപ്പെടുവിച്ചു. തെളിവുകളുടെ തൂക്കത്തേക്കാൾ അവർ

പിൻബലം നല്കുന്നത് കേരളത്തിന്റെ വൈദേശിക സാസ്ക്കാരിക വേഴ്ച.ക്കാണ്.

തുഹ്ഫത്തുൽ മുജാഹിദിൻ വിദേശഗ്രന്ഥാലയങ്ങളിൽ ഒരമൂല്യ രേഖ യായിക്കണക്കാക്കപ്പെടുന്നു. ഇംഗ്ലീഷ്, പേർഷ്യൻ, പോർത്തുഗീസ്സ്, സ്പാനിഷ്, ചെക്ക് തുടങ്ങിയ ഭാഷകളിൽ ഈ ഗ്രന്ഥത്തിനു പരിഭാഷവന്നുകഴി ഞ്ഞിരിക്കുന്നു. മദ്രാസ്സ് ഫോർട്ട് സെന്റു ജോർജിലെ പേർഷ്യൻ പരിഭാഷക നായിരുന്ന മേജർ റൌലണ്ട്സൻ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയകാലത്ത് (1833) വിഖ്യാതരായ പാശ്ചാത്യ ചരിത്രകാരന്മാർ കേരളചരിത്രത്തെ സ്പർശിക്കുന്ന തുഹ്ഫത്തുൽ മുജാഹിദിനെ സഹർഷം സ്വാഗതം ചെയ്തു. 1869ൽ ലിബ്സനിൽ വെച്ചു കൂടിയ രണ്ടാം ചരിത്രനിർമ്മാണസ മ്മേളനത്തിൽ പടിഞ്ഞാറെക്കരയെപ്പററിയുള്ള പ്രമാണഗ്രന്ഥമായി 'തുഹ്ഫ ത്തുൽ മുജാഹിദിൻ അംഗീകരിക്കപ്പെട്ടു. പ്രസിദ്ധ പേർഷ്യൻ ചരിത്രകാര നായ മുഹമ്മദുകാസിം ഫെരിശ്ത ''തുഹ്ഫത്തുൽ മുജാഹിതീനെ'' സംബ ന്ധിച്ച് തന്റെ മുഖവുരയിൽ ഇങ്ങനെ പറയുന്നു. ''തുഹ്ഫത്ത് പടിഞ്ഞാറക്ക രയുടെ സാസ്ക്കാരികവും രാഷ്ട്രീയവുമായ മാററങ്ങളുടെ ചരിത്രസംഗ്രഹ മാണ്. സ്പെയിൻചരിത്രകാരന്മാരുടെ പിന്തുടർച്ചാവകാശം ഈ ഗ്രന്ഥകാര നുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. അറബികളുടെ നിർമ്മാണരീതി അംഗീകരിച്ചിട്ടുള്ള ഷെയിക്ക് സൈനുദ്ദീൻ ചരിത്രനിർമ്മാണത്തിൽ അനുക രണാർഹമായ പല ഘടകങ്ങളും ഉയർത്തിയിട്ടുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ ആചാരക്രമങ്ങളും ദേശീയാഘോഷങ്ങളും ഭംഗിയായി പ്രതിപാദിക്കപ്പെട്ടി ട്ടുള്ള ഈ ഗ്രന്ഥം ചരിത്രസാഹിത്യത്തിലേക്ക് മുതൽക്കൂട്ടാണ്. ഗ്രന്ഥ കർത്താവ് പണ്ഡിതഗവേഷകനുമാണ്....'' അണ്ടേഴ്സന്റെ വ്യാഖ്യാനമു ള്ളതു തുഹ്ഫത്തുൽ മുജാഹിദീനാണ് പാശ്ചാത്യഗ്രന്ഥകാരന്മാർ അംഗീക രിച്ചിട്ടുള്ളത്. ന്യൂഹോഫ് എന്ന ഡച്ചുചരിത്രകാരൻ പോർത്തുഗീസ്സ് പരിഭാ ഷയെ വിമർശിക്കുകയും ''തുഹ്ഫത്തുൽ മുജാഹിദീ''ന്ന് ഒരു യഥാർത്ഥ പരിഭാഷ പേർഷ്യയിൽ മാത്രം ഉണ്ടായിട്ടുള്ളുവെന്ന് സമർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊഫസർ ലേവിഡ് ലോപസ്, ജനറൽ കണ്ണിംഗ്ഹാം എസ്സ്.

ഷുവാർട്ട് തുടങ്ങിയവർ അവർക്കിഷ്ടമുള്ള ഭാഗങ്ങൾ മാത്രം മുറിച്ചെടുത്തു പരിഭാഷപ്പെടുത്തിയതുകൊണ്ട് തുഹ്ഫത്തിന്റെ കർത്താവിനെപ്പററി ആശയക്കുഴപ്പം സൃഷ്ടിക്കാൻ മാത്രമേ അത്തരം പരിശ്രമങ്ങൾ ഉപകരിച്ചതെന്നു ഡോ: ജമാൽറസ്സാക്കിയ (ലെബനോൺ) പറയുന്നു. ലോകമുസ്ലീം ചരിത്രപഠനത്തിന്നായി പരിശ്രമിച്ച ജമാൽ റസ്സാക്കിയ പത്തുനൂറ്റാണ്ടുകൾക്കുള്ളിലുണ്ടായിട്ടുള്ള അഞ്ച് പ്രമാണഗ്രന്ഥങ്ങളിൽ ഒന്ന് തുഹ്ഫത്തുൽ മുജാഹിദീനാണെന്ന് പറയുന്നു. അദ്ദേഹത്തിന്റെ ''ദക്ഷിണേന്ത്യയിലെ മുസ്ലീംകൾ'' എന്ന ലേഖനത്തിൽ പ്രധാനമായി സ്പർശിച്ചിട്ടുള്ളത് പ്രകൃതഗ്രന്ഥത്തെയും ഗ്രന്ഥകാരനെയും പററിയാണ്.

''ചില വിശിഷ്ടഗ്രന്ഥങ്ങളുടെ കർത്താവെന്ന് മലബാർ മുസ്ലീംകൾ അറിയപ്പെടുന്ന ഷൈക്ക് സൈനുദ്ദീൻ തന്നെയാണ് തുഹ്ഫത്തുൽ മുജാഹിദീന്റെയും കർത്താവെന്ന് ഒരു ധാരണയുണ്ട്. തുഹ്ഫത്തുൽ മുജാഹിദീന്റെ കർത്താവ് ബീജപ്പൂർ സുൽത്താനായിരുന്ന ആലി അഡിൽഷായുടെ (1560) ഗ്രന്ഥാലയസൂക്ഷിപ്പുകാരനായിരുന്നെന്ന് ടുണീഷ്യൻ ചരിത്രകാരന്മാരും, ''അജായിബുൻ മഖ്ദൂർ'' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഇബ്നു ആരബ്ഷാ (1476)യുടെ മറെറാരു പുസ്തകമാണിതെന്ന് സ്പെയിൻ ചരിത്രകാരനായ മർഫെയും, അബ്ബാസിയാ പരമ്പരയിൽപെട്ട അവസാനത്തെ ആളാണിതിന്റെ കർത്താവെന്ന് ഷെഫ്റസ്ഥാനിയും അഭിപ്രായപ്പെടുന്നു. മുഹമ്മദ് ഫെരിഷ്തയും ഷംസുല്ലഖാദിരിയും അറബികളുമായി അടുത്തു ബന്ധമുണ്ടായിരുന്ന മലബാർകാരനാണ് ഷൈക്ക് സൈനുദ്ദീനെന്ന് സമർത്ഥിക്കുന്നു. ഇൻഡോനേഷ്യൻ മുസ്ലീം ചരിത്രഗ്രന്ഥങ്ങളിൽ ''മാബരിസ്'' എന്നറിയപ്പെടുന്ന മലബാർകാരനാണ് തുഹ്ഫത്തിന്റെ കർത്താവെന്ന് പറയുന്നു. തുഹ്ഫത്തിലെ ഉള്ളടക്കം ചികഞ്ഞുനോക്കുമ്പോൾ ഒരിക്കലും ആയിരം സംവത്സരത്തെ പഴക്കം അതിനനുവദിച്ചുകൂടാ. ഇന്ത്യയിലെ മുസ്ലീംപ്രതാപകാലവും അധ:പതനവും നേരിട്ട് പ്രതിപാദിച്ചിട്ടില്ലെങ്കിലും മുസ്ലീംകളുടെ തകർച്ചയുടെ ചിത്രം തുഹ്ഫത്തിന്റെ അവസാനം കാണാം.....''കേരളചരിത്രനിർമ്മാണത്തിനായി തുഹ്ഫത്തിലെ കാര്യമായ

ഭാഗം ആരും എടുത്തിട്ടില്ല. അതുകൊണ്ട് ഗ്രന്ഥകാരനെപ്പററിയുള്ള സംശയം പത്മനാഭമേനോനും, നാരായണപ്പണിക്കർക്കും, പാച്ചുമൂത്ത തിനും, ശങ്കുണ്ണിമേനോനും, ശൂരനാടനൊന്നുമുണ്ടായില്ല.കേരളീയനായ ഷൈക്ക് സൈനുദ്ദീൻ പൊന്നാനിയിലെ മഖ്ദൂംവംശത്തിൽപെട്ട പ ണ്ഡിതനായിരുന്നുവെന്നാണ് ഇക്കാലമത്രയും വായനക്കാർ വിശ്വസിച്ചു പോന്നത്. ഈ വിശ്വാസത്തെ നിശ്ശേഷം പരാജയപ്പെടുത്തുവാനുള്ള തെളി വുകൾ കാണുന്നില്ല. പക്ഷെ ചരിത്രാന്വേഷകൻമാരുടെ ഭിന്നാഭിപ്രായം അദ്ദേഹത്തിന്റെ ജീവിതകാലഘട്ടത്തിന്ന് മാററം വരുത്തിയിട്ടുണ്ട്. ഏതാ യാലും ഒമ്പതാം നൂററാണ്ടിലെ അബ്ബാസിയാ പരമ്പരയിൽപെട്ട ആളായിരു ന്നില്ല ഷൈക്ക് സൈനുദ്ദീനെന്ന് വിശ്വസിക്കാം. അതുപോലെ 1476 ൽ ജീവി ച്ചിരുന്ന ആരബ്ഷാക്ക് ഇത്തരം ഒരു ഗ്രന്ഥമെഴുതാൻ എങ്ങിനെയാണ് പതി നാറാം നൂററാണ്ടിലെ വിവരങ്ങൾ ലഭിക്കുക. തുഹ്ഫത്തുൽ മുജാഹി ദീനിൽ പോർത്തുഗീസ്സാക്രമണത്തെപ്പററി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. സുൽത്താൻ ആദിൽഷായുടെ ഭരണകാലം 1553 മുതൽ 1582 വരെയാണ്. അക്കാലത്ത് ഷൈക്ക് സൈനുദ്ദീൻ ഗ്രന്ഥസൂക്ഷിപ്പുകാരനായിരുന്നെങ്കിൽ കേരളത്തിൽ പോർത്തുഗീസ്സാക്രമണം നടക്കുന്ന കാലമാണ്. പോർത്തുഗീ സ്സുകാരുടെ രണ്ടാം കണ്ണൂർ ആക്രമണം 1558 ലാണ്. 1569 ൽ കുഞ്ഞാലിമര യ്ക്കാർ പോർത്തുഗീസ്സുകാരെ ദയനീയമായി പരാജയപ്പെടുത്തി. 1572 ൽ കുഞ്ഞാലി രണ്ടാമൻ യുദ്ധസന്നാഹത്തോടുകൂടി ചാലിയത്തേക്കു യാത്ര തിരിച്ചത് പൊന്നാനിയിൽനിന്നാണ്. സുപ്രസിദ്ധമായ ചാലിയം യുദ്ധത്തിന്നു ശേഷം കുഞ്ഞാലിമൂന്നാമൻ കപ്പൽസൈന്യത്തിന്റെ നേതൃത്വമേറെറടുത്ത് പൊന്നാനിയിൽ കേന്ദ്രം സ്ഥാപിച്ചു. 1573 ൽ പോർത്തുഗീസ്സുകാർ പെട്ടെന്ന് പരപ്പനങ്ങാടിയിൽ പ്രത്യക്ഷപ്പെട്ട് ബസാറിനു തീകൊളുത്തി. നാടൊട്ടുക്കും കൊള്ള നടത്തി. പോർത്തുഗീസ്സ് സൈന്യം പൊന്നാനിക്കുനേരെ തിരിഞ്ഞു. 1577 ൽ ഭയങ്കരമായ ഭക്ഷണക്ഷാമം കേരളത്തിൽ തലപൊക്കി. അറേബ്യ യിൽനിന്ന് വന്ന കപ്പലുകൾ ശത്രുക്കൾ കൊള്ളയടിച്ച കാലവും ഇതാണ്. അന്നത്തെ സൈന്യനായകൻ കുഞ്ഞാലിമൂന്നാമന്റെ മരുമകൻ ഖാജ മൂസ യായിരുന്നു. ഖാജമൂസയാണ് കലാപങ്ങൾ ഒതുക്കുകയും മുസ്ലീംകളുടെ സാംസ്ക്കാരിക പുരോഗതിക്കായി സംഘടിതമായ രീതിയിൽ പ്രവർത്തനം

നടത്തിയതും. ഈ സംഭവങ്ങൾ നടന്നത് ഷൈക്ക് സൈനുദ്ദിന്റെ കാലത്താണ്. ഈ മഹാസമരങ്ങളിലെ നായകന്മാർ ഷൈക്ക് സൈനുദ്ദീന്റെ സമകാലീനരുമാണ്. പൊന്നാനി മുസ്ലീംകളുടെ സുരക്ഷിത സങ്കേതവുമായിരുന്നു. ബീജപ്പൂർ സുൽത്താൻ സാമൂതിരിയുമായി കുഞ്ഞാലി മരയ്ക്കാർ വഴി ചില ഉടമ്പടികളിൽ ഏർപ്പെട്ടിരുന്നു. ആ ഉടമ്പടിരേഖകൾ ഷൈക്ക് സൈനുദ്ദീൻ പരിശോധിച്ചിട്ടുള്ളതാണെങ്കിൽ തുഹ്ഫത്തുൽ മുജാഹിദീനിൽ അതിനെസംബന്ധിച്ച് എന്തെങ്കിലും പറയുമായിരുന്നു. പതിനാറാം നൂററാണ്ടിലെ സംഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഗ്രന്ഥമാണ് തുഹ്ഫത്തുൽ മുജാഹിദീൻ. ഗ്രന്ഥകാരൻ ജീവിച്ചിരുന്ന കാലത്തിന്റേതായ സജീവസ്വഭാവം ഗ്രന്ഥത്തിൽ നിഴലിച്ചുകാണുന്നുണ്ട്. പക്ഷെ ഗ്രന്ഥകർത്താവിനെപ്പററിയോ എഴുതിയ കാലത്തെപ്പററിയോ വ്യക്തമായ കുറിപ്പുകളൊന്നും ഗ്രന്ഥത്തിലില്ലാത്തതുകൊണ്ടാണ് ആശയക്കുഴപ്പം സംഭവിച്ചത്.

പോർത്തുഗീസ്സ് ചരിത്രകാരന്മാരുടെയും പതിനേഴാം നൂററാണ്ടിലെ സ്കോട്ട് ലണ്ട് മിഷ്യനറിമാരുടെയും, ഇസ്രായേൽ മതപണ്ഡിതന്മാരുടെയും പടിഞ്ഞാറൻ കരയെപ്പററിയുള്ള വിവരണത്തിലേക്ക് നാം ശ്രദ്ധതിരിക്കുമ്പോൾ തുഹ്ഫത്തുൽ മുജാഹിദീൻ നല്കിയ വെളിച്ചം കാണാം. ഗ്രന്ഥകാരന്റെ ജീവിതകാലത്തെപ്പററി പോർത്തുഗീസ്സ് ചരിത്രകാരനായ റാഫി ദെബിൽമോറി(Raphi Dabilmore) ന്റെ ''മലബാറിൽ പോർത്തുഗീസ്സിന്റെ മൂന്ന് നൂററാണ്ടുകൾ'' എന്ന ഗ്രന്ഥത്തിൽ പറയുന്നതിങ്ങിനെയാണ്. ''പണ്ടത്തെ അറബികൾക്ക് മാബരിയെന്ന് വിളിക്കപ്പെട്ട മലബാർ കരയിൽ വ്യാപാരക്കമ്പോളങ്ങളും സ്വന്തമായ പാണ്ടികശാലകളും ഉണ്ടായിരുന്നു. മാബരിയിലേക്ക് അറബികൾ കൂട്ടംകൂട്ടമായി പത്താം നൂററാണ്ടുമുതൽ പ്രവേശിച്ചു. സ്വന്തം താവളങ്ങൾ സൃഷ്ടിക്കുകയും വ്യാപാരം കയ്യടക്കുകയും ചെയ്തു. അവരുടെയിടയിൽ പടയാളികളും പണ്ഡിതന്മാരുമുണ്ടായിരുന്നു. അറബിഭാഷയിലേയ്ക്ക് വൈദ്യഗ്രന്ഥങ്ങളും കച്ചവടക്കരാറുകളും പരിഭാഷപ്പെടുത്തുന്നതിൽ പ്രമുഖനായിരുന്നു സയ്യാനുദ്ദീൻ. ഇദ്ദേഹം ഒരു സഞ്ചാരിയും ചരിത്രപണ്ഡിതനുമായിരുന്നു. 1569 ലെ സാമൂതിരി–പോർത്തുഗീസ്സ് സന്ധിക്കരാറുകൾ കൈമാററം ചെയ്തത് ഇദ്ദേഹത്തിന്റെ

സാന്നിദ്ധ്യത്തിലാണ്. സത്യസന്ധനായ ഒരു പുരോഹിതൻ എന്ന നില യിലും ജനപ്രീതിസമ്പാദിച്ച പ്രമുഖനെന്ന നിലയിലും പ്രശസ്തിയാർജ്ജിച്ച സയ്യാനുദ്ദീന്റെ തീരുമാനം ജനങ്ങൾ അംഗീകരിച്ചു. ഇദ്ദേഹത്തിന്റെ എഴു ത്തുകൾ പോർത്തുഗീസ്സ് പടനായകന്മാർക്ക് കിട്ടിക്കൊണ്ടിരുന്നു. ഈ എഴു ത്തുകളിൽ പൊതുപ്രശ്നങ്ങളാണ് സ്പർശിച്ചിരുന്നത്. അറേബ്യയിൽ പോലും ഇദ്ദേഹത്തിന്റെ പ്രശസ്തി അലയടിച്ചു.....'' പോർത്തുഗീസ്സ് രേഖ കളിലൂടെ നോക്കുമ്പോൾ ഷൈക്ക് സൈനുദ്ദീന്റെ കാലം പതിനാറാം നൂറ റാണ്ടിന്റെ മദ്ധ്യഘട്ടമാണെന്ന് കാണാം. ഈ അഭിപ്രായത്തിന്ന് പിൻബലം നൽകുന്ന രേഖകളാണ് സ്കോട്ട്ലണ്ട് മിഷ്യനറിമാരുടെ യാത്രാക്കുറിപ്പു കളും നൽകുന്നത്. റവ: ജോണിനോ റോമിയോ (Journey Through Nagapatam and Malabar, By Rev : Jhononoe Romeoe)വിന്റെ ''നാഗപട്ട ണത്തിലൂടെയും മലബാറിലൂടെയുമുള്ള യാത്ര'' എന്ന ഗ്രന്ഥത്തിൽ മല ബാർ കരയെപ്പററി വിജ്ഞേയമായ വിവരണമുണ്ട്. മലബാർ തീരത്ത് തിങ്ങി ത്താമസിക്കുന്നവർ ക്രിസ്തുമതവും ഇസ്ലാംമതവും ആശ്ലേഷിച്ചവരാ ണെന്നും ഇസ്ലാം മതത്തിന്റെ വിജയത്തിന്നായി പ്രവർത്തിച്ചവർ അറബിക ളാണെന്നും മിഷ്യനറി സംഘം നേതാവായ റോമിയോ പറയുന്നു. റോമി യോവിന്റെ വിവരണത്തിൽ ഒരു ഭാഗം ഇങ്ങിനെയാണ്. ''മലബാറിൽ രണ്ടു തരം വർഗ്ഗങ്ങളുണ്ട്. ഭൂരിപക്ഷം അപരിഷ്കൃതരും മറെറാരു വർഗ്ഗം ഉയർന്നവരുമാണ്. ഈ ഉയർന്നവരുടെ കീഴിൽ താമസിക്കുന്ന പറയർ. നായാടികൾ, മുക്കുവർ എന്നിവർക്ക് പുരോഗതിയുടെ മാർഗ്ഗം കാണിച്ചു കൊടുത്തത് അറബികളും റോമാക്കാരുമാണ്. അറബികളുടെ സ്വാധീന ശക്തി കൂടിക്കൂടി വന്നപ്പോൾ രാജാക്കന്മാർ ഭയപ്പെട്ടു. അറബിയിലും പേഴ്സ്യനിലും പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ചരിത്രകാരനായ സൈനു ദ്ദീന്റെ രേഖകൾ മലബാറിന്റെ ചരിത്രത്തിലെ വിലയുള്ള രേഖകളാണ്. സൈനുദ്ദീന്റെ സമഗ്രമായ വിവരണങ്ങളാണ് പോർത്ത്ഗീസ് ചരിത്രത്തിൽ മലബാറിനെപ്പററി കാണുന്നത്. എല്ലാ വർഗ്ഗക്കാരും ബഹുമാനിച്ചിരുന്ന ഈ പണ്ഡിതൻ കൊടുങ്ങല്ലൂരിന്റെ പ്രശസ്തി നശിച്ചപ്പോൾ നാടുവിട്ട് പോയ താണ്. സൈനുദ്ദീന്റെ നാല് ഗ്രന്ഥങ്ങൾ അറബിഭാഷയിലുണ്ട്. മലബാറിലെ

ആചാരം. പെരുമാളുടെ മതപരിവർത്തനം, വിവാഹക്രമം, സാമൂഹ്യനീതി ഇവയെല്ലാമാണ്ആ ഗ്രന്ഥത്തിലെ ഉള്ളടക്കം. മലബാറിന്റെ സ്ഥിതിവിവരക്ക ണക്കുകളും സ്ഥലനാമങ്ങളും തുഹ്ഫത്തുൽ മുജാഹിദീനിൽനിന്നാണ് എനിക്കു കിട്ടിയത്. ഈ ഗ്രന്ഥം എഴുതിത്തീർത്തത് ദീർഘകാലം കൊണ്ടാ ണ്. 1617 ൽ പോർത്ത്ഗൽ സന്ദർശിച്ച മലബാറിലെ ദൌത്യസംഘം ഈ ഗ്രന്ഥത്തിന്റെ കോപ്പി പോർത്തുഗീസ് ഭരണാധികാരിക്ക് കൊടുത്തു.......''
തുഹ്ഫത്തുൽ മുജാഹിദീന്റെ നിർമ്മാണകാലം പതിനാറാം നൂററാണ്ടാ ണെന്ന് അസന്നിഗ്ദ്ധമായ തെളിവുകൾ വിദേശികൾ തന്നെ നൽകുന്നുണ്ട്. പൊന്നാനി മഖ്ദൂം കുടുംബത്തിലെ ചെറിയ സൈനുദ്ദീനാണ് തുഹ്ഫ ത്തുൽ മുജാഹിദീന്റെ കർത്താവെന്ന് മുസ്ലീം മതപണ്ഡിതന്മാർ വളരെക്കാ ലങ്ങൾക്കുമുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ട്.

ഇസ്രായേൽ രാഷ്ട്രത്തിന്റെ പുനരുദ്ധാരണവേളയിൽ മഹാനായ വിസ്മാൻ ചെയ്ത പ്രസംഗ (1951) ത്തിൽ ഇന്ത്യയിൽ ജൂതന്മാരുടെ അധഃപതനത്തെപ്പററി പറഞ്ഞപ്പോൾ കേരളക്കരയെസ്സംബന്ധിച്ച് സൂചിപ്പിച്ച തിങ്ങനെയാണ്. ''ഒരു ചരിത്രചിന്തകനും പരിഷ്ക്കർത്താവുമായ ഷൈക്ക് സൈനുദ്ദീന്റെ കാലഘട്ടത്തിൽ ജൂതവർഗ്ഗം മലബാർകരയിൽ അധഃപതി ക്കാൻ തുടങ്ങി. പത്ത് നൂററാണ്ടുകാലത്തെ അഭിവൃദ്ധി ക്ഷയിച്ചുതുടങ്ങി യത് പതിനാറാം നൂററാണ്ടിലാണ്. ഇന്നും പടിഞ്ഞാറൻ തീരത്തു ജൂതസം സ്ക്കാരം നിലകൊള്ളുന്നുണ്ട്....''1904ൽ "Fine Judische Hochschole"എന്ന ഹീബ്രൂപത്രത്തിൽ ഹെയിഐസാക്ക് ലീവെഴുതിയ ലേഖനത്തിൽ പടിഞ്ഞാ റൻ തീരപ്രദേശത്ത് മുസ്ലീം കുടിയേറിപ്പാർപ്പും അതിന്റെ വെളിച്ചത്തിൽ നിർമ്മിച്ചിട്ടുള്ള ഷൈക്കു സൈനുദ്ദീന്റെ തുഹ്ഫത്തുൽ മുജാഹിദീനും എടുത്തു ചർച്ച ചെയ്തിരിക്കുന്നു. ഐസാക്ക് ലീവ് ഇസ്രായേൽ മതപ ണ്ഡിതനും ചരിത്രാന്വേഷകനുമാണ്. അദ്ദേഹത്തിന്റെ നിഗമനം തുഹ്ഫ ത്തുൽ മുജാഹിദീന്റെ കർത്താവ് ജോസഫ് റബ്ബാനെപ്പോലെ (കേരളത്തിലെ ജൂതപരിഷ്ക്കർത്താവ്) ഉന്നതനും ലോകപ്രസിദ്ധനുമാണെന്നാണ്. ''മല

ബാർ കരയേയും അവിടുത്തെ ജനങ്ങളേയും അവരുടെ ജീവിതരീതിയെ യുംപററി ഏററവും നല്ല പുസ്തകം ഒന്നുമാത്രമേ ചരിത്രകാരന്മാർക്ക് പതി നേഴാം നൂററാണ്ടിൽ ലഭിച്ചിട്ടുള്ളു. അതിന്റെ കർത്താവ് മലബാറും വിദേശ രാജ്യങ്ങളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ള ഒരു പരിഷ്ക്കർത്താവായിരുന്ന സൈനുദ്ദീൻ രണ്ടാമനായിരുന്നു. സൈനുദ്ദീന്റെ ഗ്രന്ഥത്തിൽനിന്നു മലബാ റിനെപ്പററിയുള്ള രേഖകൾ മുന്നൂറിൽപരം ഗ്രന്ഥങ്ങളിലേക്ക് പകർത്തപ്പെട്ടി ട്ടുണ്ട്. പോർത്തുഗീസ്, ഡച്ച്, ഇംഗ്ലീഷ്, എന്നീ വിദേശശക്തികൾക്ക് ചരിത്ര രേഖകൾ ലഭിച്ചത് ഗ്രന്ഥത്തിൽനിന്നാണ്. ഒരു ഭൂവിവരണപട്ടികയും, സ്ഥല നാമചാർട്ടും, വർഗ്ഗങ്ങളെയും ജാതികളെയും സംബന്ധിക്കുന്ന അനുമാന ക്കുറിപ്പും അവരുടെ ആചാരങ്ങളെസ്സംബന്ധിക്കുന്ന രേഖകളും സൈനു ദ്ദീൻ നിർമ്മിച്ചിരുന്നു. ഗ്രന്ഥകാരൻ മൂന്നുപ്രാവശ്യം വിദേശസഞ്ചാരം നട ത്തിയതായി അദ്ദേഹം പോർത്തുഗീസ്സുകാർക്കയച്ച കത്തുകളിൽ കാണാം. 1563, 73, 81 എന്നീ കാലങ്ങളിൽ മലബാറിന്ന് വിദേശവുമായി ഉണ്ടായിട്ടുള്ള വ്യാപാരബന്ധത്തെപ്പററിയും ഗ്രന്ഥകാരൻ സൂചിപ്പിച്ചിട്ടുണ്ട്. അന്നത്തെ നാണയപ്രശ്നത്തിന്നും കടൽ ചുങ്കത്തിന്നും അവസാനതീരുമാനം കണ്ടുപി ടിച്ചതും ഇദ്ദേഹമാണെന്ന് സോമസ് സാസൻ എന്ന ജൂതചരിത്രകാരൻ പറ യുന്നു. 1572 ൽ കച്ച് വഴി ഗ്രന്ഥകാരൻ യാത്ര ചെയ്തപ്പോൾ അക്രമികൾ തടഞ്ഞതായി രേഖയുണ്ട്. ഖുറാൻ വാക്യങ്ങൾ കല്ലുകളിൽ കൊത്തിച്ച് ദേവാലയങ്ങൾക്ക് സംഭാവന ചെയ്യുന്നതിൽ സൈനുദ്ദീൻ തല്പരനായിരു ന്നു. വിദേശികൾ ഒരുന്നതനായ ചരിത്രകാരനായിട്ടാണ് സൈനുദ്ദീനെ ഗണിക്കുന്നത്. യാക്കൂത്തിനും, ഖൽത്തൂണിന്നും ചരിത്രത്തിൽ നേടാൻ സാധിച്ച സ്ഥാനം സൈനുദ്ദീനും വിദേശചരിത്രകാരന്മാർ നല്കുന്നു.

അറബിഭാഷയിൽ പാണ്ഡിത്യം സമ്പാദിച്ചതു കൊണ്ടും വിദേശങ്ങളു മായി കൂടുതൽ ബന്ധപ്പെട്ടതു കൊണ്ടുമാണ് ഷൈക്ക് സൈനുദ്ദീൻ മലബാ റുകാരനല്ലെന്ന ധാരണ പരന്നത്. ലഭിച്ചിടത്തോളം രേഖകൾ അദ്ദേഹം കേര ളീയനായിരുന്നുവെന്ന വിശ്വാസത്തെ ഊന്നി ഉറപ്പിക്കുകയാണ്. തുഹ്ഫ ത്തുൽ മുജാഹിദീന്റെ ചരിത്രസംബന്ധമായ വിലയെപ്പററിയും ഗ്രന്ഥ കർത്താവിനെക്കുറിച്ചും മുക്ക്ഡനിൽനിന്ന് 1873 ൽ ഒരു പുസ്തകം പ്രസി

ഢീകരിച്ചിട്ടുണ്ടെന്ന സ്പാനിഷ് ഹിസ്ററി ബോർഡ് ചെയർമാൻ ഡോ: മജീദ് കദ്ദാസിയാ 'മാംവേൾഡ് റെവ്യൂവിൽ' (1949 ഫെബ്രുവരി) എഴുതിയിട്ടുണ്ട്. ഷൈക്ക് സൈനുദ്ദീന്റെ ചരിത്രനിർമ്മാണകാലം പതിനാറാം നൂററാണ്ടിലാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

# ലക്ഷദ്വീപുകളുടെ ഇതിഹാസം

മലബാറിലെ നാടുവാഴികളുമായി ദീർഘകാലം ബന്ധം പുലർത്തിപോന്നിട്ടുള്ള ഒരു ചരിത്രമാണ് ലക്ഷദ്വീപിനുളളത്. വിദേശസഞ്ചാരികളുടെ വിശ്രമസങ്കേതമായി ലക്ഷദ്വീപ് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് ഡച്ചുകാരുടെ ചരിത്രരേഖകളിൽ കാണാം. അറബിക്കടലിൽ തെക്കുവടക്കായി നീണ്ടുകിടക്കുന്ന ഈ ദ്വീപുകൾക്ക് ഒരു നീണ്ട ചരിത്രമുണ്ട്. കേരളത്തിന്റെ സാമൂഹികവും സാസ്ക്കാരികവുമായ എല്ലാ കാര്യങ്ങളിലും ഈ ദ്വീപുനിവാസികൾക്ക് പങ്കുണ്ടായിരുന്നുവെന്ന് അനുമാനിക്കുന്നതിൽ തെററില്ല. ഇരുപത്തിമൂന്ന് ചെറുദ്വീപുകളുടെ സമൂഹത്തെയാണ് ലക്ഷദ്വീപെന്ന പേരിലറയപ്പെടുന്നത്. ഒരു കാലത്ത് എല്ലാ ദ്വീപുകളിലും ജനവാസമുണ്ടായിരുന്നു. കടലിലുണ്ടാകുന്ന വേലിയേററങ്ങളുടെയും, കൊടുങ്കാററുകളുടെയും ശക്തിയായ സമ്മർദ്ദനംകൊണ്ട് പതിമൂന്നു ദ്വീപുകൾ ജനശൂന്യമായി. അമ്മേനി, കാടുമം, കിലുത്തൻ, ചേത്തിലാത്ത്, ബീത്തര, അന്ത്രോം, കല്പേനി, കവരത്തി, അക്കാത്തി, മിനിക്കായ് എന്നീ ദ്വീപുകളിൽ നിന്ന് ഇരുപതിനായിരത്തിൽപരം ജനങ്ങൾ അധിവസിക്കുന്നു. ഈ ദ്വീപുകളിൽ ആദ്യം കുടിയേറിപ്പാർത്തവർ ആരാണെന്ന് ഇപ്പോഴും തീർത്തു പറയാൻ ചരിത്രാന്വേഷകന്മാർക്ക് കഴിയുന്നില്ല. സോളമന്റെ ദേവാലയം നശിപ്പിക്കപ്പെട്ടപ്പോൾ അവിടെനിന്ന് രക്ഷപെട്ട വിദേശീയർ കൊടുങ്ങല്ലൂർ സമുദ്രതീരത്തിന്നടുത്ത് ഒരു ദ്വീപിൽ താവളമടിച്ചിരുന്നതായി ബിഷപ്പ് മീഡിൽട്ടൺ തന്റെ ചരിത്രഗ്രന്ഥത്തിൽ പറയുന്നുണ്ട്. ''ഷിംഗ്ലി കടൽത്തീര'' മെന്ന് ജറുസലം ഇതിഹാസങ്ങളിൽ കാണുന്നത് കൊടുങ്ങല്ലൂർ തുറമുഖത്തെസംബന്ധിച്ചാണ്. ലക്ഷദ്വീപുകളെ സംബന്ധിച്ചായിരിക്കും മിഡിൽട്ടൺ ഇങ്ങനെ സൂചിപ്പിച്ചത്. അങ്ങിനെയാണെങ്കിൽ പഴക്കമുള്ള ഒരു തലമുറയുടെ സാമീപ്യം ഈ ദ്വീപുകൾക്ക് ലഭിച്ചിരിക്കണം. ജൂതഗ്രന്ഥങ്ങളിൽ കാണുന്ന സൂഫാലിറബ്ബിന്റെ കപ്പൽപട, ഷിംഗ്ലിയിലേക്ക് പുറപ്പെട്ടപ്പോൾ കൊടുങ്കാററിലകപ്പെട്ട് ഒരു ദ്വീപിലെത്തി. ആ ദ്വീപിൽനിന്നാണ് വീണ്ടും സുഫാലിറബ്ബിൻ യാത്രതു

ടർന്നത്. സൂഫലിയെന്ന പേരിൽ ഇന്നും ലക്ഷദ്വീപുകളിൽ കരകളുണ്ട്. സൂഫലി വലിയകര, സൂഫലി ചെറിയകര എന്ന പേരുകളിലാണിന്നാസ്ഥലങ്ങൾ അറിയപ്പെടുന്നത്. ദ്വീപുകളുടെ ചരിത്രപ്രാധാന്യത്തെപ്പററി ദീർഘകാല ഗവേഷണം നടത്തിയിട്ടുള്ള ഏണസ്റ്റ് മാക്കെ അറബിക്കടലിലെ ലക്ഷദ്വീപുകളിൽ ആയിരം വർഷങ്ങൾക്കുമുമ്പ് ജനങ്ങൾ കുടിയേറിപ്പാർത്തായി പ്രസ്താവിക്കുന്നു. ബുദ്ധപ്രതിമകളും ഹൈന്ദവദേവന്മാരുടെ പ്രതിമകളും ലക്ഷദ്വീപിൽനിന്ന് കണ്ടുകിട്ടിയിട്ടുണ്ട്. ബൗദ്ധകേന്ദ്രങ്ങൾ കേരളക്കരയിൽ ഉയർന്നത് പെരുമാൾവാഴ്ച ആരംഭിക്കുന്നതിന്നു (ബി.സി. 113ൽ) മുമ്പാണെന്ന് ചരിത്രം ഉൽഘോഷിക്കുന്നു. ആ കാലത്തുതന്നെ ബുദ്ധമുനികൾ ലക്ഷദ്വീപിൽ ചെന്നിട്ടുണ്ടാകണം. അല്ലെങ്കിൽ ഹരിശ്ചന്ദ്രപെരുമാളിന്റെ കാലത്ത് കേരളക്കരയിൽ നിന്ന് പാലായനം ചെയ്ത ബുദ്ധഭിക്ഷുക്കൾ അവിടെ കുടിയേറിപ്പാർത്തുകാണും. ആയിരത്തി നാനൂറ് വർഷങ്ങൾക്കു മുമ്പു തന്നെ മനുഷ്യർ ഈ ദ്വീപ് കീഴടക്കിയെന്നതിന്ന് തെളിവുകൾ ധാരാളമുണ്ട്.

ഹൈന്ദവ കുടിയേറിപ്പാർപ്പ് ഏതുകാലത്താണ് ലക്ഷദ്വീപിൽ നടന്നതെന്ന് വ്യക്തമായി പറയാൻ ആർക്കും സാധിക്കുന്നില്ല. ശിവന്റെ പ്രതിമയാണ് ലക്ഷദ്വീപിൽ കാണുന്നതെന്നറിയുമ്പോൾ കേരളചരിത്രത്തിലെ പ്രതാപവാനായ ശിവധർമ്മോദ്ധാരകന്റെ കാലത്ത് (ഈശാനൻ) നടന്ന പ്രചരണത്തോടുകൂടിയാണ് ലക്ഷദ്വീപിൽ ഹൈന്ദവ കുടിയേറിപ്പാർപ്പുണ്ടായതെന്ന് വിശ്വസിക്കാം. പെരുമാൾ ഭരണകാലത്ത് കടൽക്കള്ളന്മാരുടെ താവളമായി സംശയിക്കപ്പെടുന്ന ഒരു ദ്വീപ് അറബിക്കടലിലുണ്ടായിരുന്നു. ഒരു പക്ഷെ ആ താവളം ഈ ലക്ഷദ്വീപാകാനും എളുപ്പമുണ്ട്. ഈ ദ്വീപ് കടലാക്രമണം കൊണ്ട് ഓരോ തുരുത്തുകളായി ഭിന്നിച്ചുനില്ക്കുകയാണിന്ന്. ഇന്നു കാണുന്ന എല്ലാ ദ്വീപുകളും ഒരുകാലത്ത് ഒരു കരപോലെയാണ് സ്ഥിതിചെയ്തിരുന്നത്. ഭൂമിശാസ്ത്രപരമായ ദ്വീപുകളുടെ നില അതാണ് വ്യക്തമാക്കുന്നത്. ഭൂമിശാസ്ത്രജ്ഞനും, പക്ഷിശാസ്ത്രജ്ഞനുമായ ഇബ്നുഹവ്കാൽ (ക്രി:976) എന്ന സ്പെയിൽ ചരിത്രകാരൻ അറബിക്കടലിൽ പിററിയ (Pittiyah) എന്ന പവിഴപ്പുററുകൾ നിറഞ്ഞ ഒരു ദ്വീപു

ണ്ടെന്നും ആ ദ്വീപിൽ പല തരം പക്ഷികൾ കൂട്ടമായി വളരുന്നുണ്ടെന്നും എഴുതിയിട്ടുണ്ട്. സ്പെയിൻ ചരിത്രഗ്രന്ഥങ്ങളിൽ വിലപ്പെട്ട സൃഷ്ടികൾ ഇബ്നുഹവ്കാലിന്റെതാണ്. ഭൂമിശാസ്ത്രസംബന്ധമായി ഹവ്കാൽ എഴുതിയ ''കീത്താബുൽ മുമ്മാലിക് വാൽ മസാലിക്ക്'' (Kithabul Mumalik wal Masalik)എന്ന ഗ്രന്ഥപരമ്പരയിൽ പിററിയ ദ്വീപിനെപ്പററി ഇങ്ങനെ പറയുന്നു. ''ഏഷ്യാമൈനറിൽനിന്നു പോകുന്ന വ്യാപാരികളായ യാത്രക്കാർക്ക് അറബിക്കടലിൽ വഴിതിരിച്ചുകൊടുക്കുന്ന ഒരു ദ്വീപാണ് പിററിയ. പവിഴപ്പുററുകൾകൊണ്ടു നിറഞ്ഞ ഈ ദ്വീപിൽ കറുത്ത മരങ്ങൾ ഇടതിങ്ങി വളരുന്നു. വളരെയധികം പക്ഷികൾ ഈ ദ്വീപിലാണ് വളരുന്നത്. ദൂരെ സഞ്ചരിക്കുന്ന കപ്പൽക്കാർക്ക് പക്ഷികളുടെ കൂട്ടശബ്ദം കേൾക്കാം.........'' ആൾതാമസമില്ലാത്ത ഏതാനും ദ്വീപുകളിൽ ചിലതിന്ന് ''പിട്ടി'' എന്ന പേരുണ്ട്. ഹവ്കാൽ പറയുന്ന '' പിററിയ'' പിട്ടിയായി മാറിയതായിരിക്കണം. ഇന്നത്തെ ചെറിയ പിട്ടി ദ്വീപ്, ആരാണ് ഈ ദ്വീപ് കണ്ടുപിടിച്ചതെന്ന് ഗ്രഹിക്കാൻ പ്രയാസമാണ്.

മുസ്ലിമീങ്ങൾ ഈ ദ്വീപിൽ താമസമാക്കിയത് പ്രവാചകന്റെ കാലത്തു തന്നെയായിരിക്കും. മുഹമ്മദുനബിയുടെ സന്ദേകവാഹകന്മാരായി കേരളത്തിലെത്തിയ മാലിക്ബ്നുദിനാറും, ഫറഫ്ബിനുമാലിക്കും, ലക്ഷദ്വീപിൽ ഒരു ചെറിയ കോളനി സ്ഥാപിച്ചിട്ടുണ്ടാകും. അറബികളുടെ കേന്ദ്രമായി ലക്ഷദ്വീപ് ഉയർന്നു. ആദ്യം കുടിയേറിപ്പാർത്തവരുടെ പ്രതാപം അസ്തമിച്ചതോടെ അവരുടെ വർഗ്ഗം കാലക്രമേണ മുസ്ലീം ആചാരങ്ങളുമായി ഇടപഴകി. അങ്ങിനെ ഒരു സങ്കരസംസ്ക്കാരം ഉടലെടുത്തു. അറബികളുടെ സ്വാധീനത്തിൽ ലക്ഷദ്വീപുകൾ ഭരണപരമായി പുരോഗമിച്ചെന്ന് ചിലർ വിശ്വസിക്കുന്നുണ്ട്. അതിന്നു് രേഖകളൊന്നും കണ്ടുകിട്ടിയിട്ടില്ല. കേരളത്തിലെ മുസ്ലീമികളെപ്പോലെ തന്നെ വ്യാപാരതല്പരരും, മതവിശ്വാസികളുമായ ഒരു വിഭാഗം തങ്ങളുടെ രക്ഷാസങ്കേതമായി ലക്ഷദ്വീപിനെ മുറുകെപിടിച്ചു. ആ ബന്ധം ഇന്നും നിലനില്ക്കുന്നു. ലക്ഷദ്വീപിലെ നിവാസികൾ മുഴുവനും മുസ്ലിമീകളാണിന്നു്. ഉബൈദുല്ല എന്ന അറേബ്യൻ സഞ്ചാരി

ക്രി:672 ൽ ലക്ഷദ്വീപിലെത്തി മതപ്രചാരണമാരംഭിച്ചതോടുകൂടി ദ്വീപുനിവാസികൾ ഇസ്ലാംമതം സ്വീകരിക്കുവാൻ ഔത്സുക്യം പ്രകടിപ്പിച്ചു. ഈ കാലഘട്ടത്തിനുമുമ്പ് ക്രിസ്ത്യാനികളും മതപ്രചരണാർത്ഥം (404 എ.ഡി) ലക്ഷദ്വീപിൽ എത്തിയതായി ''ഇന്ത്യയിൽ ക്രിസ്തീപ്രചരണമാരംഭകാലം'' എന്ന ഗ്രന്ഥത്തിന്റെ കർത്താവും പ്രസ്താവിക്കുന്നുണ്ട്. ഇതിന്നു അവലംബം നൽകുന്ന തെളിവുകൾ കാണുന്നില്ല. ക്രിസ്തുമതം പ്രവേശിച്ച ഏതു സ്ഥലത്തും കുരിശടയാളം കാണും. തങ്ങളുടെ കാല്പാടുകൾ എവിടെയെല്ലാം പതിഞ്ഞിട്ടുണ്ടോ അവിടെയെല്ലാം സ്മാരകസ്തൂപങ്ങൾ സ്ഥാപിക്കുവാൻ ക്രിസ്തീയപുരോഹിതന്മാർ മറന്നിട്ടില്ല. ലക്ഷദ്വീപുകളിൽനിന്നു് അത്തരം അടയാളങ്ങളൊന്നും കണ്ടുകിട്ടിയതായറിവില്ല. അപ്പോൾ ക്രിസ്തീയ കുടിയേറിപ്പാർപ്പോ പ്രചരണമോ കാര്യമായി അവിടെ നടന്നിട്ടില്ലെന്നു തന്നെ വിശ്വസിക്കാം.അറേബ്യൻ സഞ്ചാരികളായ ഉബൈദുല്ലയുടെ കുടുംബം ഇന്നും അന്ത്രോത്ത് ദ്വീപിലുണ്ട്. ലക്ഷദ്വീപിലെ ആ മുസ്ലീം വർഗ്ഗവുമായി മിശ്രവിവാഹം വഴി ജനസംഖ്യ വർദ്ധിച്ചതോടുകൂടി പുതിയ ജീവിത സാഹചര്യങ്ങളോടവർ ഇടപഴകി. കൃഷിപ്പണിയിലും അതിനോടനുബന്ധിച്ചുള്ള കുടിൽവ്യവസായത്തിലും ജനങ്ങൾ ശ്രദ്ധിച്ചു. ജനങ്ങളുടെ ഭാഷ തുളുവും അറബിയും പ്രാകൃതമലയാളവും കൂടിച്ചേർന്നതായിരുന്നു. ക്രമേണ ഈ മിശ്രഭാഷയുടെ സ്ഥാനത്ത് മലയാളവും സ്വാധീനം ചെലുത്തി. മലയാളക്കരയുമായി കൂടുതൽ അടുത്തപ്പോൾ ദ്വീപുനിവാസികൾ തനി മലയാളികളായിത്തീർന്നു. ഭാഷാപരിപോഷണാർത്ഥം കാര്യമായ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലാത്തതുകൊണ്ട് ശുദ്ധമലയാളം ചില ദ്വീപുകളിൽ സംസാരിക്കാൻ ഇന്നും വിഷമിക്കുന്നുണ്ട്.ദ്വീപുനിവാസികൾ സ്വന്തം രാജ്യത്തെ രക്ഷിക്കാൻ എക്കാലവും ബദ്ധശ്രദ്ധരായിരുന്നുവെന്ന് ചരിത്രം വ്യക്തമാക്കുന്നുണ്ട്. പോർത്തുഗീസ്സുകാരുടെയും ഡച്ചുകാരുടെയും ഭീഷണികൾക്കൊന്നും ദ്വീപുകാർ കീഴടങ്ങിയിട്ടില്ല. പറങ്കികളുടെ കോട്ടകൾ ഒരുകാലത്ത് സ്വാതന്ത്ര്യപ്രേമികളായ ദ്വീപുകാർ തുടച്ചുമാററിക്കളഞ്ഞു. പറങ്കികൾ വ്യാപാരകേന്ദ്രം സ്ഥാപിച്ച് അവിടെ പററിപ്പിടിക്കാൻ പ്ലാനിട്ടു. പറങ്കികളുടെ അന്യായമായ കൈകടത്തലിനെതിരായി ദ്വീപുകാർ ചിറക്കൽ രാജാവിന്റെ സഹായത്തോടുകൂടി സമരം ചെയ്തു. അമ്മേനി

ദ്വീപിൽവെച്ചു നടന്ന ഈ സമരത്തിൽ പറങ്കികൾ നിശ്ശേഷം പരാജയപ്പെട്ടു. പക്ഷെ സഹായിയായ ചിറക്കൽ രാജാവ് ദ്വീപുകളുടെ മേധാവിയായിത്തീരുകയും ചെയ്തു. സ്വതന്ത്രരായി കഴിഞ്ഞിരുന്ന ദ്വീപുകാർ രാജവാഴ്ചയ്ക്കു കീഴിൽ പ്രജകളായി മാറി.തുടർന്ന് അറക്കൽ രാജകുടുംബം അവിടെ കോയ്മാവകാശം സ്ഥാപിച്ചു. രാജവാഴ്ചക്കെതിരായി ജനങ്ങൾ സംഘടിച്ചു. ടിപ്പുസുൽത്താൻ ചില ദ്വീപുകൾ പിടിച്ചടക്കി. ചില സ്ഥലങ്ങൾ അറക്കൽ രാജകുഡും:ബത്തിൽനിന്ന് ഈസ്റ്റിൻഡ്യാ കമ്പനി ഏററുവാങ്ങി. ആ വഴിക്ക് ദ്വീപുഭരണം ബ്രിട്ടീഷുകാരുടെ കീഴിലായി. ചില ദ്വീപുകൾ കർണ്ണാടകജില്ലയുടെ മേൽനോട്ടത്തിലാണ്. തുടർന്നുള്ള ദ്വീപുഭരണത്തിന് ഒരൈക്യരൂപം ഉണ്ടാകുമെന്ന് വിശ്വസിക്കാം. 30000 ജനങ്ങൾ ഇന്ന് ലക്ഷദ്വീപിൽ അധിവസിക്കുന്നുണ്ട്.

ഈ ദ്വീപുനിവാസികൾ ക്ഷമാശീലരും സത്യസന്ധരുമാണെന്ന് കഴിഞ്ഞ കാലസംഭവങ്ങൾ തെളിയിക്കുന്നു. ന്യൂഗിനിയയിലും, പഴയ നിക്കോബറിലും നടന്നിരുന്നതുപോലെയുള്ള ഒരുതരം പ്രാകൃത ഫ്യൂഡലിസവും, പൌരോഹിത്യവുമാണ് ദ്വീപിലെ ഭരണം നിയന്ത്രിച്ചിരുന്നത്. നാട്ടിൽ പ്രതാപവാനായ ഒരു പുരോഹിതന്റെ സ്വാധികാരത്തിന്ന് കീഴിൽ ജനത ജീവിക്കണം. ധനപരമായി പ്രതാപം നടിക്കുന്ന ആളായിരിക്കും നിയമം നടത്തുക. ബ്രിട്ടീഷുകാർ തങ്ങളുടെ പിണിയാളുകളായി നില്ക്കുന്നവർക്ക് ‘‘ആമിൻ’’ സ്ഥാനവും നല്കി ജനങ്ങളെ ശ്വാസംമുട്ടിക്കുകയായിരുന്നു. ഭരണപരമായി കഴിവില്ലാത്ത പുരോഹിതന്മാരിൽ ദ്വീപിന്റെ മേൽനോട്ടം ഈസ്റ്റിന്ത്യാകമ്പനിതന്നെ ഏല്പിച്ചു. ആ പാരമ്പര്യം തുടർന്നുപോന്നു. എഴുതപ്പെട്ട നിയമങ്ങളൊന്നും ദ്വീപിൽ അടുത്തകാലം വരെയും ഉണ്ടായില്ല. പൌരോഹിത്യവും പ്രാകൃതഫ്യൂഡലിസവും ന്യൂഗിനിയയിൽ നടത്തിയിരുന്ന കിരാതഭരണത്തിന്റെ ഒരു പകർപ്പായിരുന്നു ദ്വീപുകളിൽ നടമാടിയിരുന്നതെന്ന് ബ്രിട്ടീഷ് ചരിത്രകാരന്മാർ തന്നെ സമ്മതിക്കുന്നുണ്ട്. അവഗണിക്കപ്പെട്ട ഒരു ജനതയുടെ അസംതൃപ്തജീവിതം ഒരിക്കലും സുഖപ്രദമായിരിക്കയില്ല. എല്ലാം സഹിക്കാൻ തയ്യാറായ ഒരു ജനതയെ ദ്വീപിൽ കാണാം. ഒരു പുതിയ ലോകം ദ്വീപുകാർ കണ്ടുതുടങ്ങുകയാണ്. സാംസ്ക്കാരികമാ

യും, വ്യാവസായികമായും ദ്വീപിന്ന് വളരാൻ സാഹചര്യം സൃഷ്ടിക്കുന്ന തോടൊപ്പം മൺമറഞ്ഞുപോയ ദ്വീപിന്റെ ചരിത്രത്തെപ്പററി അന്വേഷണം നടത്തുകയാണിന്നാവശ്യം. കേരളവുമായി കൂട്ടിച്ചേർത്ത് നമ്മുടെ പുരോഗ തിയുടെ പങ്കാളികളാക്കി അവരേയും ഉയർത്തുവാൻ നാം മടിക്കരുത്. ചരി ത്രാന്വേഷകർക്ക് ഈ ദ്വീപിൽനിന്ന് പലതും പഠിക്കാനുണ്ട്. കേരളചരിത്ര ത്തിലെ മഹത്തായ ഒരദ്ധ്യായം ദ്വീപിന്ന് നൽകണം. അവഗണിക്കപ്പെട്ട വർക്കും നൂററാണ്ടുകളോളം പഴക്കമുള്ള ഒരു കഥ പറയുവാനുണ്ട്. അത് ഹിന്ദുമുസ്ലീം മൈത്രിയുടെയും സർവ്വോപരി മനുഷ്യസ്നേഹത്തിന്റെയുമാ ണ്.

## The following books and periodicals have been referred to in compiling the articles in this book.


1. History of Ottaman Turks — *By Sir Edward Creosy*
2. History of Ibn Furat
3. Arab Civilization — *By J.Hell*
4. Morocco to India — *By Dr.Ashfath, African Digest Volume 3.*
5. Ibnubathutha — *By Rev.Samuel Lee*
6. Glorious Journey — *By S. Suert Reo Jerusalam Post Special (1951)*
7. History of Moorish Empire in Spain — *By P. Scott*
8. Baghdad during Ambassidors Caliphate — *By J. Lestarange*
9. The discourses of Arabian Academy — *Damascus Vol.1*
10. Universal History of the Arabs, Persians, Barbarians etc. — *By Ibulkhelthune*
11. Indian Islam — *By Titus Murray*
12. A Short History of Saracens — *By Amir Ali*

13. India and China Past & Present — *By Rahul (Patrika) Sangeerhyayan*

14. Alami and Others – An Introduction of Visitors Diary — *By Ruthel Fruid.*

15. Dutch in Kerala — *By K M Panikker*

16. Nee – Holf — *By Rev. Michel*

17. West Indies and Laccadives — *By Prof : Bilmori.*

18. Whither Aryan — *By C C Reddy*

19. Jewish Merchant Adventure — *L M Zeleski*

20. Songs of the Jews of Cochin and the Historical Significance — *By Dr. A. I.Simon*

21. Study of Tuhufathul Mujahideen — *By Dr. Jamil*

22. Vision of Ancient Kerala — *By Z-Azeez (Islamic Digest Vol.II)*

23. Memoirs of American Anthropological Association, Vol. IV.

24. History of Kerala — *By K P Padmanabha Menon Vols. I And II.*

25. കേരളചരിതം — *By ആറ്റൂർ കൃഷ്ണപിഷാരടി*

26. കൈരളി ചരിത്രസംഗ്രഹം *By കെ. രാഘവവാര്യർ*

27. കേരള മഹാചരിത്രം *By കറുപ്പംവീട്ടിൽ ഗോപാലപിള്ള*

28. പ്രാചീന കേരളം *By ശൂരനാട്ടു കുഞ്ഞൻപിള്ള*

29. രിഹ്‌ലത്തുൽ മുലൂക്ക് അഥവാ രാജാക്കന്മാരുടെ യാത്ര *പരി: പി.വി. മുഹമ്മദ് മൌലവി*